Reg. M. No. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 കർക്കടകം 4—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1955 ജൂലൈ 20 | ലക്കം 47

## ദേവാലയാങ്കണത്തിലെ വെള്ളപ്രാവ്

(റവ. ഫാദർ ലാസർ സി. ഡി.)

മറിയം ദേവാലയത്തിൽ വസിച്ച നാളുകൾ! അന്നവൾക്കു മൂന്നു വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ. എന്നാൽ ആണ്ടുകൾ ഒന്നൊന്നായി വായുവേഗത്തിൽ കടന്നുപോയി, പന്ത്രണ്ടാമത്തെ വയസ്സിൽ അവൾ എത്തിച്ചേർന്നു.

അന്നത്തെ അവളുടെ ദിനചര്യ ഏതാണ്ടു് ഇങ്ങനെയായിരുന്നു. സൂര്യോദയത്തിനുമുമ്പു നിദ്ര വിട്ടെഴുന്നേല്ക്കും. അതിവേഗത്തിൽ ദേഹശുദ്ധിവരുത്തി ഉടുത്തൊരുങ്ങി ദേവാലയത്തിൽ എത്തിക്കഴിയും. അവളുടെ വസ്ത്രം! നീലാംബരനിറത്തിലുള്ള ഒരു നെടിയ അങ്കി. അതിനുമീതെ വളരെ ഇറക്കമില്ലാത്ത ഒരു വെള്ളവസ്ത്രവും അലങ്കാരമില്ലാത്ത ഒരു അരക്കെട്ടും. പാദരക്ഷകൾ! അവയുടെ നിറം നീലിമകലർന്നതായിരുന്നു. തൂവെള്ളനിറത്തിലുള്ള ഒരു മൂടുപടം അവളുടെ മുഖാരവിന്ദത്തെ ആച്ഛാദനം ചെയ്തു.

ഇങ്ങനെയുള്ള വേഷഭൂഷണങ്ങളോടെയാണു് അവൾ സ്ത്രീകളുടെ അങ്കണത്തിൽ പ്രവേശിക്കുക. അനന്തരം മററു കന്യകകളോടുകൂടെ ബഹുമാനത്തിൻെറ ആസ്ഥാനം സ്വീകരിക്കുകയായി. ഇളംചുവപ്പുവർണ്ണത്തിലുള്ള ദേവാലയഭിത്തികൾ ഉദയസൂര്യൻെറ ചെങ്കതിർ തട്ടി നയനമോഹനമാംവണ്ണം മിന്നിത്തിളങ്ങി. നിർമ്മലമായ ആകാശപ്പരപ്പിൽ കഴുകവീരന്മാർ യഥേഷ്ടം പാറിപ്പറന്നുകൊണ്ടിരുന്നു. വിഹായസ്സിൽ ഉരുണ്ടുയർന്നിരുന്ന ധൂമപടലങ്ങൾ ദേവാലയത്തിൽ നടന്നുകൊണ്ടിരുന്ന ഹോമബലികളെ അനുസ്മരിപ്പിച്ചു. പുരോഹിതരുടെ കാഹളധ്വനി സമീപസ്ഥങ്ങളായ പർവ്വതപ്രാന്തങ്ങളിൽ മാറെറാലികൊണ്ടു.

തലകുനിഞ്ഞിരുന്നു് പ്രാർത്ഥിക്കുകയാണു് കുഞ്ഞുമേരി. എസ്ഡ്രാസിൻെറ പതിനെട്ടു പ്രാർത്ഥനകളായിരുന്നു അവൾ ഉരുവിട്ടിരുന്നതു്. അതോടൊപ്പം ഒരു മഹാകാര്യസിദ്ധിക്കുവേണ്ടിയും അവൾ തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിച്ചു. മാനവോദ്ധാരണം! എന്നാൽ ആ പരമരഹസ്യം അവൾ വഴിയായിത്തന്നെയാണു് നിറവേറുവാൻ പോകുന്നതെന്നു് ആ ബാലിക അപ്പോൾ സ്വപ്നേപി വിചാരിച്ചില്ല. "ദൈവമേ! അങ്ങേ തിരുനാമം മഹത്വീകരിക്കപ്പെടട്ടെ!" അവൾ പ്രാർത്ഥിച്ചു. "അതു് ശുദ്ധീകരിക്കപ്പെടുകയും ചെയ്യട്ടെ. പ്രപഞ്ചം അങ്ങേ കരവേലയാണല്ലോ. അങ്ങേ രാജ്യം വരണം. മാനവോദ്ധാരണം നിറവേറട്ടെ. മിശിഹായുടെ ആഗമനത്തെ ത്വരിതപ്പെടുത്തേണമെ!" "ആമ്മേൻ" ജനങ്ങൾ ഐകകണ്ഠ്യമായി ഉച്ചരിക്കും. അതിനെത്തുടർന്നു അഗ്ഗേയൂസ് പ്രവാചകൻെറ ദീർഘദർശനങ്ങളിൽ നിന്നു "ബന്ധിതരെ കർത്താവു് സ്വതന്ത്രരാക്കി" എന്നീ ഭാഗം ആലപിക്കുകയായി. പഴയനിയമകൃതികളിൽനിന്നുള്ള വായനയാണു് അനന്തരം നടക്കുക. ഏകദൈവവിശ്വാസം ശ്രോതാക്കളിൽ ദൃഢമൂലമാക്കുകയാണു് അതിൻെറ ഉദ്ദേശം. പുരോഹിതൻ ജനങ്ങളെ ആശീർവ്വദിക്കുന്നതോടെ ആ രഹസ്യപ്രാർത്ഥന അവസാനിച്ചു. കാലത്തും വൈകുന്നേരവും ഈ പ്രാർത്ഥനയും മററു ചടങ്ങുകളും ആവർത്തിച്ചുവന്നു. ദേവാലയത്തിലെ പ്രഭാതചടങ്ങുകൾക്കുശേഷം മററു ദിനചര്യകളിൽ വ്യാപൃതയാകും ആ ബാലികാപ്രസൂനം. ചിലപ്പോൾ ദേവാലയത്തിലെ തിരശ്ശീലകളേയോ, പുരോഹിതരുടെ വസ്ത്രങ്ങളേയോ മോടിപിടിപ്പിക്കുന്ന കരവേലപ്പണിയിൽ ഏർപ്പെട്ടിരിക്കും. വിചിത്രാലങ്കാരപ്പണികളോടുകൂടിയ തുണിത്തരങ്ങൾ നെയ്തുകൊണ്ടിരിക്കുന്ന അവസരങ്ങളും വിരളമായിരിക്കയില്ല.

ദേവാലയജീവിതാവസരം ആ ബാലികമാർക്കു് അദ്ധ്യയനാവസരവും കൂടെയായിരുന്നു. സങ്കീർത്തനങ്ങൾ, സോളമൻെറ പ്രഭാഷണങ്ങൾ, ദീർഘദർശികളുടെ പ്രവചനങ്ങൾ എന്നിവ വ്യാഖ്യാനിച്ചുകൊടുക്കുവാൻ അദ്ധ്യാപകരുണ്ടായിരുന്നു. അദ്ധ്യേതാക്കളായ കന്യകമാർ അവയിൽ പലതും മനഃപാഠം പഠിക്കുവാൻ നിർബ്ബന്ധിതരാണു്. സീനൈമലയിൽ മരതകക്കൽപ്പലകയിൽ പത്തുപ്രമാണങ്ങൾ രേഖപ്പെടുത്തിയ ഭാഷ! ഹിബ്രു! അതു മറിയത്തിനറിയാമായിരുന്നു വെന്നാണു് ചില പണ്ഡിതന്മാരുടെ അഭിപ്രായം. രക്ഷകനെക്കുറിച്ചുള്ള മുന്നറിയിപ്പുകളും അടയാളങ്ങളും മറിയത്തിനറിയാമായിരുന്നുവോ? മിക്കവാറും അവയിൽ പലതും അറിയാമായിരുന്നു എന്നുവേണം വിചാരിക്കുവാൻ.


ST. ANNE AND THE BLESSED VIRGIN MARY

### കുഞ്ഞുമേരിയുടെ അമ്മയായ വിശുദ്ധ അന്ന

(അന്നാളുമ്മായുടെ തിരുനാൾ ജൂലൈ 26)

മലാഖി, ദീർഘദർശനത്തിൽ ഒരു ബലിവസ്തുവിനെ കാണുകയുണ്ടായി. മറിയത്തിൻെറ സാദൃശമായിരുന്നു അതു്. സൗന്ദര്യം, യൗവ്വനം, കുലീനത്വം എന്നിവ അവളിൽ അന്നു് ഒത്തിണങ്ങി പ്രശോഭിച്ചു. എപ്പിഫാനിയൂസ് പരി. മറിയത്തിൻെറ ഒരു തൂലികാചിത്രംവരച്ചുവച്ചിട്ടുള്ളതു നോക്കാം. "സാധാരണയിൽ കവിഞ്ഞു് മറിയത്തിനു അല്പം ഉയരം കാണും. വിളഞ്ഞ ഗോതമ്പുമണികളുടേതുപോലെ സ്വർണ്ണമയമായിരുന്നു അവളുടെ ദേഹകാന്തി. മിനുമിനുപ്പുള്ള കേശഭാരം! സജീവനേത്രങ്ങൾ! അല്പം പച്ചകലർന്ന തവിട്ടുനിറം കൃഷ്ണമണികളെ അതിമാത്രം സുന്ദരങ്ങളാക്കിത്തീർത്തു. കറുത്തിണങ്ങി വില്ലുപോലെ വളഞ്ഞ പുരികക്കൊടികളാണു് അവൾക്കുണ്ടായിരുന്നതു്. രാജാളിപ്പക്ഷിയുടെ കൊക്കുപോലെ അല്പം വളഞ്ഞു് സുന്ദരമായിരുന്നു നാസികാഗ്രം. അണ്ഡാകൃതിയിലുള്ള മുഖവും, റോസ് ദളങ്ങളെ വെല്ലുന്ന ചെഞ്ചുണ്ടുകളും, നീണ്ടുനേർത്ത കരവല്ലികളും വിരലുകളും അവളുടെ സൗന്ദര്യത്തിനു വളരെ മാററുകൂട്ടി." എന്നാൽ ഇവയെല്ലാം അവളുടെ ആത്മീയസൗന്ദര്യത്തിൻെറ ഒരു നിഴൽ മാത്രമായിരുന്നു, സംശയമില്ല.

മറിയത്തിൻെറ ആത്മീയസൗന്ദര്യം വർണ്ണിച്ചുകൊണ്ടു് വി. അംബ്രോസീസ് പറയുന്നു: "മറിയത്തിൻേറതുപോലെ അത്ര ഉന്നതമായ ധ്യാനാത്മപ്തി ലഭിച്ചവർ ആരും തന്നെ ഉണ്ടായിരിക്കയില്ല. അവളുടെ ബുദ്ധിയും മനസ്സും പൂർണ്ണൈക്യതയിലത്രെ വർത്തിച്ചിരുന്നതു്. അവളുടെ ദൈവസ്നേഹം! അതു വാനാത്മപികൾ എല്ലാവരുടേയും സ്നേഹം ഒന്നിച്ചു ചേർത്താൽ കിട്ടുന്ന ആകത്തുകയെ അതിശയിക്കുന്നതാണു്. അവളുടെ ജീവിതം ഇടമുറിയാത്ത ദൈവസ്നേഹപ്രകരണമായിരുന്നു എന്നു പറയാം. ശരീരം നിദ്രയിലിരിക്കുമ്പോഴും അവളുടെ ഹൃദയം ഉണർന്നിരുന്നു പ്രാർത്ഥിക്കയായിരുന്നു."

ഇങ്ങനെയുള്ള ഒരു ആത്മാവിൻെറ ദേവാലയജീവിതത്തെപ്പററി എന്തു പറയട്ടെ. അവൾ പലപ്പോഴും ധ്യാനിച്ചു. ആകർഷണീയമായ ബോധയടക്കവും ആശ്ചര്യകരമായ ചിന്താശീലവും അവളുടെ പ്രാർത്ഥനയുടെ മാററു വർദ്ധിപ്പിച്ചു. അവളുടെ ആത്മാവു് അത്യുന്നതൻെറ തിരുമുമ്പിൽ സദാ ആരാധനാനിരതമായി കാണപ്പെട്ടു. അവളുടെ പ്രതിനിമിഷാഭ്യാസമായിരുന്നു ത്യാഗം. മറിയംഅദ്ധ്വാനിച്ചു. വളരെ അദ്ധ്വാനിച്ചു. അത്യദ്ധ്വാനംആവശ്യപ്പെടുന്നതായിരുന്നു വല്ലോ അവളുടെ ജീവിതസാഹചര്യങ്ങ

# ബഥനിപ്രസ്ഥാനം

(C. K. Kulam)

പമ്പയുടേയും കക്കാടന്റേയും സംഗമസ്ഥാനത്തുനിന്നു പൂർവ്വദിക്കിലേക്കു കണ്ണോടിച്ചാൽ കാണാം ഉയർന്നുപൊന്തിനില്ക്കുന്ന ഒരു "മുണ്ടൻ"മല. സൃഷ്ടികർത്താവിന്റെ മഹിമാതിശയത്തെ ഉച്ചൈസ്തരം ഉത്ഘോഷിക്കുന്ന പ്രകൃതിസൗന്ദര്യത്തെ കൺകുളിക്കെ കാണാം അവിടെ എത്തിയാൽ. ഒരു പത്തൻപതുവർഷത്തിനപ്പുറത്തു് ആ ഭാഗങ്ങൾ മനുഷ്യാധിവാസയോഗ്യമായിരുന്നില്ല. സ്വച്ഛന്ദം സഞ്ചരിച്ചിരുന്നു വന്യമൃഗങ്ങൾ അവിടങ്ങളിൽ. വേട്ടയ്ക്കു പററിയ സ്ഥലം. വെട്ടിത്തെളിച്ച തേയില, റബർ, കുരുമുളകുവല്ലി മുതലായതു കൃഷിചെയ്യാൻ ഉതകിയ മണ്ണും കാലാവസ്ഥയും അവിടെയുണ്ട്. കേരളത്തിലെ പ്രസിദ്ധിപെററ റബർ ത്തോട്ടങ്ങൾ ഇവിടെ അടുത്താണ്. പെരുമൺ, ളാഹ, ചിററാർ, കുറുങ്ങാൽ മുതലായവ. ശബരിമല തീർത്ഥാടകരായ അയ്യപ്പന്മാർ ഇതുവഴിയായിരുന്നു പൊയ്ക്കൊണ്ടിരുന്നതു്. ഇവിടെ അടുത്തു ഒരു അമ്പലവും കുറേ ഹിന്ദുക്കളും പൂർവ്വകാലംമുതലേ ഉണ്ടായിരുന്നു.

"എം. എ. അച്ചൻ" സെറാമ്പൂർ കോളേജിൽനിന്നും നാട്ടിലേക്കു തിരിച്ചു. കേരളയാക്കോബായസഭയിലെ ഒരു സജീവനാഡിയായി അദ്ദേഹം പ്രവർത്തിച്ചുപോന്നു. അഭിവൃദ്ധിയുടെ കണികയെങ്കിലും കാണാൻ കഴിഞ്ഞില്ലായെന്നതു് അദ്ദേഹത്തെ തികച്ചും നിരാശനാക്കി. കാതോലിക്കാസ്ഥാപനംകൊണ്ടു് കേരളീയരുടെ ശക്തിയെ വീണ്ടെടുക്കാമെന്നു അദ്ദേഹം വിചാരിച്ചു. ഒന്നിനുപിറകെ ഒന്നായി വന്നുകൊണ്ടിരുന്ന വ്യവഹാരക്കൊടുങ്കാററു് ശമിച്ചിട്ടു് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. കാതോലിക്കാപക്ഷീയരെല്ലാം മുടക്കപ്പെട്ടു. അവരുടെ കൈവശമായിരുന്ന പള്ളികളും സ്വത്തുക്കളും പാത്രിയർക്കീസ്പക്ഷത്തേക്കു ചേരേണ്ടതാണെന്നു വിധിയുണ്ടായി. വൈദികരും വൈദികമേലദ്ധ്യക്ഷരും നിരാശ്രയരായിരിക്കുന്ന സന്ദർഭത്തിലാണു് മാർ ഈവാനിയോസ് തിരുമേനിക്കു ഒരു ബുദ്ധിയുദിച്ചതു്. സഭയുടെ കെട്ടുപാടിനു ശ്രമിക്കുന്ന ഒരാൾ ആദ്ധ്യാത്മികകാര്യങ്ങൾക്കു കൂടുതൽ ശ്രദ്ധ ചെലുത്തിയേ മതിയാവൂ. അതുകൊണ്ടു ലോകകാര്യവ്യഗ്രരല്ലാത്ത കുറേ വൈദികർ സഭയുടെ ആദ്ധ്യാത്മികമണ്ഡലത്തിൽ പ്രവർത്തനനിരതരായിരുന്നേ കഴിയൂ. അപ്രകാരമുള്ള ആലോചനയുടെ പരിണതഫലമായിരുന്നു ബഥനിപ്രസ്ഥാനം.


സമുദായത്തെ അലട്ടിക്കൊണ്ടിരുന്ന വ്യവഹാരകേതുവിൽനിന്നും സ്വതന്ത്രരായി മലങ്കരയാക്കോബായസഭയുടെ സ്വത്തുക്കളുമായി സംബന്ധപ്പെടാതെ ഔദാര്യനിധികളായ സജ്ജനങ്ങളുടെ സഹായത്താൽ പരിപോഷിപ്പിക്കപ്പെട്ട ഒരു നവീനസരണി. പ്രാർത്ഥനാനിരതരായ കുറേ യുവാക്കൾ അവരുടെ ശാരീരികപോഷണത്തിനു ഇതരരുടെ കൈത്തുന്ന സഹായം അവലംബമാക്കി ബഥനിയിലെത്തി. പുരുഷന്മാർ മാത്രമല്ല സ്ത്രീകളും. ഈ രണ്ടു പ്രസ്ഥാനവും കേരളയാക്കോബായസഭയിൽ പുതുതായിരുന്നു.

അങ്ങനെ 1918-ൽ പെരുനാട്ടിലെ ബഥനിആശ്രമം രൂപം കൊണ്ടു. എം. എ. അച്ചൻതന്നെ അതിന്റെ ശ്രേഷ്ഠനും. സന്മനസ്സുള്ള സമാധാനപ്രിയർ ബഥനിപ്രസ്ഥാനത്തെ ഉള്ളഴിഞ്ഞു സ്നേഹിച്ചു. അചിരേണ ബഥനി പ്രകീർത്തിതവുമായി. ബഥനിയുടെ ശ്രേഷ്ഠൻ 1926-ൽ മെത്രാനായി അഭിഷേചിക്കപ്പെട്ടു. സമീപദേശത്തുനിന്നും വിദൂരസ്ഥലങ്ങളിൽനിന്നും അനേകർ അവിടെയെത്തി; പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനുമായി. പീഡാനുഭവവാരങ്ങളിൽ പ്രത്യേകശുശ്രൂഷകളും പ്രസംഗങ്ങളും നടത്തപ്പെട്ടു. അതിൽ അനേകർ സംബന്ധിച്ചു; ജീവിതനവീകരണത്തിനും ആത്മശോധനയ്ക്കുമായി.

ക്രമേണ വെള്ളിദീപം അവരിൽ പ്രകാശക്കതിർ പരത്തി. സഭയുടെ കേടുകളും കെടുതികളും അവർ അന്വേഷിച്ചു കണ്ടുപിടിച്ചു. ചരിത്രപക്ഷങ്ങളിൽ മറഞ്ഞുകിടന്നതും തെളിഞ്ഞുകണ്ടതുമായതെല്ലാം കൂട്ടിച്ചേർത്തപ്പോൾ രോഗമെന്തെന്നു മനസ്സിലായി. ചികിത്സ എളുപ്പമാണല്ലോ രോഗഹേതു മനസ്സിലായാൽ. ബുദ്ധിപൂർവ്വം ജീവിച്ചു് നരകത്തിൽ പോകുന്നതിനേക്കാൾ ഭോഷനായി ജീവിച്ചു് സ്വർഗ്ഗത്തിൽ പോകയല്ലേ നല്ലതു്? എങ്കിൽ അതിലും എത്രയോ ഉപരി ശ്രേഷ്ഠമാണു് ബുദ്ധിപൂർവ്വം ജീവിച്ചു് സ്വർഗ്ഗത്തിലെത്തുക.

അത്ര എളുപ്പമായിരുന്നില്ല അവർക്കു തങ്ങളുടെ അറിവിനനുസരണം പ്രവർത്തിക്കുവാൻ. കേരളത്തിലെ മെത്രാന്മാരോടു പലരോടും ആലോചിച്ചു. പലരും സമ്മതിച്ചു; ഇപ്പോഴത്തെ കാതോലിക്കാബാവാ ഉൾപ്പെടെ. മാർ ഈവാനിയോസ് തിരുമേനിയെ അവർ ചുമതലപ്പെടുത്തി കാര്യനിർവ്വാഹകനായി. എഴുത്തുകുത്തുകൾ നടന്നു. റോമിലേക്കും അന്ത്യോഖ്യയിലേക്കും. തർക്കസാകളും മററും പരിശോധിച്ചു. ത്യാജ്യഗ്രാഹ്യങ്ങൾ കണ്ടുപിടിച്ചു. അവരുടെ നിഷ്കളങ്കമായ പ്രാർത്ഥനയുടെ ഫലം അലരണിയുവാൻ പോകുന്നു. "ഹാ! കേസ്സ് ജയിച്ചല്ലോ. ഇനി നാമെന്തിനു കത്തോലിക്കാസഭയിൽ ചേരണം" അതായിരുന്നു ചിലർക്കു തോന്നിയ ബുദ്ധി. "യാക്കോബായസഭയേയും അതിന്റെ സമ്പത്തിനേയും വിട്ടുപേക്ഷിക്കണമല്ലോ" ലോത്തിന്റെ ഭാര്യയെപ്പോലെ ചിലർ ഖേദപൂർവ്വം പറഞ്ഞുകൊണ്ടു തിരിഞ്ഞുനിന്നു. "ചാകുമ്പോൾ ഇതുവല്ലതും കൊണ്ടുപോകുമോ?" ധീരനായ ആ മനീഷി ചോദിച്ചുകൊണ്ടു് ഇറങ്ങിപ്പോന്നു.

അചിരേണ ചിരകാലപ്രാർത്ഥിതമായ ആ പ്രസ്ഥാനം ഉടലെടുത്തു, പുനരൈക്യപ്രസ്ഥാനം. "ബഥനി"യുടെ സ്ഥാപകൻതന്നെ അതിന്റേയും പ്രണേതാവായി ഭവിച്ചു. വളരെക്കാലത്തേക്കു് പുനരൈക്യപ്പെട്ടവരെ ബഥനിക്കാർ എന്നാണു് വിളിച്ചുവന്നിരുന്നതു്. ബഥനിപ്രസ്ഥാനത്തിൽ സഹകരിച്ചതുപോലെതന്നെ പുനരൈക്യപ്രസ്ഥാനത്തിലും തിരുമേനിക്കു് അനുയായികളുണ്ടായി. മെത്രാന്മാരും വൈദികരും സന്യാസിനികളും വിശ്വാസികളുടെ ഗണവും നാൾക്കുനാൾ അവിടെ വർദ്ധിച്ചു. ഇതു പുനരൈക്യജൂബിലിവർഷമാണു്. പുനരൈക്യമുന്നോടികളിൽ പ്രമുഖൻ നിത്യസമ്മാനത്തിനായി പൊയ്ക്കഴിഞ്ഞു 1953 ജൂലൈ 15 നു.





For favours received
Excuse for delay
V. V. Lukose

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.
K. M. J.
Changanacherry

ൾ. കാരുണ്യപ്രവൃത്തികൾക്കായ് കൊടുക്കേണ്ടിവരുന്ന വില അവൾ പരിഗണിച്ചതേ ഇല്ല. ദരിദ്രരുടെ സാധാരണ വസ്ത്രമാണു് അവൾ എപ്പോഴും ധരിച്ചിരുന്നതു്. ലഘുഭക്ഷണംകൊണ്ടു് അവൾ തൃപ്തിപ്പെട്ടു. തീക്കനലിൽ ചുട്ടെടുത്ത അല്പം അപ്പവും കൈപ്പുള്ള സസ്യങ്ങളും പച്ചവെള്ളവുമായിരുന്നു അവളുടെ ഭക്ഷണം.

ഇങ്ങനെയെല്ലാം ഇരുന്നാലും അവൾ പൊൻപുലരിപോലെ സന്തുഷ്ടയായിരുന്നു. വരുവാനിരുന്ന ദുരിതങ്ങളെ സഹിക്കുവാൻ വേണ്ടത്ര തഴക്കം സമ്പാദിക്കയായിരുന്നു, ആത്മശക്തി സംഭരിക്കയായിരുന്നു, ചെറുബാലികയായി ദേവാലയത്തിൽ ജീവിച്ചിരുന്ന കൊച്ചു മേരി.

## നവദമ്പതികൾ



തൃശ്ശൂർ എ. എസ്. പി. ഡബ്ളിയു. എം. ഡിക്രൂസ് അവർകളുടെ പുത്രി കുമാരി ഹെലനും, അഴീക്കൽ മി. കെ. ജെ. ആൻറണിയുടെ പുത്രനും ഇന്ത്യാഗവർമ്മെൻറിലെ ഒരു ഉദ്യോഗസ്ഥനുമായ മി. പീയൂസും.

തിരുസഭാചരിത്രം 76

# തിരുസ്സഭ 4-ം 5-ം ശതാബ്ദങ്ങളിൽ

## ക്രിസ്തീയസ്നേഹം

[പ്രൊഫസർ പി. ററി. തോമസ് എം. എ.]

ഇന്നു ലോകത്തിൽ കാണുന്ന ജീവകാരുണ്യപരമായ എല്ലാ പ്രവർത്തനങ്ങളുടെയും സ്ഥാപനങ്ങളുടെയും ഉത്ഭവസ്ഥാനം ക്രിസ്തുമതമാണെന്നു പറയുന്നതിൽ തെററില്ല. ക്രിസ്തു ലോകത്തിനു നൽകിയ പ്രമാണസംഹിതയിൽ സ്നേഹത്തിനായിരുന്നു പ്രഥമസ്ഥാനം. ക്രിസ്തീയവിശ്വാസത്തിന്റെ ഉരകല്ലാണു് പരസ്നേഹം. സഹോദരനുവേണ്ടി സ്വജീവനെ ബലികഴിക്കുക എന്നതിനേക്കാൾ ശ്രേഷ്ഠമായ ഒരു ത്യാഗം മനുഷ്യനു വിഭാവന ചെയ്യുവാൻ സാദ്ധ്യമല്ലെന്നു ക്രിസ്തു ഉദ്ബോധിപ്പിച്ചു. മനുഷ്യസ്നേഹം കൂടാതെയുള്ള ദൈവസ്നേഹം ആത്മവഞ്ചനയാണെന്നു് ക്രിസ്തുമതം ഉപദേശിക്കുന്നു.

ആദിമക്രിസ്ത്യാനികൾ പരസ്പരം സ്നേഹിക്കുക എന്ന ക്രിസ്തുവിന്റെ പ്രമാണത്തെ ശിരസാവഹിക്കുകയും അതിനെ ജീവിതത്തിന്റെ എല്ലാ സരണികളിലും പ്രായോഗികമാക്കുകയും ചെയ്തു. സാധുക്കളെയും രോഗികളെയും അശരണരേയും സഹായിക്കുന്നതിലും അവരുടെ ക്ലേശഭാരം ലഘൂകരിക്കുന്നതിലും അവർ ബദ്ധശ്രദ്ധരായിരുന്നു. പാശ്ചാത്യദിക്കിൽ പൊതുവേയും റോമാനഗരത്തിൽ പ്രത്യേകിച്ചും ദേവാലയങ്ങളുടെ വരുമാനങ്ങളിൽ ഒരു ഭാഗം സാധുജനസംരക്ഷണത്തിനായി നീക്കിവയ്ക്കപ്പെട്ടിരുന്നു. റോമാസാമ്രാജ്യം തിരുസ്സഭയെ നിയമവിരുദ്ധമായ ഒരു സംഘടനയായി പരിഗണിച്ചിരുന്ന കാലത്തു് സാധുജനസേവനത്തിനും ആതുരസംരക്ഷണത്തിനും വേണ്ടിയുള്ള സ്ഥാപനങ്ങൾ സമാരംഭിക്കുവാൻ അവൾക്കു് സാദ്ധ്യമായിരുന്നില്ല. എന്നാൽ പീഡനങ്ങൾ അവസാനിക്കുകയും സഭയ്ക്കു സ്വാതന്ത്ര്യം കൈവരികയും ചെയ്തതോടുകൂടി മെത്രാന്മാർ സംഘടനകളും സ്ഥാപനങ്ങളും മുഖേനയുള്ള പരസ്നേഹപ്രവർത്തനങ്ങളിൽ ജാഗരൂകരായിത്തീർന്നു. അശരണരായ വിദേശികൾക്കും, ദരിദ്രർക്കും, രോഗികൾക്കും, അനാഥശിശുക്കൾക്കും അഭയംനൽകുന്ന ആതുരഭവനങ്ങൾ മെത്രാന്മാരുടെ രക്ഷാകർത്തൃത്വത്തിൽ എല്ലായിടത്തും സ്ഥാപിതമായി. വി. ബേസിൽ സീസേറിയായിൽ സ്ഥാപിച്ചു നടത്തിവന്ന വൻപിച്ച ആശുപത്രിയെപ്പററി ഇതിനുമുൻപു് പ്രസ്താവിച്ചിട്ടുണ്ടു്. വി. ക്രിസോസ്റ്റോം തന്റെ പള്ളിയുടെവരുമാനങ്ങളിൽ സിംഹഭാഗവും പഴയ ആശുപത്രികൾ ഉദ്ധരിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനുംവേണ്ടി ചിലവഴിച്ചു. നോളായിലെ വി. പോളീനൂസ് (St Paulinus of Nola) സാധുക്കൾക്കും, രോഗികൾക്കും വിധവകൾക്കും വേണ്ടി ഒരു ആശുപത്രി സ്ഥാപിക്കുകയുണ്ടായി. അവിടെ രോഗചികിത്സയ്ക്കു പുറമേ ആതുരസംരക്ഷണവുംകൂടി നടത്തപ്പെട്ടിരുന്നു. ചുരുക്കിപ്പറഞ്ഞാൽ സാധുജനസംരക്ഷണത്തേ ഉദ്ദേശിച്ചുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ നടത്താത്തതായി ഒരുമെത്രാസനനഗരവും അക്കാലത്തു് ഇല്ലായിരുന്നു.

വൈദികാധികാരികളെപ്പോലെതന്നെ അൽമായരും പരസ്നേഹപ്രവൃത്തികളിൽ അതീവതല്പരരായിരുന്നു. വി. ജറോമിന്റെ സുഹൃത്തായിരുന്ന ഫബിയോളയാണു് റോമാനഗരത്തിൽ ആദ്യമായി ഒരു ആശുപത്രി സ്ഥാപിച്ചതു്. ആ ധർമ്മിഷ്ഠതന്നെ പമാച്ചിയൂസ് (Pammachius) എന്നുപേരായ ഒരു സെനററുടെ (Senator) പിൻതുണയോടുകൂടി ടൈബർ നദീമുഖത്തു് ദരിദ്രരായ കടൽസഞ്ചാരികൾക്കുവേണ്ടി ഒരു വിശ്രമഭവനവും പണികഴിപ്പിക്കയുണ്ടായി. പമാച്ചിയൂസ് തന്റെ ഭാര്യയുടെ മരണശേഷം അവളുടെ അവകാശവഴിക്കു് ലഭിച്ച സ്വത്തു മുഴുവൻ സാധുക്കൾക്കും രോഗികൾക്കുമായി വീതിച്ചു കൊടുത്തു.

മെലാനിയാ (Melania) എന്നു പേരായ റോമൻ പ്രഭ്വിയുടെ ദയാലുത്വവും ദീനാനുകമ്പയും ഏററം സ്തുത്യർഹമായിരുന്നു. ഒരു പ്രഭുകുടുംബത്തിലെ വൻപിച്ച സ്വത്തിന്റെ ഏക അവകാശിയായിരുന്നു അവൾ. കുലീനനും ധനാഢ്യനുമായ പിനിയാനൂസ് (Pinianus) എന്ന ആളെ അവൾ ഭർത്താവായി സ്വീകരിച്ചു. അവർക്കു ജനിച്ച രണ്ടു സന്താനങ്ങളും അകാലമൃത്യുവിന്നിരയായി. അതിനുശേഷം ഈ ദമ്പതികൾ പരസ്നേഹപ്രവൃത്തികൾക്കായി അവരുടെ ജീവിതം ഉഴിഞ്ഞുവച്ചു. വീരോചിതമായ ആത്മപരിത്യാഗവും സേവനസന്നദ്ധതയും അവരുടെ ജീവിതത്തെ ധന്യമാക്കി. അനുദിനം അവർ രോഗികളെ സന്ദർശിക്കുകയും അവരെ ശുശ്രൂഷിക്കയും ചെയ്തുകൊണ്ടിരുന്നു. അഗതികളായ വിദേശികൾക്കു് അവരുടെ ഭവനം ഒരു അഭയസ്ഥാനമായിരുന്നു. അവരെ സ്നേഹപുരസ്സരം സ്വീകരിക്കയും പിരിഞ്ഞുപോകുമ്പോൾ അവർക്കു വിലപിടിച്ച സമ്മാനങ്ങൾ നൽകുകയും ചെയ്തിരുന്നു. ഇററലിയുടെ വിവിധ പ്രവിശ്യകളിലുള്ള ജയിലുകളും ലോഹഖനികളും ഈ ദമ്പതികൾ സന്ദർശിച്ചു. ഋണബാദ്ധ്യതമൂലം ആരെങ്കിലും തടവുശിക്ഷ അനുഭവിക്കുന്നു എന്നു കണ്ടാൽ അവർ ഉടൻതന്നെ കടംവീട്ടി ആ ദുർഭഗരെ വിമോചിപ്പിച്ചിരുന്നു. അവരുടെ രാജോചിതമായ അരമനയുടെ കവാടം ഒരിക്കലും സാധുക്കളുടെ നേരെ അടയ്ക്കപ്പെട്ടിരുന്നില്ല. ഒടുവിൽ അവരുടെ വസ്തുവകകൾ മുഴുവൻ അവർ വില്ക്കുവാൻ തുടങ്ങി. സ്വത്തിന്റെ വൈപുല്യം നിമിത്തം അവയെല്ലാം വിററഴിക്കുന്നതുതന്നെ വളരെ കുഴപ്പം പിടിച്ച ഒരു പണിയായിരുന്നു. അതിനുവേണ്ടി അവർക്കു് സാമ്രാജ്യത്തിലെ ഉദ്യോഗസ്ഥന്മാരുടെ സഹായം തേടേണ്ടിവന്നു. വിററുകിട്ടിയ പണം മുഴുവൻ അവർ ദൈവാലയങ്ങളും സന്യാസാശ്രമങ്ങളും, ആശുപത്രികളും പണികഴിപ്പിക്കുന്നതിനായി വിനിയോഗിച്ചു. അതിനുശേഷം അവർ യറുശലേമിലേക്കു ഒരു തീർത്ഥയാത്ര കഴിച്ചു. അവിടെവച്ചു് കൈവശം ശേഷിച്ചിരുന്ന സ്വർണ്ണവും വെള്ളിയും സാധുക്കൾക്കു ദാനം ചെയ്തു. അവരുടെ അഭിലാഷമനുസരിച്ചു് അഗതികളുടെ രജിസ്റ്ററിൽ അവരുടെ പേരുകൾ ചേർക്കപ്പെടുകയും ഉണ്ടായി. മെലാനിയാ അവളുടെ ശിഷ്ടജീവിതം ഒരു ആശ്രമത്തിന്റെ ഏകാന്തതയിൽ കഴിച്ചുകൂട്ടി. വേദപുസ്തകപാരായണത്തിൽ അവൾക്കു മതിവരാത്ത ഔൽസുക്യം ജനിച്ചു. അതിൽ അവളുടെ ഹൃദയം ആമഗ്നമായി. വിശുദ്ധഗ്രന്ഥപാനത്തിൽനിന്നുണ്ടായ ആ

## വത്തിക്കാനിലെ ഇൻഡ്യൻ അമ്പാസിഡർ

പരിശുദ്ധ സിംഹാസനത്തിങ്കൽ ഇൻഡ്യാഗവമെൻറിന്റെ പുതിയ പ്രതിനിധിയായ ഡോ. മോഹൻസിൻഹ മേഹ്ത്താ ഈ മാസം 5-ാം തീയതി പരിശുദ്ധ പിതാവിനെ സന്ദർശിച്ച് ഇൻഡ്യൻ പ്രസിഡൻറ് ഡോക്ടർ രാജേന്ദ്രപ്രസാദിൽനിന്നും ഈ പുതിയ നിയമനത്തെ പരിശുദ്ധ പിതാവിനെ അറിയിച്ചുകൊണ്ടു നൽകിയ രേഖകൾ (Credentials) മാർപ്പാപ്പാ തിരുമനസ്സിലേക്കു സമർപ്പിക്കുകയുണ്ടായി. വത്തിക്കാൻ പട്ടാളപരിവാരങ്ങളാൽ അകമ്പടിസേവിതനായി പുതിയ ഇൻഡ്യൻ അമ്പാസിഡർ പ. പിതാവിന്റെ വസതിയിലെത്തിയപ്പോൾ വത്തിക്കാൻ സെക്രട്ടറിയേററിലെ പ്രമുഖാംഗങ്ങൾ അദ്ദേഹത്തെ സ്വീകരിച്ച് പ. പിതാവ് പ്രത്യേകസന്ദർശകരെ സ്വീകരിക്കുന്ന മുറിയിലേക്കു കൊണ്ടുപോയി. ഏതാനും നിമിഷങ്ങൾക്കുള്ളിൽ പ. പിതാവ് സന്ദർശനശാലയിൽവന്നു് പുതിയ ഇൻഡ്യൻ പ്രതിനിധിയുമായി സന്ദർശനമാരംഭിച്ചു. ഏകദേശം അരമണിക്കൂർ നീണ്ടുനിന്ന സന്ദർശനവേളയിൽ ഇൻഡ്യൻ അമ്പാസിഡർ പരിശുദ്ധ സിംഹാസനത്തോടു തനിക്കും തന്റെ രാജ്യത്തിനുമുള്ള സ്നേഹബഹുമാനാദരവുകൾ പ്രകാശിപ്പിക്കയും അതിനു മറുപടിയായി പ. പിതാവു പ്രകീർത്തിതമായ ഇൻഡ്യാമഹാരാജ്യത്തിലെ ജനതയ്ക്കും, ഇൻഡ്യൻ പ്രസിഡൻറവർകൾക്കും പ്രധാനമന്ത്രിക്കും തന്റെ അനുഗ്രഹാശിസ്സുകൾ നേരുകയും ചെയ്തതായി ഒസ്സർവത്തോരെ റൊമാനോ റിപ്പോർട്ടുചെയ്തിരുന്നു. വത്തിക്കാൻ ഔദ്യോഗികപത്രമായ ഒസ്സർവത്തോരെയിൽ പുതിയ അമ്പാസിഡരുടെ സന്ദർശനവേളയിൽ എടുത്ത ഫോട്ടോകൾ പ്രസിദ്ധം ചെയ്തിരുന്നതു കൂടാതെ അദ്ദേഹത്തിന്റെ സംഭവബഹുലമായ ജീവചരിത്രത്തിന്റെ ഒരു ചുരുക്കവും കൊടുത്തിരുന്നു.

പ. പിതാവിനെ സന്ദർശിച്ചശേഷം പിറേറദിവസം അമ്പാസിഡർ അവർകൾ സെക്രട്ടറിമാ

---

വേശംമൂലം അവൾ ആ ഗ്രന്ഥം മുഴുവൻ പലവട്ടം പകർത്തി എഴുതുകപോലും ചെയ്തു.

പരസ്നേഹപ്രവൃത്തികൾക്കായുള്ള അനവധി സ്ഥാപനങ്ങൾക്കു രൂപംകൊടുത്തു എന്നുള്ളതുമാത്രമല്ല സഭയുടെ നേട്ടം. മനുഷ്യഹൃദയങ്ങളിൽ സ്നേഹത്തിന്റെ ഒരു വേലിയേററം സൃഷ്ടിക്കയും സാമൂഹ്യമായ ഉച്ചനീചത്വങ്ങൾക്ക് അതീതമായ ഒരു സാഹോദര്യബന്ധത്തിനു് അടിസ്ഥാനമിടുകയും ചെയ്തു എന്നുള്ളതാണ് സർവ്വപ്രധാനമായ നേട്ടം. അഗതിയായ ഒരു രോഗിയെ ശുശ്രൂഷിക്കുക എന്നതു് ഒരു ബഹുമതിയായി അന്നത്തെ ക്രിസ്ത്യാനികൾ പരിഗണിച്ചിരുന്നു. വി. ബേസിൽ, നസിയാൻസസിലെ വി. ഗ്രീഗരി മുതലായ മെത്രാന്മാർ കൃത്യാന്തരബാഹുല്യത്തിനിടയിലും സാധുക്കളായ രോഗികളെ ശുശ്രൂഷിക്കുകയും ആശ്വസിപ്പിക്കയും ചെയ്യുന്നതിൽ ബദ്ധശ്രദ്ധരായിരുന്നു. മഹാനായ തിയൊഡോഷ്യസ് (Theodosius the Great) ചക്രവർത്തിയുടെ രാജ്ഞിയായ ഫ്ളാക്കില്ലാ (Flaccilla) കുടിലുകളിലും ആശുപത്രികളിലും കയറിച്ചെന്നു് ആതുരശുശ്രൂഷ ചെയ്യുന്ന കാഴ്ച അക്രൈസ്തവരായ പ്രേക്ഷകരെ അമ്പരപ്പിച്ചിട്ടുണ്ടാവണം. ക്രിസ്തീയസ്നേഹത്തിന്റെ അജയ്യമായ ശക്തി!

# പ്രധാനമന്ത്രിയുടെ റോമാസന്ദർശനം

(പി. ജോസഫ്, റോം)

തുമൊന്നിച്ച് പ്രൊപ്പഗാന്താ കോളേജിന്റെ വേനല്ക്കാലാസ്ഥാനമായ കാസ്റ്റൽഗണ്ടോൾഫോയിലെത്തി ഇൻഡ്യൻ വിദ്യാർത്ഥികളെ സന്ദർശിച്ചു. കോളേജുറെക്റ്റർ മോൺ. ചെഞ്ചി അവർകളും 40 ൽപ്പരം വരുന്ന ഇൻഡ്യൻ വിദ്യാർത്ഥികളും അമ്പാസിഡറെ കോളേജിലേക്കു സ്വീകരിച്ചു. രണ്ടുമണിക്കൂർ വിദ്യാർത്ഥികളുമായി സംഭാഷണംനടത്തി. ഇൻഡ്യയിലെ വിശേഷങ്ങളെല്ലാം വിദ്യാർത്ഥികൾ ചോദിച്ചറിഞ്ഞു. പരി. പിതാവിന്റെ വ്യക്തിമാഹാത്മ്യത്തെ അമ്പാസിഡർ അവർകളും സെക്രട്ടറിമാരും പുകഴ്ത്തുകയുണ്ടായി.

അമ്പാസിഡറവർകളുടെ പ്രൈവററ് സെക്രട്ടറി മലബാർ സ്വദേശിയായ എൻ. കെ. നായരവർകളാണ്. അദ്ദേഹവും പ. പിതാവിനെ സന്ദർശിച്ചവേളയിൽ തനിക്കുണ്ടായ ആത്മീയാനന്ദത്തെക്കുറിച്ചു പറയുകയുണ്ടായി. മലയാളം സംസാരിക്കുന്ന ഇത്രയധികംപേരെ കോളേജിൽ കാണാനൊത്തതിൽ തനിക്കു വലിയ സന്തോഷമുള്ളതായി പറഞ്ഞു. പ. പിതാവിനെ സന്ദർശിച്ച് മടങ്ങുന്നനേരത്തു പ. പിതാവ് മി. നായരോട് രണ്ടുപ്രാവശ്യം "God Bless You" ദൈവം താങ്കളെ അനുഗ്രഹിക്കട്ടെ. എന്നു പറഞ്ഞുകേട്ടതിൽ താൻ അത്യധികം സംതൃപ്തനായെന്നു മലയാളിസഹോദരങ്ങളോട് മി. നായർ പറയുകയുണ്ടായി.

## പ്രധാനമന്ത്രി റോമിൽ

പ്രധാനമന്ത്രി പണ്ഡിററ് നെഹ്റുവും പാർട്ടിയും റോം സന്ദർശനാർത്ഥം ഈ മാസം 7-ാം തീയതി വ്യാഴാഴ്ച രാവിലെ 10-05 നു് റോമിലെ ചമ്പീനോ വിമാനത്താവളത്തിൽ വന്നിറങ്ങി. യുഗോസ്ലാവിയാ സന്ദർശിച്ചശേഷമാണു് റോമിലേക്കു പുറപ്പെട്ടതു്. യുഗോസ്ലാവിയായിൽനിന്നയച്ച പ്രത്യേകവിമാനത്തിലാണു നെഹ്റു റോമിലെത്തിയതു്. നെഹ്റു വരുന്നതിന്റെ തലേദിവസം "റോമാ ഇൻഡ്യൻ പ്രധാനമന്ത്രിയെ സ്വീകരിക്കുന്നു" "സമാധാനകാംക്ഷിക്കു സ്വാഗതം" എന്ന വാൾപോസ്റ്ററുകൾ റോമിലെല്ലായിടത്തും ഉണ്ടായിരുന്നു. നെഹ്റുവിന്റെ ആഗമനത്തിനു ഒരു മണിക്കൂർമുമ്പേ റോമിലെ 100-ൽപ്പരം വരുന്ന ഇൻഡ്യൻ വൈദികവിദ്യാർത്ഥികളും വൈദികരും 40-ൽപ്പരം ഇൻഡ്യൻ അൽമായസംഘവും എല്ലാ രാജ്യങ്ങളിൽനിന്നും റോമിലുള്ള അമ്പാസിഡറന്മാരും, ഇററാലിയൻ പ്രധാനമന്ത്രി ഡോക്ടർ സേഞ്ഞിയും വിമാനത്താവളത്തിലെത്തി വരവു കാത്തുനിന്നു. 10-05 നു് വിമാനം നിലത്തുതൊട്ടപ്പോൾ ഇററാലിയൻ പട്ടാളബാൻറുസംഘം "ജനഗണമന"യെന്ന ഇൻഡ്യൻ ദേശീയഗാനമാലപിച്ചു. കൂടാതെ അനേകം പട്ടാളക്കാർ പ്രത്യേകവേഷംധരിച്ച് ഇററലിയുടേയും ഇൻഡ്യയുടേയും പതാകകളുമേന്തി വിമാനത്താവളത്തിൽ സന്നിഹിതരായിരുന്നു. ലോകപ്രസിദ്ധനായ നെഹ്റുവിനെ ഒരു നോക്കു കാണാൻ ഇററാലിയൻ ജനത വിമാനത്താവളത്തിൽ തിങ്ങിക്കൂടിയിരുന്നു. വിമാനത്തിൽനിന്നു് സ്വപുത്രി ഇന്ദിരാഗാന്ധിയും പരിവാരങ്ങളുമൊന്നിച്ചു കൂപ്പുകൈകളോടുകൂടി സുസ്മേരവദനനായി പുറത്തിറങ്ങിയ നെഹ്റുവിനെ ഇററാലിയൻ പ്രധാനമന്ത്രി ഔദ്യോഗികമായി സ്വീകരിച്ചു. അതിനുശേഷം സമീപത്തുനിന്നിരുന്ന അമ്പാസിഡറന്മാരുടെ അഭിവാദനങ്ങൾ സ്വീകരിച്ചു നെഹ്റു റോം റേഡിയോയിൽക്കൂടി ഹിന്ദിയിൽ മൂന്നുമിനിട്ടു നേരം ഇററാലിയൻ ജനതയോടു സംസാരിച്ചു. അതിനുശേഷം നെഹ്റുവിന്റെ സെക്രട്ടറി ഹിന്ദിയിലെ പ്രസംഗം ഇററാലിയനിലാക്കി പ്രക്ഷേപണംചെയ്തു. അതിനുശേഷം നെഹ്റുവിനെ സ്വാഗതംചെയ്തുകൊണ്ടും ഇൻഡ്യയുടെ പ്രകീർത്തിതമായ വിദേശനയത്തെ ബഹുമാനിച്ചും ഇററാലിയൻ പ്രധാനമന്ത്രി മൂന്നുമിനിട്ടു റേഡിയോയിൽക്കൂടി സംസാരിച്ചു. പിന്നീടു് നെഹ്റു തന്റെ സ്വന്തം നാട്ടുകാരുടെ അടുത്തേക്കു നീങ്ങി. ഇൻഡ്യൻ ബാലികമാർ നെഹ്റുവിനു പൂക്കൾ സമ്മാനിച്ചു. അവരുമായി കുറെ നിമിഷങ്ങൾ വിനോദസംഭാഷണം ചെയ്തശേഷം വൈദികവിദ്യാർത്ഥികളുടെ അഭിവാദ്യങ്ങൾ സ്നേഹപൂർവ്വം സ്വീകരിച്ചു. ഈ അവസരങ്ങളിലെല്ലാം ഇററാലിയൻ പ്രധാനമന്ത്രിയും ഇററലിയിലേയും വത്തിക്കാനിലേയും ഇൻഡ്യൻ സ്ഥാനപതിമാരും പ്രധാനമന്ത്രിയെ അനുഗമിച്ചിരുന്നു. അതിനുശേഷം പട്ടാളസംഘത്തിന്റെ ഗാർഡ് ഓഫ് ഓണർ പരിശോധിച്ചു പതാകവന്ദനംചെയ്തു. നൂറുകണക്കിനു പത്രപ്രതിനിധികൾ ഫോട്ടോയെടുക്കുകയും സ്വീകരണച്ചടങ്ങുകൾ ഫിലിമിലാക്കുകയും ചെയ്തിരുന്നു. തദനന്തരം പ്രത്യേകകാറിൽ ആസനസ്ഥനായ നെഹ്റു 11 മണിക്കു് മോട്ടോർസൈക്കിളുകളിലും കാറുകളിലും വന്നിരുന്ന പട്ടാളക്കാരാൽ അകമ്പടിസേവിതനായി "കുരിനാലെ" (Curinale) എന്ന ഗവമെൻറുസ്ഥാപനത്തിലെത്തി. വിശിഷ്ടാതിഥികൾക്കു ഒപ്പുവയ്ക്കുവാനുള്ള ഡയറിയിൽ ഒപ്പിട്ടശേഷം തനിക്കുവേണ്ടി ഇററാലിയൻ ഗവമെൻറു പ്രത്യേകം തയ്യാറാക്കിയിരുന്ന അതിഥിമന്ദിരത്തിലെത്തി വിശ്രമിച്ചു. 3-45 നു നെഹ്റു പൗരസ്ത്യസംസ്കാരത്തിന്റേയും കലകളുടേയും പ്രോത്സാഹനകേന്ദ്രമെന്നറിയപ്പെടുന്ന കൊട്ടാരം സന്ദർശിച്ചു. അതുകഴിഞ്ഞു് 4-30 നു് റോമിലെ ഇൻഡ്യൻ സ്ഥാനപതിമന്ദിരത്തിൽ നടത്തിയ ഉദ്യാനവിരുന്നിൽ സംബന്ധിച്ചു. നെഹ്റു "നമസ്തേ" എന്നു പറഞ്ഞുകൊണ്ടു് കൂപ്പുകൈകളോടെ മന്ദിരത്തിൽ പ്രവേശിച്ചു. ഓരോരുത്തരുടേയും അടുത്തുപോയി കൈകൊടുത്തു സംസാരിച്ചു. ഇൻഡ്യൻ വൈദികവിദ്യാർത്ഥികളുടെ അടുത്തുവന്നപ്പോൾ നിങ്ങൾ മലബാറിൽനിന്നാണു് ഭൂരിഭാഗവുമെന്നു എനിക്കറിയാം എന്നു പറഞ്ഞുകൊണ്ടു് സന്തോഷപൂർവ്വം കുശലപ്രശ്നങ്ങൾ നടത്തി. വിദേശകാര്യമന്ത്രിയുടെ ജനറൽസെക്രട്ടറി മി. എൻ. ആർ. പിള്ളയും—തിരുവനന്തപുരത്തുകാരനാണു്—ഈ തവണത്തെ യാത്രയിൽ നെഹ്റുവിനോടുകൂടിയുണ്ടു്. അദ്ദേഹത്തോടു് പ്രധാനമന്ത്രിയവർകൾ വിനോദഭാവേന പറഞ്ഞു, "മലയാളികൾ എല്ലായിടത്തുമുണ്ടു്" എന്നു്.

For favours received



Mrs. Mary Sebastian
Trichur

വിരുന്നിന്റെ അവസാനത്തിൽ നെഹ്റു തന്റെ പ്രിയ നാട്ടുകാരോടു് 15 മിനിട്ടുനേരം സംസാരിച്ചു. കൂടിയിരുന്ന ഇൻഡ്യാക്കാരിൽ ഭൂരിഭാഗവും വൈദികവിദ്യാർത്ഥികളും, അവരിൽതന്നെ ഭൂരിഭാഗവും മലയാളികളുമായിരുന്നു. "ഞാൻ ഇതുവരെയും മലയാളം പഠിച്ചിട്ടില്ല" എന്നു ചിരിച്ചുകൊണ്ടു് നെഹ്റു പറഞ്ഞു. ആദ്യം ഹിന്ദിയിൽ കുറേനേരം സംസാരിച്ചശേഷം ഇംഗ്ലീഷിൽ തുടർന്നു: "ഇൻഡ്യക്കു വെളിയിൽ താമസിക്കുന്ന നിങ്ങൾ ഓരോരുത്തരും ഇൻഡ്യയുടെ ഓരോ അമ്പാസിഡറന്മാരാണു്. ഇൻഡ്യയെക്കുറിച്ചു് പുറലോകത്തിനുള്ള അഭിപ്രായം പ്രധാനമായി നിങ്ങളുടെ സ്വഭാവശുദ്ധിയെ ആശ്രയിച്ചിരിക്കുന്നു. നിങ്ങൾ ചെയ്യുന്ന നന്മകൾ ഇൻഡ്യയുടേതായി വിലമതിക്കപ്പെടും. നിങ്ങളിൽ കുററവും കുറവും കണ്ടാൽ അതും ഇൻഡ്യയുടെ മുഴുവനുമായിത്തീരും. ഇൻഡ്യക്കു പുറത്തു ഒരിൻഡ്യൻ പൗരൻ ചെയ്യുന്ന ഒരക്രമം അയാൾ ഇൻഡ്യക്കകത്തുവച്ചു ചെയ്യേക്കാവുന്ന ഒന്നിനേക്കാൾ വലുതായിരിക്കും.

"ഇൻഡ്യ ഒരുവലിയ രാജ്യമാണു്. സമ്പത്തുകളുള്ള രാജ്യമാണു്—ഇൻഡ്യയിൽ ഭൂമിയുണ്ടു്, ധാതുക്കളുണ്ടു്, മററു പ്രകൃതിവിഭവങ്ങളുണ്ടു്—ഇതിലുമൊക്കെ ഉപരിയായി ഇൻഡ്യയിൽ കോടിക്കണക്കിനു മനുഷ്യരുണ്ടു്—ഇതാണു് ഏററവും വലിയ സമ്പത്തു്. ഇൻഡ്യയിലെ മനുഷ്യർക്കു തലച്ചോറും ബുദ്ധിശക്തിയുമുണ്ടു്. പക്ഷേ വിദേശഭരണവും മററു ചില സ്വാർത്ഥതകളുംമൂലം ഇൻഡ്യ മററു രാജ്യങ്ങളെ അപേക്ഷിച്ചു ഇന്നു് വളരെ പുറകിലാണു്. ഇൻഡ്യ പുരോഗമിക്കണമെങ്കിൽ ഒരു വിപ്ലവംതന്നെ ആവശ്യമാണു്—വിപ്ലവമെന്നു പറഞ്ഞാൽ അക്രമമെന്നോ, ഹിംസയെന്നോ ധരിക്കരുതു്—ഒരു ഗാന്ധിയൻ വിപ്ലവമാണു് ആവശ്യം—മഹാത്മജി വിദേശീയർക്കെതിരായി തന്റെ അക്രമരാഹിത്യവിപ്ലവം നടത്തിയ അവസരത്തിൽ ഉല്പാദനമാർഗ്ഗങ്ങളെ അവഗണിച്ചിരുന്നില്ല. കുടിൽവ്യവസായങ്ങളും കൃഷിയും അഭിവൃദ്ധിപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ ആരായുകയും തത്സംബന്ധമായി ജനങ്ങളെ ഉപദേശിക്കയും ചെയ്തിരുന്നു. മററു രാജ്യങ്ങളിലെ വിപ്ലവകാലചരിത്രം നോക്കിയാൽ ആ കാലഘട്ടം "നശീകരണത്തിനു"മാത്രംവേണ്ടി ചെലവാക്കിയിരുന്നതായി കാണാം. എന്നാൽ ഗാന്ധിജിയുടെ സമരം ഒന്നു പ്രത്യേകംതന്നെയായിരുന്നു. അതു സൃഷ്ടിപരംകൂടിയായിരുന്നു.

"ഇൻഡ്യ ഇന്നൊരുസ്വതന്ത്രരാജ്യമാണു്— ബ്രിട്ടീഷ്ഭരണം ഇൻഡ്യൻജനതയെ അത്യധികം പീഡിപ്പിച്ചു—എന്നാൽ സ്വാതന്ത്ര്യത്തിനുവേണ്ടി നാം നടത്തിയസമരം വിവിധ ഭാഷകൾ സംസാരിക്കുന്നവരും വിവിധാചാരങ്ങളുള്ളവരുമായ നമ്മെ യോജിപ്പിച്ചു. ഇൻഡ്യ ഇന്നൊരു മാററം നിറഞ്ഞ കാലഘട്ടത്തിൽക്കൂടി മുൻനീങ്ങുകയാണു്. സാമ്പത്തികമായും സാമുദായികമായും മാററങ്ങൾ വന്നുകൊണ്ടിരിക്കയാണു്. രാജ്യത്തിന്റെ മേന്മ അതിന്റെ അംഗങ്ങളെ ആശ്രയിച്ചിരിക്കുന്നു. ജനങ്ങൾ നല്ലവരാണെങ്കിൽ രാജ്യം മുമ്പോട്ടുപോകും—ചീത്തയെങ്കിൽ രാജ്യം അധഃപതിക്കും. ഇന്നത്തെ ഇൻഡ്യൻ ജീവിതത്തോതു വളരെ താഴ്ന്നതാണു്. അതുയർത്തണമെങ്കിൽ നാം ഒത്തൊരുമിച്ചു പ്രവർത്തിക്കണം. നമ്മുടെ പുരോഗമനാഗ്രഹം ഒരു യാഥാർത്ഥ്യമായിത്തീരാൻ നാം ആഗ്രഹിക്കുന്നെങ്കിൽ സഹകരിച്ചുള്ള പ്രയത്നം ആവശ്യമാണു്. നമ്മുടെ ജനങ്ങൾ മാനസികമായും കായികമായും കഴിവുള്ളവരായി (efficient) തീരണം. ഏതെങ്കിലും രീതിയിൽ വിദ്യാഭ്യാസം ചെയ്തിട്ടുള്ളവരെക്കൊണ്ടു് രാജ്യത്തിനു നന്മവരാൻ പോകു



പരിശുദ്ധപിതാവുമായി നടന്ന സന്ദർശനത്തിനുശേഷം ഇന്ത്യൻ പ്രധാനമന്ത്രി സ്വപുത്രി മിസിസ് ഇന്ദിരാഗാന്ധിയും തിരുസിംഹാസനത്തിലെ ചില വൈദികപ്രമുഖരുമൊരുമിച്ചു് പുറത്തേക്കു വരുന്നു.

ന്നില്ല. ഇന്നു് നമുക്കു് നല്ല അദ്ധ്യാപകരെയും, ഡോക്ടറന്മാരേയും, എൻജിനീയറന്മാരെയും ആയിരക്കണക്കിനാവശ്യമുണ്ടു്. എന്നാൽ ഏതൊരുവിധത്തിലുള്ള സാമ്പത്തികപുരോഗമനവും ആദ്ധ്യാത്മികവും, സാംസ്കാരികവുമായ പുരോഗതിയില്ലായെങ്കിൽ വെറും നിഷ്ഫലമാണു്.

"നാം ഇന്നുപടിപടിയായി ഉയർന്നുകൊണ്ടിരിക്കയാണു്. ഒന്നുകിൽ ഇൻഡ്യ സ്വാതന്ത്ര്യത്തിനു അല്പം മുമ്പായിരുന്നതുപോലെ ലോകരാഷ്ട്രങ്ങളുടെ കൂട്ടത്തിൽ ഏററം അധഃപതിച്ച ഒരു രാജ്യമായിരിക്കണം, അല്ലെങ്കിൽ ലോകത്തിലെ ഒരൊന്നാംകിട രാജ്യമായിത്തീരണം. ഈ രണ്ടു നിലകളിൽ ഏതെങ്കിലും ഒന്നു നാം ആഗ്രഹിച്ചു പ്രവർത്തിക്കണം— ഏററവും താണ ഒരു രാജ്യമായിരിക്കാൻ നാം ആഗ്രഹിക്കുന്നില്ല. (വികാരാവേശത്തോടുകൂടി പറഞ്ഞ ഈ വാക്കുകൾ ജനക്കൂട്ടത്തിന്റെ ഹൃദയത്തെ സ്പർശിക്കുകയുണ്ടായതിന്റെ ലക്ഷണമെന്നോണം ജനങ്ങൾ എല്ലാംകൂടി കൈയടിച്ചു. നെഹ്റു സുസ്മേരവദനനായി കാണപ്പെട്ടു) ഒന്നാം സ്ഥാനത്തിനും ഏററം അവസാനത്തേതിനും ഇടയ്ക്കുള്ള ഒരു മദ്ധ്യസ്ഥാനം ഇൻഡ്യക്കില്ല! പുരോഗമനത്തിനുവേണ്ടി നാം സഹകരിച്ചു പ്രവർത്തിക്കണം. നാം മററുള്ളവർ ചെയ്യുന്നതു് അതേപടി കോപ്പിചെയ്യുമാത്രം ചെയ്താൽ അതു് രാഷ്ട്രസൃഷ്ടിക്കുപയുക്തമാകാൻ പോകുന്നില്ല. മാനസികമായും, സാമ്പത്തികമായും സാംസ്കാരികമായുമുള്ള നമ്മുടെ കഴിവുകൾ പുരോഗമനത്തെ സൃഷ്ടിക്കത്തക്കതായിരിക്കണം. ഇൻഡ്യ വിടുന്നതിനു മുമ്പു് ഞാൻ എൻജിനീയറന്മാർ സംബന്ധിച്ചിരുന്ന ഒരു കോൺഫറൻസിൽ സംസാരിച്ചപ്പോൾ പറഞ്ഞ വാക്കുകൾ ഓരോ ഇൻഡ്യാക്കാരനോടും ആവർത്തിക്കേണ്ടതാണു്: ("India is condemned to hard work. There is no place for laziness in India) ഇൻഡ്യ അത്യദ്ധ്വാനത്തിനു വിധിക്കപ്പെട്ടിരിക്കയാണു്. അലസതയ്ക്കു ഇൻഡ്യയിൽ ഇന്നു് സ്ഥാനമില്ല.

"നമുക്കു് ലോകത്തിൽയാതൊരു രാഷ്ട്രത്തോടും വൈരാഗ്യമോ വിദ്വേഷമോ ഇല്ല. ചിലരോടു് കൂടുതൽ താല്പര്യം കാണിച്ചെന്നുവരാം. ഇന്നത്തെ അസ്വസ്ഥാവസ്ഥകൾ നീക്കുന്നതിൽ നാം കഴിവതു ശ്രമിക്കും. നമ്മുടെ കഴിവുകൾ നിശ്ശബ്ദമായും എളിമയോടുകൂടിയും നാം പ്രയോഗിക്കും.

"ഞാൻ പോകുന്നിടത്തെല്ലാം കാണുന്ന കുഞ്ഞുങ്ങളിൽ ഒരു വസ്തുത തെളിഞ്ഞുകാണുന്നുണ്ടു്— ഭാവിയുടെ ഭാസുരത. സുസ്മേരവദനങ്ങളോടുകൂടിയ ഇവരുടെ ഭാവി സുരക്ഷിതവും ശ്രേയസ്കരവുമായിത്തീരാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. എല്ലാവർക്കും വന്ദനം." സ്നേഹപുരസ്സരമായ പുഞ്ചിരിയോടുകൂടി കൈകൾ കൂപ്പിപ്പിടിച്ചുകൊണ്ടു് ജയ്ഹിൻഡ്! ജയ്ഹിൻഡ്! എന്നു നെഹ്റു വിളിക്കുകയും മററുള്ളവർ അതു് ഏററുപറയുകയും ചെയ്തു. ഇത്രയും പറഞ്ഞശേഷം ഒരു നിമിഷത്തിനകം അടുത്ത പ്രോഗ്രാം നിർവ്വഹിക്കുന്നതിനുവേണ്ടി സ്ഥാനപതിമന്ദിരത്തിൽനിന്നും പട്ടാളങ്ങളാൽ അകമ്പടിസേവിതനായി യാത്രതിരിച്ചു. 6-45നു് ഇററലിയിലെ ഇൻഡ്യൻ സ്ഥാനപതിയുമൊന്നിച്ചു് ഇററാലിയൻവിദേശകാര്യമന്ത്രിയുടെ ആസ്ഥാനത്തെത്തി സന്ദർശനം നടത്തി. 7 മണിക്കു് ഇററാലിയൻപ്രസിഡൻറു് നെഹ്റുവിന്റെ ബഹുമാനാർത്ഥം ഒരു വിരുന്നുസല്ക്കാരം നൽകി.

8-ാംതീയതി വെള്ളിയാഴ്ച വത്തിക്കാനിലേക്കുള്ള അമ്പാസിഡറുമൊരുമിച്ചു് നെഹ്റു പരിശുദ്ധ പിതാവിനെ സന്ദർശിച്ചു. രാവിലെ 9-30നാണു് പ. പിതാവു പ്രധാനമന്ത്രിയെ സ്വീകരിച്ചു സംസാരിച്ചതു്. അന്നു രാവിലേയും ഉച്ചകഴിഞ്ഞും വളരെ വിപുലമായ ഒരു പരിപാടിയാണു് പ്രധാനമന്ത്രിക്കുണ്ടായിരുന്നതു്. 8-ാംനു വൈകുന്നേരം 3-30നു് വിമാനമാർഗ്ഗം ഇംഗ്ലണ്ടിലേക്കു പുറപ്പെട്ടു.

# മാർ ഈവാനിയോസ് തിരുമേനി

## (ഒരനുസ്മരണ)

(Rev. A. James)

അന്നു രാവിലേതന്നെ ഒരു വാർത്ത അവിടെയെല്ലാം പരന്നു. ഏതോ ഒരു മഹാവ്യക്തി ഞങ്ങളുടെ സ്കൂൾ സന്ദർശിക്കാൻ വരുന്നുവത്രേ. അദ്ധ്യാപകരും അദ്ധ്യേതാക്കളും ഉന്മേഷത്തോടെ ഓടിനടന്നു കാര്യങ്ങൾ അന്വേഷിക്കുന്നു. മാനേജർ മി. ഐ. എം. ഇടിക്കുള പല പ്രാവശ്യം സ്കൂളിൽ എത്തി, ഓരോ നിർദ്ദേശങ്ങൾ നൽകുവാൻ. അടുത്ത ഒരു വീട്ടിൽനിന്നും നല്ല മേശവിരിപ്പുകളുംമററും കൊണ്ടുവരുവാൻ ഞാനും ഓടി. പത്തു മണിയോടെ ഞങ്ങൾ എല്ലാവരും കടവിലെത്തി നില്ക്കയാണു് ആ മാന്യദേഹത്തെ സ്വീകരിക്കുവാൻ. ആ കാട്ടുപ്രദേശത്തു് അത്ര വലിയ ഒരു ജനക്കൂട്ടത്തെ കാണുകആദ്യമായിട്ടാണു്. കാടിനെ നാടാക്കിയ മാർ ഈവാനിയോസ് തിരുമേനിയെ ഒരു നോക്കു കാണുവാൻ നാനാജാതിമതസ്ഥരായ ഒരു ജനാവലി മടത്തുംമൂഴിയിൽ തിങ്ങിക്കൂടിയെങ്കിൽ അതൊരു വലിയ സംഗതിയല്ലല്ലോ. ബഥനി ആശ്രമത്തിൽനിന്നു വൈദികരും സാധുക്കളും (പട്ടമേല്ക്കാത്ത സന്യാസികളെയാണു സാധുക്കൾ എന്നു വിളിക്കുക.) അവിടെയെത്തി. എവിടെ? മടത്തുംമൂഴിയിൽ, ബഥനിയുടെഅടിവാരത്തിൽ. അന്നൊരു ക്രൈസ്തവ സംസ്കൃത പാഠശാലയുണ്ടായിരുന്നു അവിടെ.

തിരുമേനി കുറച്ചുനേരം അവിടെയെത്തിയവരോടായി സംസാരിച്ചു യാക്കോബായസഭയെ ഉപേക്ഷിച്ചു കത്തോലിക്കനാകുവാൻ തിരുമേനിയെ പ്രേരിപ്പിച്ച കാരണങ്ങൾ സവിസ്തരം പറഞ്ഞു. "വിഷവൃക്ഷോപി സംവൃദ്ധ്യ സ്വയംഛേത്തുമസാമ്പ്രതം" തിരുമേനിതന്നെ നട്ടു നനച്ചുവളർത്തിയ ബഥനിയെ, കാടു തെളിച്ചു് ഒരു തീർത്ഥാടനസ്ഥലമാക്കിയ ആ മലനാടിനെ, എന്നെന്നും സ്മരിക്കുമെന്നു് തിരുമേനി ഊന്നിപ്പറഞ്ഞു. ഉച്ചയ്ക്കു മുമ്പേ ആ ഗംഭീരപുരുഷൻ സ്കൂളിൽനിന്നും തിരികെപ്പോയി.

ആ മഹാവ്യക്തിയുടെ രൂപം തന്നെ ആരേയും ആകർഷിക്കുവാൻ



ഉതകിയതായിരുന്നു. ഇടതിങ്ങിയ മീശയും വിസ്തൃതമായ നെററിത്തടവും പ്രഭാനികേതങ്ങളും വിദൂരവീക്ഷണസമർത്ഥങ്ങളുമായ ദൃഷ്ടികളും കൃഷ്ണവർണ്ണമായ ശിരോവേഷ്ടനവും ആപാദചൂഡാദിതമായ നേർത്ത പുറങ്കുപ്പായവും കരങ്ങളിൽ തിളങ്ങുന്ന പൊൻകുരിശും അതിലൂടെ നീണ്ടുകിടക്കുന്ന മൃദുലദുകൂലനിർമ്മിതമായ അംശുകവും എല്ലാം കാണികളെ പെട്ടെന്നു തന്നിലേക്കു പിടിച്ചടുപ്പിക്കാൻ പോരുന്നവയായിരുന്നു.

അദ്ദേഹം പോയതിനുശേഷം ഞാൻ ഹെഡ്മാസ്റ്ററെ സമീപിച്ചു് ആരാഞ്ഞു ആ തിരുമേനിയെക്കുറിച്ചു്. ബഥനിയിലെ മാർ തേവോദോസിയോസ് തിരുമേനിയെ എനിക്കു പരിചയമുണ്ടു്. എന്റെ സഭയുടെ മേലദ്ധ്യക്ഷനായ പാലക്കുന്നത്തു തിരുമേനിയേയും കൊച്ചുമെത്രാച്ചനെന്നു വിളിക്കപ്പെട്ടിരുന്ന മാരേട്ടെ മത്തോമ്മാ മെത്രാപ്പോലീത്തായേയും എനിക്കറിയാമായിരുന്നു. പിന്നെ ഇദ്ദേഹം? സാർ വിശദീകരിച്ചു: "ഇദ്ദേഹമാണു് ഈ ബഥനിയുടെ സ്ഥാപകനായ മാർ ഈവാനിയോസ്. യാക്കോബായ വിട്ടു റോമയിൽ ചാടിയിരിക്കുകയാണു് ഇപ്പോൾ." ഞങ്ങളുടെ ഹെഡ്മാസ്റ്റർ ഒരു "വിയോജിതവേർപാടുകാര"നാണു്. അദ്ദേഹത്തിനു എപ്പിസ്കോപ്പേലിയൻ സഭയെ ഒട്ടും പിടിച്ചിട്ടില്ല. ഒരു മത്തോമ്മാക്കാരനായ എനിക്കു് യാക്കോബ്യരുടേയോ, കത്തോലിക്കരുടേയോ, മെത്രാന്മാരെക്കുറിച്ചു് അന്വേഷിക്കേണ്ടതുമില്ല. എങ്കിലും പെരുനാട്ടുകാർ അദ്ദേഹത്തോടു കാണിച്ച അകൈതവമായ ഭക്തിപ്രകടനം അന്നു ഞാനും കണ്ടു.

ബഥനിമലയുടെ അടിവാരത്തുടെ ഒഴുകുന്നു കക്കാട്ടാറു്. പെരുനാട്ടിൽ വെച്ചാണല്ലോ ഈ നദി പമ്പയുമായി സന്ധിക്കുന്നതു്. ഇരുഭാഗങ്ങളും ഉയർന്നുനില്ക്കുന്ന മലകളാണു്. "മാമ്പാറ" എന്ന ഉയർന്ന കുന്നിൽനിന്നു നോക്കിയാൽ ബഥനി ആശ്രമവും പള്ളികളും സുവ്യക്തം കാണാൻ കഴിയും. കുററിക്കയത്തെ ഫ്രാൻസിസ് നൽകിയ സ്ഥലത്തു് ഒരു ചെറിയ ദൈവാലയം തിരുമേനി പണിയിച്ചിട്ടുണ്ടു്. അവിടെനിന്നാൽ ളാഹ, ചിററാർ, കമ്മേൽ തുടങ്ങിയ കിഴക്കൻതോട്ടങ്ങളും ബഥനിയും കാണാം. അവിടത്തെ പ്രകൃതിമനോഹാരിത കണ്ടാസ്വദിക്കേണ്ടതാണു്. കത്തോലിക്കനായതിന്റെശേഷം റോമായാത്ര കഴിഞ്ഞുവന്ന തിരുമേനി ആ കിഴക്കൻമലയിലേക്കെഴുന്നെള്ളി, അവിടുന്നു പണിത ഭവനം ഒന്നു നിരീക്ഷിക്കുവാൻ, ദൂരെ നിന്നെങ്കിലും. അങ്ങിനെ 1940-ൽ ആണെന്നു തോന്നുന്നു തിരുമേനി പെരുനാട്ടിലും ആ പള്ളിയിലും ഒന്നുവന്നു.

ആത്മാവു് വേർപെട്ട ശരീരം പോലെ ബഥനി ഇന്നു നിർജ്ജീവമായി കിടക്കുന്നു. പുതുതായി അവിടെ സന്യാസികൾ ഇല്ല. അടുത്തകാലത്തു കുറച്ചു സ്ത്രീകൾ അവിടെ താമസം തുടങ്ങിയിട്ടുണ്ടു് എന്നു കേട്ടു. എന്നാൽ പുനരൈക്യപ്രസ്ഥാനംമൂലം തിരുമേനിയെ അനുഗമിച്ചു എത്രയോ ആയിരത്തെ നമുക്കിന്നു കാണാം കേരളത്തിൽ.

കാലം വീണ്ടും കഴിഞ്ഞു. ഞാൻ കത്തോലിക്കസഭയിൽ പ്രവേശിച്ചു. എന്റെ എളിയകഴിവുകളേയും തിരുസഭയ്ക്കായി ഭരമേല്പിച്ചു. പക്ഷേ, അന്നു ഞാൻ വിചാരിച്ചിരുന്നില്ല മാർ ഈവാനിയോസ് തിരുമേനി വെട്ടിയ പാതയിലൂടെയാണു് ഞാനും ചരിക്കേണ്ടിയിരുന്നതെന്നു്. ക്രമമായ ആരാധനാരീതിയുള്ളതും വൈഭവമുള്ള പട്ടക്കാരാൽ നടത്തപ്പെടുന്നതും മെത്രാന്മാരും മെത്രാപ്പോലീത്തായുമുള്ളതുമായ മത്തോമ്മാസഭയെ വിട്ടുപേക്ഷിക്കുന്ന കാര്യമേ ചിന്തിച്ചിരുന്നില്ല. എങ്കിലും അതു സംഭവിച്ചു. ഞാനും ആ വിസ്തൃതപാതയിലെത്തി. പക്ഷേ, ഇപ്പോൾ ഞാൻ ചിന്തിക്കുന്നു മാർ ഈവാനിയോസ് തിരുമേനി അങ്ങിനെ ഒരു പ്രസ്ഥാനം ആരംഭിച്ചിരുന്നില്ലായിരുന്നുവെങ്കിൽ എനിക്കു സാധിക്കുമായിരുന്നുവോ ഒരു കത്തോലിക്കനാകുവാൻ. സാമാന്യരീത്യാ ആലോചിച്ചാൽ, ഇല്ലായിരുന്നു എന്നേ പറയാനുള്ളു.

യാക്കോബായസഭയെ ഉപേക്ഷിച്ചു് കത്തോലിക്കസഭയിൽ ചേർന്ന അദ്ദേഹത്തിനെതിരേ ഉയർന്ന അപവാദശരങ്ങൾക്കു അവസാനമില്ലായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ ആർക്കു ചോദ്യംചെയ്യാൻ കഴിയും? ആ നിരീക്ഷണചതുരനെ ആർക്കു തോല്പിക്കാം. ആ ബുദ്ധിരാക്ഷസന്റെ നേരേ ആർക്കു നില്ക്കാം. മലങ്കരയിൽ കാതോലിക്കാസ്ഥാപനം നടന്നതു് അദ്ദേഹത്തിന്റെ കർമ്മകുശലതയുടെ പരിപാകത്താലായിരുന്നില്ലേ? ഒരു പക്ഷേ, ഇന്നു കാതോലിക്കാസിംഹാസനത്തിൽ ഉപവിഷ്ടരായിരിക്കുന്നവർ ആ സത്യത്തെ മറക്കാൻ ശ്രമിക്കുന്നുണ്ടായിരിക്കാം. അദ്ദേഹത്തിന്റെ ശക്തിയുടെ സിംഹഭാഗവും ചെലവഴിക്കപ്പെ




ദീർഘദൃഷ്ടിയോടുകൂടി പണം നിക്ഷേപിച്ചു പോരുന്നതിനാൽ

അവന്റെ ഭാവി സുരക്ഷിതമത്രെ

രഞ്ജൻ പാവകൾ ഇഷ്ടപ്പെടുന്നില്ല. അവന്റെ മോട്ടോർകാർ എങ്ങിനെയാണു് ഓടുന്നതെന്നു് അവൻ ശ്രദ്ധിക്കുകയാണു്. ഒരുപക്ഷെ അവൻ ഒരിക്കൽ ഒരു എൻജിനീയറോ ഒരു ശില്പകലാവിദഗ്ദ്ധനോ, അല്ലെങ്കിൽ ഒരു ശാസ്ത്രജ്ഞനോ ആയേക്കാം. എന്നാൽ, ഏതു ജോലിയിൽ പ്രവേശിച്ചാലും അവന്റെ അപ്പന്റെ ദീർഘദൃഷ്ടിയേയാണു് അവൻ സ്തുതിക്കേണ്ടതു്.


രഞ്ജനും അവന്റെ സഹോദരിയും ജനിച്ച ഉടനെതന്നെ അവരുടെ അപ്പൻ അവരുടെ പേരുകളിൽ പാലാ സെൻട്രൽ ബാങ്കിൽ സേവിംഗ്സ് കണക്കുകൾ ആരംഭിച്ചു. ഈ കണക്കുകളിൽ നിരന്തരം ഓരോ തുകകൾ നിക്ഷേപിച്ചുവരുന്നതുകൊണ്ടു് രഞ്ജന്റെ സാങ്കേതിക പഠനത്തിനും, സഹോദരിയുടെ വിവാഹച്ചിലവിനും വേണ്ടതായ പണം യഥാസമയം ഉണ്ടായിരിക്കും.

എത്ര വേഗം തുടങ്ങുന്നോ അത്രയും നല്ലതു്

നിങ്ങളുടെ കുട്ടികളുടെ ഭാവിയിലെ ആവശ്യങ്ങൾക്കു വേണ്ടിവരുന്ന പണം കരുതുന്നതിനു് സമയമായില്ലെന്നു് വിചാരിക്കരുതു്. നിങ്ങൾക്കേററവും സൌകര്യപ്രദമായ പദ്ധതികൾ പാലാ ബാങ്കിൽ ഉണ്ടു് ഉദാഹരണമായി ഒരു സേവിംഗ്സ് കണക്കു് ആരംഭിച്ചു് ക്രമമായി അതിൽ പണം നിക്ഷേപിക്കുകയോ, ഉദാരമായ പലിശ കിട്ടുന്ന കാഷ് സർട്ടിഫിക്കേററുകൾ വാങ്ങി അഞ്ചുകൊല്ലത്തിലൊരിക്കൽ പുതുക്കിക്കൊണ്ടിരിക്കുകയോ ചെയ്യുക.

നിക്ഷേപങ്ങൾ കുട്ടികളോടൊപ്പം വളർന്നുവരും. പലിശ ലഭിക്കുന്നതുകൊണ്ടു് ആ തുകകൾ വദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യും. വിശേഷിച്ചു്, നിങ്ങൾ നിങ്ങളുടെ കുട്ടികളെ സ്നേഹിക്കുന്നതുകൊണ്ടു് അവരുടെ പേരിലുള്ള നിക്ഷേപങ്ങൾ പിൻവലിക്കുന്നതിനു് നിങ്ങൾക്കു മനസ്സുണ്ടാകയില്ല.

"വിദ്യാഭ്യാസത്തിനും, വിവാഹത്തിനും ഉതകുന്ന പ്രത്യേക പദ്ധതികൾ" എന്ന ഞങ്ങളുടെ ലഘുഗ്രന്ഥം കുട്ടികൾക്കു വേണ്ടി എങ്ങിനെ നിക്ഷേപം ആരംഭിക്കണമെന്നുള്ളതിനെപ്പററി പൂർണ്ണ വിവരം തരും. അടുത്തുള്ള ഞങ്ങളുടെ ബ്രാഞ്ചു മാനേജരിൽ നിന്നും ഒരു പ്രതി സൌജന്യമായി വാങ്ങുക.




ESTD. 1927

പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

ഹെഡാഫീസ്: പാലാ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

തെക്കെ ഇൻഡ്യയിലെ ഒരു പ്രമുഖ ബാങ്ക്

PC. 330

# 36-ാമത്തെ സാർവ്വദേശീയദിവ്യകാരുണ്യകോൺഗ്രസ്സ്

## ബ്രസീൽരാജ്യത്തിന്റെ തലസ്ഥാനമായ റീയോ ഡി ജെനെയിരോയിൽ 17-ാംനു- ഞായറാഴ്ച ഉൽഘാടനം ചെയ്യപ്പെട്ടു

ഈ ആഴ്ചയിൽ അത്യാഡംബരപൂർവ്വകമായ സാർവ്വദേശീയദിവ്യകാരുണ്യകോൺഗ്രസ്സ് നടക്കുന്നതു തെക്കെ അമേരിക്കയിലെ ബ്രസ്സീൽരാജ്യത്തിന്റെ തലസ്ഥാനമായ റീയോ ഡി ജെനെയിരോ എന്ന പ്രകൃതിസുന്ദരമായ നഗരത്തിലാണല്ലോ. പ്രസിഡന്റു പെറോണിന്റെ മതമർദ്ദനത്താൽ ഈയിടെ കുപ്രസിദ്ധമായിത്തീർന്നിട്ടുള്ള അർജൻറീനായുടെ തൊട്ടടുത്ത രാജ്യമാണു് ബ്രസ്സീൽ. ഇന്ത്യയുടെ മൂന്നിരട്ടി വിസ്തൃതിയുള്ളതാണു് ഈ രാജ്യം. ലോകത്തിലുള്ള മിക്കവാറും എല്ലാ ജനവിഭാഗങ്ങളും ചേർന്ന അവിടത്തെ ജനസംഖ്യ 5 കോടിയിൽപരം വരും. പ്രമുഖമായ ഒരു കത്തോലിക്കാരാജ്യമാണതു്.

### റിയോഡി ജനെയിരോ

1502 ജനുവരിമാസത്തിലാണു് പോർത്തുഗീസുകാരായ കുടിയേററക്കാർ റീയോ നദീമുഖമെന്നു വിശ്വസിച്ച ആമസോൺ തുറമുഖത്തു കപ്പലടുത്തതു്. റീയോ നദിയേയും പോർത്തുഗീസുകാരുടെ ആഗമനമാസത്തേയും അനുസ്മരിപ്പിക്കുന്നതാണു് റീയോഡി ജെനെയിരോ എന്നുള്ള നഗരനാമം. 1507-ൽ അവിടെ വന്നിറങ്ങിയ ഫ്റഞ്ചുകുടിയേററക്കാരെ തോല്പിച്ചദിവസം വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാളായതുകൊണ്ടു് ആ പട്ടണത്തിനു സെൻറു് സെബാസ്റ്റിൻ എന്നും പേരുണ്ടു്. 20ലക്ഷം ജനമുണ്ടു് ഈ തലസ്ഥാനനഗരിയിൽ. ചേതോഹരമായ സമതലപ്രദേശങ്ങളും, കുന്നുകളും, മലകളും ഇടകലർന്നതാണു് നഗരം. കോൺഗ്രസ്സ് സമ്മേളനരംഗമായ സ്റ്റേഡിയം സർവ്വപ്രകാരേണയും അതിനു പററിയ സ്ഥാനമാണു്. അതിന്റെ പശ്ചാത്തലമായി നിലകൊള്ളുന്നതു് 2000 അടി പൊക്കമുള്ള കൊർക്കവാഡോ കുന്നും അതിന്റെ ഉച്ചിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള 165 അടി ഉയരമുള്ള ക്രിസ്തുവിന്റെ മനോഹരപ്രതിമയുമാണു്. കോൺക്രീററിൽ തീർത്തിട്ടുള്ളതാണു് ഈ പ്രതിമ. നഗരത്തെ ആശ്ലേഷിക്കുന്നതിനെന്നവണ്ണം വിരിച്ചുപിടിച്ചിരിക്കുന്ന ഇരുകരങ്ങളുടെ അററത്തോടററം 92 അടിനീളമുണ്ടു്. നഗരത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും കടലിൽ 50 നാഴിക അകലെനിന്നും ഈ പ്രതിമ ദൃശ്യമാണു്. രാത്രികാലങ്ങളിൽമനോഹരമായിആലക്തികപ്രഭാപൂരത്താൽ അതു പ്രശോഭിതമായിരിക്കും. ഈ കുന്നിന്റെ പാർശ്വത്തിലാണു് നഗരത്തിന്റെ അഭിമാനസ്തംഭമായി നില്ക്കുന്ന റീയോസ്റ്റേഡിയം. വിസ്തൃതവും മനോഹരവുമായ ഈ സ്റ്റേഡിയമാണു് കോൺഗ്രസ്സ് രംഗം.



അത്യുന്നത കർദ്ദിനാൾ
അലോയിസോ ബെനഡിറേറാ മസ്സെല്ലാ
പേപ്പൽ ലെഗേററു്.

### ബ്രസീലിലെ തിരുസഭ

ബ്രസീൽ പ്രമുഖമായ ഒരു കത്തോലിക്കാ രാജ്യമാണെന്നു പറഞ്ഞുവല്ലോ. അവിടെ 20 മെത്രാപ്പോലീത്താമാരും 90 മെത്രാന്മാരുമുണ്ടു്. റീയോ ഡി ജെനെയിറോയിലെ മെത്രാപ്പോലീത്താ ജെയിംസ് കർദ്ദിനാൾ ദെബാറോസ് കാമറാ തിരുമേനിയാണു്. 1946 ലാണു് തിരുമേനി കർദ്ദിനാൾ സ്ഥാനത്തേക്കുയർത്തപ്പെട്ടതു്. കൂടാതെ ബാഹിയാ, സെൻറു പോൾ എന്നീ അതിരൂപതകളുടെ മെത്രാപ്പോലീത്താമാരും കർദ്ദിനാളന്മാരാണു്. അതിവിസ്തൃതമായ ബ്രസ്സീൽരാജ്യത്തു വൈദികരുടെ കുറവുമൂലം കത്തോലിക്കരുടെ ഇടയിൽ പലസ്ഥലത്തും ഭക്തിമാന്ദ്യവും വിശ്വാസക്ഷയവും പ്രത്യക്ഷമാകുന്നുണ്ടു്. കമ്മ്യൂണിസ്റ്റുകളുടെ ശക്തിയായ പ്രചരണവേലകളും മുറയ്ക്കു നടന്നുകൊണ്ടിരിക്കുകയാണു്. ദിവ്യകാരുണ്യകോൺഗ്രസ്സ് ഈ വിശ്വാസമാന്ദ്യത്തിൽനിന്നു അവരെ തട്ടിയുണർത്തുന്നതിനു പര്യാപ്തമാകുമെന്നു വിശ്വസിക്കാം

### കോൺഗ്രസ് പരിപാടി

17-ാംനു— ബ്രസ്സീലിന്റെ സ്വർഗ്ഗീയമദ്ധ്യസ്ഥയായ "അപ്പരേച്ചിയാ" ദൈവമാതാവിന്റെ തിരുസ്വരൂപത്തിന്റെ ആഘോഷമായ സ്വീകരണം—സാർവ്വദേശീയ മിഷ്യനറിപ്രദർശനത്തിന്റെ ഉൽഘാടനം— സാർവ്വലൗകിക കത്തോലിക്കാസംഘടനകളുടെ സമ്മേളനോൽഘാടനം.

18 ാംതീയതി— സാർവ്വദേശീയ "കാരീത്താസ്" പ്രദർശനോൽഘാടനം.

19-ാംതീയതി—പേപ്പൽ ലെഗേററിന്റെ സ്വീകരണം.

20-ാംതീയതി ചർച്ചായോഗങ്ങളുടെ ഉൽഘാടനം.

21-ാംതീയതി— പന്തപ്രദക്ഷിണവും, പാതിരാക്കുർബാനയും.


24-ാംതീയതി—പേപ്പൽ ലെഗേററിന്റെ പോണ്ടിഫിക്കൽ കുർബാന— സമാപനപരിപാടികൾ.

### "ആദ്ധ്യാത്മിക ജീവിതം"

താങ്കറെ (Tanquerey) തുടങ്ങിയ ആദ്ധ്യാത്മികപണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളെ ആസ്പദമാക്കി, മലയാളത്തിൽ തയാറാക്കിയിരിക്കുന്ന ഈ പുസ്തകം എറണാകുളം മാർ ളൂയിസ് മെമ്മോറിയൽ പ്രസ്സിൽ അച്ചടിച്ചുവരുന്നു.

### സജ്ജീകരണങ്ങൾ

സമ്മേളനത്തിനുള്ള "രംഗം" സജ്ജീകരിക്കുന്നതിൽ നിരവധി ജനങ്ങൾ അനേകം ദിവസങ്ങളായി അഹോരാത്രം ബദ്ധശ്രദ്ധരായിരിക്കുകയാണു്. ക്രിസ്തുനാഥപ്രതിമ സ്ഥാപിച്ചിരിക്കുന്ന "ഷുഗർ ലോഫ്" മലയ്ക്കും നഗരത്തിനും ഇടയ്ക്കുണ്ടായിരുന്ന ഒരു കുന്നു ഇളക്കിയെടുത്തു കടലിടുക്കിലെ ഒരു ഭാഗം നികത്തിയാണു് 75 ഏക്കർ വിസ്തീർണ്ണമുള്ള സമ്മേളനരംഗമുണ്ടാക്കിയിട്ടുള്ളതു്. 5 ലക്ഷത്തിൽപരം പവൻ അതിനു ചിലവായിട്ടുണ്ടത്രെ. നൂറടിപ്പൊക്കത്തിലുള്ള ഒരു കൊടിമരത്തിലാണു് മാർപ്പാപ്പായുടെ സ്വർണ്ണക്കിരീടവും താക്കോലുകളും ചേർന്ന സ്ഥാനമുദ്രയാൽ അങ്കിതമായ വലിയ കൊടിക്കൂറ പാറിക്കളിച്ചുകൊണ്ടിരിക്കുന്നതു്. നാനാരാജ്യങ്ങളിൽനിന്നും ജനാവലി റീയോവിലേക്കു പ്രവഹിച്ചുകൊണ്ടിരിക്കുകയാണു്.



അത്യുന്നത കർദ്ദിനാൾ
ജയിംസ് ദെബാറോസ്
കാമറാ
റീയോ മെത്രാപ്പോലീത്താ


17-ാംതീയതി രാവിലെ സമ്മേളനരംഗത്തു തയാറാക്കിയിട്ടുള്ള മനോഹരമായ പവിലിയൻ അൾത്താരയിൽ കർദ്ദിനാൾ മെത്രാപ്പോലീത്താ ജയിംസ് ഡെബാറോസ് കാമറാ തിരുമനസ്സുകൊണ്ടു് പ്രാരംഭദിവ്യബലി അർപ്പിക്കുകയും ആയിരമായിരം ജനങ്ങൾ ഭക്തിപൂർവ്വം അതിൽ സംബന്ധിക്കുകയും ചെയ്തു.

കോൺഗ്രസ്സിന്റെ സമാരംഭ പൊതുപരിപാടിയായി ഇന്നു ഒരു നഗരപ്രദക്ഷിണം നടത്തപ്പെട്ടു. സ്ഥാനവസ്ത്രങ്ങൾ ധരിച്ച 10 കർദ്ദിനാളന്മാരും ഒരുനൂറോളം മെത്രാന്മാരും, വെള്ളവസ്ത്രങ്ങൾ ധരിച്ച അനേകായിരം സ്കൂൾവിദ്യാർത്ഥികളും, അവരവരുടെ ദേശീയവസ്ത്രങ്ങൾ ധരിച്ച അനേകശതം വിദേശീയതീർത്ഥകരും അതിൽ പങ്കെടുത്തു ഭക്തഗാനങ്ങൾ ആലപിച്ചുകൊണ്ടു് ഒരു മനുഷ്യമഹാസമുദ്രം 75 ഏക്കറുള്ള കോൺഗ്രസ്സ് മൈതാനത്തിലേക്കു പ്രവഹിച്ചുകൊണ്ടിരുന്നു. ഏകദേശം പതിനായിരം വിദേശതീർത്ഥകർ ഇതിനകം എത്തിക്കഴിഞ്ഞിട്ടുണ്ടു്. അനേകം കപ്പലുകൾ തീർത്ഥകരെ റിയോയിൽ കൊണ്ടിറക്കുന്നതിൽ വ്യാപൃതമായിരിക്കുകയാണു്. കപ്പലുകൾ പലതും ഈ ആഴ്ചയിൽ തുറമുഖത്തുതന്നെ ഉണ്ടായിരിക്കുന്നതും തീർത്ഥകരുടെ താമസത്തിനും ഭക്ഷണാദിസൗകര്യങ്ങൾക്കും ഉപയോഗപ്പെടുത്തുന്നതുമായിരിക്കും.

### പേപ്പൽലെഗേററിന്റെ ആഗമനം

ബ്രസ്സീൽ തലസ്ഥാനവും തുറമുഖനഗരവുമായ റീയോഡി ജെനെയിരോയിൽ ജൂലൈ 16-ാംതീയതി വൈകിട്ടു് ജെററു് വിമാനങ്ങൾ അന്തരീക്ഷത്തിൽ അകമ്പടിസേവിച്ചും, പീരങ്കികളുടെ സ്വാഗതഗർജ്ജനവും ഘണ്ടാരവവും ശ്രവിച്ചും "അഗസ്റ്റസ്" എന്ന മനോഹരമായ ഇററാലിയൻ കപ്പൽ പേപ്പൽ ലെഗേററു് അത്യുന്നത കർദ്ദിനാൾ അലോയിസൊ ബെനഡിറേറാ മസ്സെല്ലാ തിരുമേനിയേയും വഹിച്ചുകൊണ്ടു വന്നടുത്തു. ബ്രസ്സീലിന്റെ പ്രസിഡൻറു് സെനോർ ജൊവാഓ കാഫെ ഫിൽഹോ (പ്രോട്ടസ്റ്റൻറു്) ലെഗേററു തിരുമേനിയെ ഔദ്യോഗികമായി സ്വീകരിച്ചു. റോമിൽനിന്നു ലെഗേററു തിരുമേനിയോടൊന്നിച്ചു യാത്രചെയ്തിരുന്ന ശ്രദ്ധാർഹരായ രണ്ടു വ്യക്തികളാണു് അർജൻറീനായിൽനിന്നും പെറോണിനാൽ നാടുകടത്തപ്പെട്ടവരായ മോൺ. മാനുവൽ ടാറേറായും മോൺ. റാമോൻ നൊവോവായും. (കോൺഗ്രസ്സ് കഴിഞ്ഞു അവർ അർജൻറീനായിലേക്കു പോകുന്നതാണു് എന്നറിയുന്നു)

—ഠ—



കോൺഗ്രസ്സ് സമ്മേളനസ്ഥലമായ റീയോ ഡി ജെനെയിറോ

**Wanted**

A qualified Drill Master in a permanent vacancy. Apply stating qualifications.

Manager,
St. Mary's H. School,
Alwaye.

ട്ടതു് യാക്കോബായസഭയിലായിരുന്നില്ലേ? എന്തുകൊണ്ടു് ആ സഭ പുരോഗമിച്ചില്ല; ഇന്നും പുരോഗമിക്കുന്നില്ല?

രോഗശയ്യയിൽ അദ്ദേഹത്തെ ഞാൻ ചെന്നു കണ്ടു. പ്രവർത്തിച്ചു ക്ഷീണിച്ചുപോയി ആ ശരീരം. അക്ഷയതപം ധരിപ്പാൻ വാഞ്ഛിച്ചുകൊണ്ടു കിടക്കയാണു് ആ യോഗിവര്യൻ. പത്തുപതിമൂന്നുവർഷംമുമ്പേ ഞാൻ കണ്ട ആ തിരുമേനി ഇന്നിതാ ക്ഷീണിച്ചു വിവശനായി കിടക്കുന്നു. "നല്ല ഓട്ടം ഓടി. പോർ പൊരുതു. നീതിയുടെ കിരീടത്തിനായി വാഞ്ഛിച്ചു" അദ്ദേഹം ദിവസങ്ങളെ സമാപിപ്പിച്ചു. ഇന്നും യാക്കോബായസമുദായം. പഴയ കെടുതിയിൽത്തന്നെ.

## സ്വർഗ്ഗരാജ്ഞി

ദേവമാതാവിന്റെ സ്ഥാനങ്ങളും വരങ്ങളും, അവയുടെ വിശദീകരണവും, സംശയനിവാരണവും, സംബന്ധിച്ചു് വെ. റവ. മോൺ. ജേക്കബ്ബ് നടുവത്തുശേരി അവർകൾ സത്യദീപത്തിൽ തുടർച്ചയായി എഴുതിയിരുന്ന ലേഖനങ്ങളുടെ സമാഹാരമായി, ക്രൗൺ എട്ടിലൊന്നു സൈസിൽ, നൂറു പേജിൽ കമനീയമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ ഗ്രന്ഥത്തിനു വില 6 ണ മാത്രം.

കച്ചവടക്കാർക്കു് പത്തിനു രണ്ടു കമ്മീഷൻ.

ആവശ്യപ്പെടുക:
മാർ ളൂയിസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം—1

## ചരമവാർത്തകൾ

**പൊൻകുന്നം:** ഒരു പെൻഷ്യൻഡ് അദ്ധ്യാപകനായ പുതുപ്പറമ്പിൽ ശ്രീ പി.ഡി. തൊമ്മി 60-ാമത്തെ വയസ്സിൽ പെട്ടെന്നുണ്ടായ ഒരു സുഖക്കേടുനിമിത്തം മരിച്ചിരിക്കുന്നു. ശവസംസ്കാരം സ്ഥലം തിരുക്കുടുംബദേവാലയ സിമിത്തേരിയിൽ യഥോചിതം നടത്തപ്പെട്ടു.

**വേമ്പനാർ:** ഈ ഇടവക ശ്രീ മത്തായി വണ്ടന്നൂരിന്റെ പുത്രി അന്ന 24-ാമത്തെ വയസ്സിൽ ഹൃദ്രോഗംമൂലം ജൂലൈ 7-ാംനു കർത്താവിൽ ഭാഗ്യനിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം റവ. ഫാദർ അന്തോണിനൂസ് ടി. ഒ. സി. ഡി. അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

**തിടനാട്:** ഈ ഇടവക പുലിക്കുന്നേൽ തൊമ്മൻ തൊമ്മൻ എഴുപതാമത്തെ വയസ്സിൽ ജൂൺ 22-ാംനു കർത്താവിൽ നിദ്രപ്രാപിച്ചു. 23-ാംനു അനേകം വൈദികരുടെ സാന്നിദ്ധ്യത്തിൽ ശവസംസ്കാരം നടത്തി. സാധുക്കൾക്കു രൂപായും അന്നദാനവും അന്നേദിവസം നൽകി. ഇടക്കുന്നം ആനക്കല്ലുപള്ളിക്കു ആവശ്യമുള്ള അഞ്ചേക്കർസ്ഥലം പരേതൻ ദാനമായി കൊടുത്തിട്ടുള്ളതാണു്.

R. I. P.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 ‖ ERNAKULAM, 20 JULY | No. 47


## ഇന്ത്യയിലെ അൽമായപ്രേഷിതത്വം

1955 ഡിസമ്പർ 14-ാം തീയതി മുതൽ 21-ാം തീയതിവരെ ഒരാഴ്ചക്കാലം നാഗപ്പൂരിൽവച്ചു ഒന്നാമത്തെ അഖിലേന്ത്യാ അൽമായനേതൃസമ്മേളനം നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നതായി ഇന്ത്യൻ കാത്തലിക്ക് ബിഷപ്പ്സ് കോൺഫറൻസിലെ കാത്തലിക്ക് ആക്ഷൻ ഡയറക്ടറും, അഖിലേന്ത്യാ അൽമായനേതൃസമ്മേളനം ഓർഗനൈസറുമായ പോണ്ടിച്ചേരി അതിരൂപതാ സഹായമെത്രാൻ റൈററ് റവ. ഡോക്ടർ ആർ. അംബ്രോസ് തിരുമേനി ഒരു സർക്കുലർമൂലം പൊതുജനങ്ങളെ അറിയിച്ചിരിക്കുന്നു. ഇന്ത്യയിലെ കത്തോലിക്കാ അൽമായനേതാക്കന്മാരേയും ജനങ്ങളേയും സംഘടിപ്പിക്കുന്നതിനും കത്തോലിക്കാ പ്രവർത്തനസരണികളിൽക്കൂടി അവരുടെ പ്രേഷിതത്വത്തെ നയിക്കുന്നതിനും ഏതാനും ചില സംരംഭങ്ങൾ ഇതിനു മുമ്പുണ്ടായിട്ടുണ്ടെങ്കിലും, കത്തോലിക്കാ ഹയരാർക്കിയുടെ അംഗീകരണത്തോടും ആശീസ്സോടുംകൂടി ഏതാനുംകാലം അവ പ്രവർത്തിച്ചുകൊണ്ടുപോന്നിട്ടുണ്ടെങ്കിലുംഔദ്യോഗികവും പൂർണ്ണവുമായ ഒരു ശ്രമം ഇക്കാര്യത്തിൽ ഇതാദ്യമാണെന്നുതന്നെ പറയാം. ഏതാദൃശമായ ഒരു പ്രസ്ഥാനത്തിന്റെ അത്യാവശ്യകതയും ഇപ്പോൾ ഒഴിച്ചുവയ്ക്കാൻ പാടില്ലാത്ത പതനത്തിൽ എത്തിക്കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് അഖിലേന്ത്യാ കാത്തലിക്ക് ബിഷപ്പ്സ് കൗൺസിൽ അതിൽ മുൻകൈയെടുത്തു പ്രവർത്തിക്കുന്നതിനു തീരുമാനിച്ചതു്. സർക്കുലറിൽ ഇതേപ്പററി പറഞ്ഞിരിക്കുന്നതിപ്രകാരമാണ്:-

"എല്ലാ ജീവിതവ്യാപാരങ്ങളിലും ക്രിസ്തുവിന്റെ നീതിയുടേയും, ശാന്തിയുടേയും, സ്നേഹത്തിന്റേയും സാമ്രാജ്യം സ്ഥാപിക്കുന്നതിന് അൽമായരും വൈദികാധികാരികളുമായി കൂടുതൽ സഹകരിക്കണമെന്നുള്ള പരിശുദ്ധ പിതാവിന്റെ അഭിലാഷത്തെ ആദരിച്ച് കഴിഞ്ഞ ഫെബ്രുവരിമാസത്തിൽ ബാങ്കളൂരിൽവച്ചു അഖിലേന്ത്യാ കാത്തലിക്ക് ബിഷപ്പന്മാരുടെ കൗൺസിൽ, ഒരഖിലേന്ത്യാ അൽമായനേതൃസമ്മേളനം 1955 ഡിസമ്പറിൽ നാഗപ്പൂരിൽവച്ചു നടത്തണമെന്നു തീരുമാനിച്ചിരിക്കുകയാണല്ലോ.

"സമ്മേളനത്തിന്റെ ലക്ഷ്യങ്ങൾ:- (a) ഇന്ത്യയിലെ അൽമായപ്രേഷിതത്വത്തിനു സംഘടനകളുടെ ഊർജ്ജസ്വലരായ നേതാക്കളെ രൂപവൽക്കരിക്കുന്നതിനും ഒരുക്കുന്നതിനുമുള്ള യത്നങ്ങളെ ശക്തിപ്പെടുത്തുക; (b) കത്തോലിക്കാ നേതാക്കന്മാർ പരസ്പരം അറിയുന്നതിനും ഇന്നു ഇന്ത്യയിലെ കത്തോലിക്കർക്കു പ്രത്യേകതാല്പര്യമുള്ള ചില പ്രശ്നങ്ങൾ പഠിക്കുന്നതിനും അവസരം നൽകുക; (c) കത്തോലിക്കാ അൽമായർക്കു സ്വതമിച്ചു പ്രവർത്തിക്കുന്നതിനുതകുന്ന വിവിധ രീതിയിലുള്ള പ്രേഷിതത്വത്തെപ്പററി ആശയവിനിമയം ചെയ്യുക." [illegible]വയാണ്.

### നടപടികൾ

സമ്മേളനത്തിൽ നിർവ്വഹിക്കപ്പെടുന്ന പരിപാടികളുടെ വിശദരൂപം ഇനിയും അറിവായിട്ടില്ല. എങ്കിലും അൽമായപ്രേഷിതത്വത്തെ സംബന്ധിക്കുന്ന ചർച്ചകൾക്കു മൂന്നുദിവസവും, സാമൂഹികപ്രശ്നങ്ങൾക്കു രണ്ടുദിവസവും, അദ്ധ്യാപകകൺവൻഷനു രണ്ടുദിവസവും, ഇങ്ങനെയാണു നിശ്ചയിച്ചിരിക്കുന്നതു്. അടിസ്ഥാനസിദ്ധാന്തങ്ങളെപ്പററിയുള്ള റിപ്പോർട്ടിനു പൊതുസമ്മേളനവും, ഇന്ത്യക്കു പ്രത്യേകതാല്പര്യമുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിനു പ്രത്യേകയോഗങ്ങളും നടത്തപ്പെടുന്നതാണ്.

ഇന്ത്യ മുഴുവനിൽനിന്നും അൽമായപ്രേഷിതസംഘടനകളുടെ നേതാക്കന്മാരേയും, ഡോക്ടർമാർ, അഭിഭാഷകർ, വിദ്യാഭ്യാസപ്രവർത്തകർ, നേഴ്സുകൾമുതലായ പൊതുജനസേവകരേയും, സൊഡാലിസ്റ്റുകൾ, ലീജിയൻകാർ, സർവ്വകലാശാലാ വിദ്യാർത്ഥികൾ മുതലായവരേയും സമ്മേളനത്തിൽ പങ്കെടുക്കുന്നതിനു ക്ഷണിക്കുകയും, അവർക്കുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടു്. സമ്മേളനത്തിൽ ഉപയോഗിക്കപ്പെടുന്ന ഔദ്യോഗികഭാഷ ഇംഗ്ലീഷായിരിക്കും. ചുരുക്കം ചില പരിപാടികളിൽ ഇംഗ്ലീഷ് ഭാഷാനഭിജ്ഞന്മാരെ ഉദ്ദേശിച്ചു ഹിന്ദിയും ഉപയോഗപ്പെടുത്തുന്നതാണ്.

ഏവംവിധം സ്വതന്ത്രഇന്ത്യയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുന്ന ഏററം പ്രധാനമായ ഈ സന്ധിയിൽ, ഭാരതത്തിന്റെ സംസ്കാരശ്രേണികളിൽ അദ്വിതീയമായ സ്ഥാനം കൈവരിച്ചുകഴിഞ്ഞിട്ടുള്ള ക്രിസ്തുമതസംസ്കാരത്തെ ഫലപ്രദമായി പ്രവർത്തിപ്പിക്കുവാൻ ക്രൈസ്തവർക്കുള്ള കർത്തവ്യത്തെ പ്രായോഗികമാക്കുന്നതിനു അവശ്യാവശ്യമായ ഒരു അൽമായസംഘടനയ്ക്കു കത്തോലിക്കാപ്രവർത്തനത്തിന്റെ മഹത്തായ ആദർശത്തിൽ രൂപംകൊടുക്കുന്നതിനു എല്ലാ കത്തോലിക്കരും ഈ അവസരത്തെ പരമാവധി ഉപയോഗപ്പെടുത്തണമെന്നു ഞങ്ങൾ ഉൽബോധിപ്പിച്ചുകൊള്ളട്ടെ.


# സത്യദീപം

## 29-ാം വയസ്സിലേക്ക്

അടുത്ത ലക്കത്തോടുകൂടി സത്യദീപത്തിന്റെ 28-ാംവാല്യം അവസാനിക്കുന്നു. ഭാരതത്തിന്റെ സ്വാതന്ത്ര്യസമ്പാദനദിനത്തേയും, സ്വർഗ്ഗരാജ്ഞിയായ പരിശുദ്ധകന്യകമറിയത്തിന്റെ സ്വർഗ്ഗാരോപണമഹാസംഭവത്തേയും അനുസ്മരിച്ച്

## ആഗസ്റ്റ് 10-ാംനു-

**കൂടുതൽ പേജുകളോടും**

**നൂതനസംവിധാനങ്ങളോടുംകൂടി**

29-ാം വാല്യം 1-ാം ലക്കം

## "സ്പെഷൽ പതിപ്പ്"

പുറത്തിറങ്ങുന്നതാണ്

**സൂചന:—**

സത്യദീപത്തിന്റെ ഓരോ വാല്യവും കൂട്ടിക്കുത്തി പുസ്തകമായി സൂക്ഷിക്കുക. വിഷയസൂചി അടുത്തലക്കത്തോടുകൂടി അയച്ചുതരുന്നതാണ്.

പുതിയ വരിക്കാരായി ചേരുവാനും, പഴയ ഇടപാടുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ തീർത്തു, പുതിയ വാല്യത്തിനു മുൻകൂറടയ്ക്കുവാനുമുള്ള അവസരം ഇതാണ്.

മാനേജർ

സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0

ഇൻഡ്യക്കു പുറമെ " 8—12—0


### അടുത്തയാഴ്ചയിൽ

ജൂലൈ

21 വ്യാ: വി. പ്രക്സേദിസ്

22 വെ: വി. മറിയം മഗ്ദലൈത്ത

23 ശ: വി. അപ്പോളിനാരീസ്

24 ഞാ: പന്തക്കുസ്ത 8-ാംഞായർ

25 തി: വി. യാക്കോബ് ശ്ലീഹാ

26 ചൊ: വി. അന്നാമ്മ

27: ബു: വി. പന്തലിയോൻ

## പ്രസാധകക്കുറിപ്പുകൾ

### മദ്ധ്യപ്രദേശത്തിലെ

## മതവിരുദ്ധ നടപടികൾ

മദ്ധ്യപ്രദേശ് ഡിസ്ട്രിക്ട്കളിൽ ക്രിസ്ത്യൻ മിഷനറിമാർക്കെതിരായും കത്തോലിക്കാസഭയ്ക്കെതിരായും സ്വീകരിക്കപ്പെട്ടിട്ടുള്ള നടപടികൾ അനുദിനം രൂക്ഷമായിത്തീരുന്നതായിട്ടാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നതു്. കടുത്ത വർഗ്ഗീയവാദികളുടെ അനിയന്ത്രിതമായ വിളയാട്ടങ്ങളും ഗവർമ്മെൻറിന്റെ ക്രിസ്തീയവിരുദ്ധമായ പക്ഷപാതവും കൈയേററങ്ങളിലും കൊലപാതകങ്ങളിലും കൊണ്ടെത്തിച്ചിട്ടുണ്ടു് സംഭവഗതികളെ. സ്ഥിതിഗതികളെ വിശദമാക്കിയും പരിരക്ഷാനടപടികൾ ഊർജ്ജിതപ്പെടുത്തണമെന്നഭ്യർത്ഥിച്ചും നാഗപ്പൂർ മെത്രാപ്പോലീത്താ ഡോക്ടർ യൂജിൻ ഡിസൂസ തിരുമേനി ഇന്ത്യയുടെ പ്രസിഡൻറ് ഡോക്ടർ രാജേന്ദ്രപ്രസാദ് അവർകൾക്കയച്ചിട്ടുള്ള ഒരു കത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:-

"മേയ്മാസം 26-ാം തീയതി നമ്മൾ തമ്മിൽ നടന്ന അഭിമുഖസന്ദർശനത്തിനിടയിൽ നിങ്ങൾ തന്നെ പ്രസ്താവിച്ചുവല്ലോ, ഇവിടത്തെ ക്രിസ്തീയസമുദായം എന്നും രാജ്യഭക്തരായി നിലകൊണ്ടിട്ടുണ്ടെന്നും സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ദേശീയപോരാട്ടത്തിൽ അതു ആത്മാർത്ഥമായി പ്രവർത്തിച്ചിട്ടുണ്ടെന്നും. എന്നാൽ ഇത്ര പെട്ടെന്നു, ഒററ രാത്രികൊണ്ടു്, സംഗതികൾ എങ്ങനെ മാറിമറിഞ്ഞുവെന്നും ഞങ്ങൾ രാജ്യദ്രോഹികളായി മുദ്രയടിക്കപ്പെട്ടുവെന്നും ഞങ്ങൾക്കു മനസ്സിലാകുന്നില്ല. ക്രിസ്തീയസമുദായം മുഴുവനും ഇങ്ങനെ ഒരു കാർമ്മേഘത്തിനിടയിൽ മറച്ചുവയ്ക്കപ്പെട്ടിരിക്കുന്നുവെന്നറിയുന്നതിൽ ഞങ്ങൾക്കു എത്ര മനോവേദനയുണ്ടെന്നു നിങ്ങൾ മനസ്സിലാക്കുമെന്നു് എനിക്കുറപ്പുണ്ടു്," എന്നുള്ള ആമുഖത്തോടുകൂടിയാണ് കത്താരംഭിച്ചിരിക്കുന്നതു്.

വർഗ്ഗീയവാദികളുടെ പ്രവർത്തനങ്ങളും ഡോ. ഭവാനി ശങ്കർ നിയോഗിയുടെ അദ്ധ്യക്ഷതയിൽ നിയോഗിക്കപ്പെട്ട അന്വേഷണക്കമ്മററിയുടെ പക്ഷപാതപരമായ നിലപാടുമാണ് കാര്യങ്ങളെ ഇത്രമേൽ വിഷമകരമാക്കിയതെന്നു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു വിശദമാക്കി. "ഏതാനും മാസങ്ങളായി സംഗതികൾ വളരെവേഗം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇതെവിടെച്ചെന്നവസാനിക്കുമെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. ഗവർമ്മെൻറിന്റെ വാഗ്ദാനങ്ങൾ അടിക്കടി ഉണ്ടാകുന്നുണ്ടെങ്കിലും സ്ഥിതിഗതികളിൽ യാതൊരു വ്യത്യാസവും ദൃശ്യമാകുന്നില്ല. മത്സരബുദ്ധി വർദ്ധിച്ചുവരുന്നു; ഞങ്ങളുടെ ശുഭാപ്തിവിശ്വാസം തകർന്നുകൊണ്ടിരിക്കുകയാണ്. ചിന്തിക്കാവുന്നതിൽ ഏററം ഹീനമായ അലട്ടുകൾക്കു കത്തോലിക്കർ വിധേയരാക്കപ്പെടുകയാണ് എന്നു ഞാൻ പറയുമ്പോൾ യാതൊരതിശയോക്തിയും ഉപയോഗിക്കുകയല്ല. പുലരുന്ന ഓരോ ദിനവും ഏതു പുതിയ വിഷമതയാണു വന്നുചേരുവാൻ പോകുന്നതെന്നുള്ള ഭീതിയോടെയാണ് അക്ഷരാർത്ഥത്തിൽ അവർ ഉററുനോക്കിക്കൊണ്ടിരിക്കുന്നതു്.

"കഴിഞ്ഞ രണ്ടുകൊല്ലമായി ഏററം നിസ്സാരമായ കാരണങ്ങളെ ആസ്പദമാക്കി ക്രിസ്ത്യാനികൾക്കും മിഷനറിമാർക്കും എതിരായി ക്രിമിനൽക്കേസ്സുകളുടെ ഒരു പ്രവാഹംതന്നെ നടന്നുകൊണ്ടിരിക്കുന്നു. ക്രിസ്ത്യാനികളെ അലട്ടുന്നതു അവരുടെ ആനന്ദമായി കരുതുന്ന വർഗ്ഗീയവാദികളുടെ ഉപജാപത്തിന്റെ ഫലമായിട്ടാണ് ഒട്ടുവളരെ ഇല്ലാക്കുററങ്ങൾ അവരുടെമേൽ ആരോപിക്കപ്പെട്ടിട്ടുള്ളതു്. ഈ ക്രിമിനൽക്കേസ്സുകളുടെ നടപടിക്രമം പരിശോധിച്ചാൽ കാണാം അവിടത്തെ സ്ഥിതിഗതികളുടെ ഗൗരവാവസ്ഥയുടെ ചില പുറംരേഖകൾ. പ്രതികളെ യാതൊരു വിചാരണയും ചെയ്യാതെ അനേകം പ്രാവശ്യം വളരെ ദൂരത്തിൽ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളിൽ ഹാജരാകുന്നതിനു നിർബന്ധിക്കുന്നു, അനേകം കേസ്സുകളിൽ പ്രത്യക്ഷത്തിൽ ന്യായവിരുദ്ധമായ വിധിത്തീർപ്പുകൾ കല്പിച്ചിരിക്കുന്നു. സർ, ഇതു മതപീഡനമല്ലെങ്കിൽ പിന്നെന്താണിതിനു പേരുപറയുക?"

മെത്രാപ്പോലീത്താ തിരുമേനി ക്രിസ്ത്യാനികളായ ആദിവാസികൾക്കെതിരായി, പ്രത്യേകിച്ചു വിദ്യാഭ്യാസകാര്യത്തിൽ ഗവർമ്മെൻറനുവർത്തിക്കുന്ന നീതിവിരുദ്ധമായ നടപടികളേയും തന്മൂലം അവരിൽ സംജാതമായിരിക്കുന്ന

കഠിനമായ വിദ്വേഷമനസ്ഥിതിയേയും പ്രകടമാക്കിയശേഷം ഈ വിഷമസന്ധിയിൽ പ്രസിഡൻറ് അവർകൾ ഇടപെട്ട് ക്രിസ്ത്യാനികൾക്കു നിഷേധിക്കപ്പെട്ടിരിക്കുന്ന പൗരപരമായ മൗലികാവകാശങ്ങളെ അവർക്കു ലഭ്യമാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടാണ് എഴുത്തവസാനിപ്പിച്ചിരിക്കുന്നത്.

x x x

### മിഷനറിമാർക്കെതിരായ
## കള്ളക്കേസ്സുകൾ പിൻവലിക്കണം


റെയ്ഗാർ, സുർഗ്ഗുജാ ഡിസ്ട്രിക്റ്റുകളിൽ കത്തോലിക്കാ മിഷനറിമാർക്കെതിരായി ഫയൽചെയ്യപ്പെട്ടിട്ടുള്ള കേസ്സുകൾ ഉടനെ പിൻവലിക്കുന്നതിനു ഉത്തരവു പാസാക്കണമെന്നാവശ്യപ്പെടുന്ന ഒരു ഹർജി മദ്ധ്യപ്രദേശ് പ്രധാനമന്ത്രിയായ പണ്ഡിററ് ശുക്ലാ‍യ്ക്കു നാഗപ്പൂർ അതിരൂപതയിൽപ്പെട്ട നാലു മെത്രാന്മാരുടേയും പേർക്കു അവരുടെ നിയമോപദേഷ്ടാവായ മി. പൊളിക്കാപ്പു ലോബോ സമർപ്പിച്ചിരിക്കുന്നു. മി. ലോബോ മൂന്നാഴ്ചമുമ്പ് ഹോംമിനിസ്റ്റർ പണ്ഡിററ് പാന്തു്, ഫോറിൻ സെക്രട്ടറി മിനിസ്ട്രി ഓഫ് എക്സ്റ്റേണൽ അഫേഴ്സ് മി. ആർ. കെ. നെഹ്രു എന്നിവരെ കണ്ടു നിവേദനം സമർപ്പിച്ചതിനെത്തുടർന്നു ചീഫ്മിനിസ്റ്ററിൽനിന്നു ലഭിച്ച നിർദ്ദേശമനുസരിച്ചാണ് ഹർജി സമർപ്പിച്ചിട്ടുള്ളതു്. മിഷനറിമാർക്കെതിരായി നിലവിലുള്ള കേസ്സുകളുടെ ഒരു പട്ടിക അദ്ദേഹം നിവേദനത്തിൽ കാണിച്ചിരുന്നു. അതേ സമയം ഒരു ദേവാലയം അശുദ്ധമാക്കിയ ഒരു ഹിന്ദുവിനെതിരായുള്ള കേസ്സിൽ മജിസ്ട്രേട്ട് സ്വീകരിച്ച നീതിവിരുദ്ധമായ നടപടിയേയും എടുത്തുകാണിച്ചിരുന്നു. ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിററ് നെഹ്രുതന്നെ ഈയിടെ, "വളരെ നിരാശാപരമായ സാഹചര്യ"മാണു നിലവിലുള്ളതെന്നു പ്രസ്താവിച്ച അവിടത്തെ അഴിമതികളെല്ലാം മി. ലോബോ വ്യക്തമാക്കിയിട്ടുണ്ട്. മിഷനറിമാർക്കെതിരായി കൊണ്ടുവന്നിട്ടുള്ള ചാർജ്ജുകളുടെ സ്വഭാവത്തിൽനിന്നുതന്നെ അവ "രാജ്യസേവക് സംഘം" മുതലായ വർഗ്ഗീയസംഘടനകളുടെ വേലത്തരങ്ങളാണെന്നു തെളിയുന്നുണ്ട്. അവരുടെ ലക്ഷ്യം ഈ മിഷനറിമാരെ ഉലയ്ക്കണമെന്നുമാത്രമാണ്. പോലീസ് വകുപ്പു ഈ ദുരുദ്ദേശത്തെ പ്രായോഗികമാക്കുന്നതിൽ നീതിവിരുദ്ധമായി സഹകരിച്ചുകൊണ്ടുമിരിക്കുന്നു.

നിയോഗി അന്വേഷണക്കമ്മററിയുടെ പ്രവൃത്തനങ്ങളെപ്പററിയും ഹർജിയിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. കമ്മററി ക്രിസ്തീയവിരുദ്ധസംഘടനകളുടെ ഒരു ഏജണ്ടെന്നനിലയിൽ പക്ഷപാതപരമായി പ്രവൃത്തിക്കുന്ന നിരവധിസംഭവങ്ങൾ മി. ലോബൊ എടുത്തുകാണിച്ചിട്ടുണ്ട്. 1954 ഏപ്രിൽമാസത്തിൽ ഈ കമ്മററി നിയമിക്കപ്പെട്ടതിനുശേഷമാണ് മിഷ്യനറിമാരുടെ പേരിൽ ആരോപണങ്ങൾ ഒന്നൊന്നായി പുറത്തുവന്നതു്. ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നതായി ആരോപിക്കപ്പെട്ട നിരവധി കേസ്സുകളെപ്പററി അന്വേഷണം നടത്തുന്നതിനു പ്രവൃത്തനമാരംഭിച്ച ഈ കമ്മററി ഇപ്പോൾ ക്രിസ്ത്യാനികളെ പ്രതിപക്ഷത്തു നിർത്തിയിരിക്കുകയാണ്. കത്തോലിക്കാ സ്കൂളുകൾക്കെതിരായി സ്വീകരിച്ചിട്ടുള്ള നീതിവിരുദ്ധമായ നടപടികളേയും ഹർജിയിൽ വിശദീകരിച്ചിട്ടുണ്ട്. കത്തോലിക്കാ സ്കൂളുകൾക്കു അംഗീകാരമില്ല, ഗ്രാൻറില്ല, കത്തോലിക്കാ കുട്ടികൾ ഒന്നടങ്കം പരീക്ഷയിൽ തോല്ക്കുന്നു. ഇതവർ മണ്ടന്മാരായിട്ടാണെന്നു വിചാരിക്കരുതു്. പഴയ കൊല്ലങ്ങളിലെ പ്രശസ്തമായ വിജയശതമാനം അതു തെളിയിക്കുന്നു. ഇപ്രകാരം നാനാതരത്തിൽ മദ്ധ്യപ്രദേശം ഭാരതത്തിൻെറ മുഖത്തു കരിതേക്കുന്ന ഒരു മതവിരുദ്ധപരിപാടിയാണ് രംഗത്തിറക്കിയിരിക്കുന്നതു്. "നിരാശാപരമായ ഈ സാഹചര്യത്തെ" തുടച്ചുനീക്കി ഭാരതത്തിൻെറ ചരിത്രത്തിൽ കളങ്കംചേർക്കുന്ന വർഗ്ഗീയതയെ അവസാനിപ്പിച്ചു മർദ്ദനത്തിൻെറ മാർഗ്ഗത്തിൽനിന്നു പ്രതിനിവർത്തിക്കുന്നതിനു മദ്ധ്യപ്രദേശത്തെ ഗവമ്മേണ്ടും ഇൻഡ്യാഗവമ്മെൻറും വിളംബം വിനാ വേണ്ടതു പ്രവൃത്തിക്കുമെന്നു വിചാരിക്കാം.

x x x

### ജനീവാ കോൺഫറൻസിനു
## മാർപ്പാപ്പായുടെ ആഹ്വാനം

ഈ ആഴ്ചയിൽ ജനീവായിൽ നടന്നുകൊണ്ടിരിക്കുന്ന നാലു മഹച്ഛക്തികളുടെ "ഉന്നതതല" കോൺഫറൻസ് ലോകത്തിൻെറ ഉൽക്കണ്ഠയെ അതിമാത്രം ഉത്തേ



Sr. Alphonsa, I.C.

# FOR FAVOURS RECEIVED

✠ J. Parecattil

ജിപ്പിച്ചുകഴിഞ്ഞിരിക്കുകയാണല്ലോ. അതു ലോകം അഭിലഷിച്ചുകൊണ്ടും ആവേശപൂർവ്വം പ്രതീക്ഷിച്ചുകൊണ്ടുമിരിക്കുന്ന സമാധാനത്തിനുള്ള മാർഗ്ഗങ്ങളെ സുഗമമാക്കുമോ, ഒരു ശക്തിസംഘട്ടനത്തിലേക്കും യുദ്ധപരിതസ്ഥിതികളിലേക്കും ആനയിക്കുമോ എന്നുള്ളതാണ് ഭയാശങ്കകൾക്കു നിദാനമായിരിക്കുന്നതു്. അതിൽ പങ്കെടുക്കുന്ന രാഷ്ട്രങ്ങൾ സദുദ്ദേശത്തോടും ലോകസമാധാനസ്ഥാപനത്തിനുള്ള വ്യഗ്രതയോടുംകൂടിയാണ് പരിശ്രമിക്കുന്നതെന്നു ഓരോ വിധത്തിൽ ലോകജനതയ്ക്കുറപ്പുനൽകിയിട്ടുണ്ട്. എങ്കിലും ആദർശങ്ങളിൽ ധ്രുവാന്തരങ്ങളുള്ള പ്രസ്തുത ശക്തികൾ ഓരോന്നും സൗമനസ്യപൂർവ്വം വർത്തിക്കുന്നില്ലായെങ്കിൽ അനന്തരഫലം ഭയാനകമായിരിക്കും. കോൺഫറൻസിനു പരിശുദ്ധമാർപ്പാപ്പാതിരുമനസ്സുകൊണ്ടു നൽകിയിട്ടുള്ള ആഹ്വാനത്തിൽ ഇക്കാര്യമാണ് സർവ്വോപരി പ്രകടമാക്കിയിട്ടുള്ളതു്. അടുത്ത കാലത്തു ലോകം അഭിമുഖീകരിച്ചിട്ടുള്ള രണ്ടു മഹായുദ്ധങ്ങളെ സംബന്ധിച്ചു പരിശുദ്ധമാർപ്പാപ്പാമാർ നിർവ്വഹിച്ച സമാധാനശ്രമങ്ങളെ അവിടുന്നു സന്ദർഭോചിതമായി അനുസ്മരിച്ചുകൊണ്ടാണ് ലോകജനതകളുടെ സമാധാനപ്രതീക്ഷകളെ തകർക്കുന്നതിന്നിടയാകാവുന്ന ഒന്നും കോൺഫറൻസിൽനിന്നുണ്ടാകാതിരിക്കുന്നതിനുവേണ്ട പൈതൃകാഹ്വാനം നൽകുന്നതു്. ഒന്നാം ലോകമഹായുദ്ധം തടയുന്നതിനു വിശുദ്ധ പത്താംപീയൂസ് മാർപ്പാപ്പാ പരമാവധി പരിശ്രമിച്ചു. അവിടുത്തെ യത്നം താല്ക്കാലികമായി പരാജയപ്പെട്ടു. ആ സമാധാനസ്നേഹി ഹൃദയമുരുകി മൂന്നാഴ്ചക്കകം ദിവംഗതനായി. തുടർന്നുള്ള ഓരോ മാർപ്പാപ്പാമാരും യുദ്ധനിവാരണത്തിനും സമാധാനസ്ഥാപനത്തിനും വേണ്ടി അത്യദ്ധ്വാനം നിർവ്വഹിച്ചുപോന്നിട്ടുണ്ട്. സമാധാനദൂതനെന്നു പ്രഖ്യാതനായ പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പായുടെ പൈതൃകാഹ്വാനം ഇന്നത്തെ "ഉന്നതതല" കോൺഫറൻസിൽ ശക്തിയായി പ്രതിധ്വനിക്കുകയും കോൺഫറൻസിലെ അംഗങ്ങൾ സമാധാനത്തിൻെറ സുസ്ഥിരമായ നിലനില്പിനുവേണ്ടി അവരുടെ പര്യാലോചനകളെ തിരിച്ചുവിടുകയും ചെയ്യട്ടെ.

## ഒരു യാക്കോബായ സഹോദരൻെറ സംശയങ്ങൾ

[ഒരു കത്തോലിക്കൻ]

1. നിഖ്യാവിശ്വാസപ്രമാണത്തിൽ പറയുന്ന ഏക സത്യസഭ റോമ്മാസഭയാണോ?

ഇതാണ് ആദ്യത്തെ സംശയം. ഇതിനുത്തരമായി പറയുവാനുള്ളതു്, നിഖ്യാസൂനഹദോസിൽ വിവരിക്കുന്ന വിശുദ്ധവും കാതോലികവും അപ്പസ്തോലികവുമായ ഏക സത്യസഭ, റോമയിൽ വസിക്കുന്ന മാർപ്പാപ്പാ തിരുമേനി പരമാദ്ധ്യക്ഷനായുള്ള കത്തോലിക്കാസഭ ആണെന്നാണ്. അക്കാരണത്താൽതന്നെ യാക്കോബായ, നെസ്തോറിയൻ, ഗ്രീക്ക്, റഷ്യൻ, അർമ്മേനിയൻ, കോപ്റ്റിക്ക് എന്നീ പേരുകളിൽ അറിയപ്പെടുന്ന അകത്തോലിക്കാസഭകളും വിവിധ പ്രോട്ടസ്റ്റൻറ് സഭകളും നിഖ്യാവിശ്വാസപ്രമാണത്തിൽ വിവരിക്കുന്ന ഏക സത്യസഭയിൽനിന്നു് വിഭിന്നമാണ്. അകത്തോലിക്കാ സഹോദരങ്ങൾക്കു തികച്ചും ഹൃദയഭേദകമായ ഈ സത്യം ഇങ്ങനെ സ്പഷ്ടമായി പറയുന്നതിൽ ആരും പരിഭവിക്കേണ്ടതില്ല. സത്യത്തെ മറച്ചുവച്ചുകൊണ്ടുള്ള സാഹോദര്യവും സൗഹാർദ്ദവും കേവലം മിഥ്യയാണല്ലോ.

ക്രിസ്തു ലോകരക്ഷാർത്ഥം ഒരേക സഭമാത്രമാണ് സ്ഥാപിച്ചതെന്നു വേദപുസ്തകത്തിൻെറ വിവിധഭാഗങ്ങളിൽ വിശദമായി വിവരിച്ചിട്ടുണ്ട്. ഈ ഏകസത്യസഭയുടെ അവശ്യലക്ഷണങ്ങളാണ് നിഖ്യാസൂനഹദോസിൽ വിവരിച്ചിട്ടുള്ളതു്. സജീവമായ മനുഷ്യശരീരത്തിനു് സിരാചക്രപടലം, ശ്വാസനേന്ദ്രിയം, ദഹനേന്ദ്രിയം, ജനനേന്ദ്രിയം എന്നിങ്ങനെ നാലു ഘടകങ്ങൾ അവശ്യാവശ്യങ്ങളാണെന്നു പറയുന്നതുപോലെയാണ് ക്രിസ്തുവിൻെറ സഭയ്ക്കു് ഏകത്വം, വിശുദ്ധി, അപ്പസ്തോലികത്വം, കാതോലികത്വം എന്നിങ്ങനെ നാലു ലക്ഷണങ്ങൾ അവശ്യാവശ്യമാണെന്നു് നിഖ്യയിലെ പിതാക്കന്മാർ വിധിച്ചിട്ടുള്ളതു്. ഈ വിശ്വാസപ്രമാണം ഉപയോഗിക്കുന്ന ക്രൈസ്തവർക്കെല്ലാം ഒരു ചുമതലയുണ്ട്, അവരവർ നില്ക്കുന്ന സഭയ്ക്കു് ഈദൃശലക്ഷണങ്ങളെല്ലാം ഒന്നൊഴിയാതെ മുഴുവനായി ഉണ്ടോ എന്നു പരിശോധിക്കുവാൻ. ഒരു ശരീരത്തിനു് സിരാചക്രപടലമില്ലെങ്കിൽ അതിൻെറ വിവിധഭാഗങ്ങൾ എങ്ങനെ നാഡിഞരമ്പുകളാൽ ബന്ധിക്കപ്പെടും? എങ്ങനെ ദേഹമാസകലം ജീവരക്തം പ്രവഹിക്കും? അതുപോലെതന്നെ ഒരുവൻെറ ശ്വാസനേന്ദ്രിയങ്ങൾക്കു് കാര്യമായ ഹാനി പററിയാൽ പിന്നീടു് അവൻ ജീവിക്കുകയില്ല. അങ്ങനെതന്നെയല്ലയോ ദഹനേന്ദ്രിയത്തിൻേറയും ജനനേന്ദ്രിയത്തിൻേറയും കാര്യവും? ക്രിസ്തു സ്ഥാപിച്ചിട്ടുള്ള ഏകസത്യസഭയ്ക്കു മേൽവിവരിച്ച എല്ലാ ലക്ഷണങ്ങളും സംപൂർണ്ണമായി ഒത്തിണങ്ങി ചേർന്നിരിക്കണം. അഥവാ മേൽവിവരിച്ച നാലു ലക്ഷണങ്ങളും ഇല്ലാത്ത സഭകൾ ക്രിസ്തുവിൻെറ ഏകസത്യസഭയല്ല എന്നു ധരിക്കണം.

ഈ മാനദണ്ഡം വച്ചു് യാക്കോബായസഭയെ ഒന്നു് അളന്നു നോക്കിയാൽ പ്രത്യക്ഷത്തിൽ കാണാവുന്നതാണ്, അതു മേൽപ്പറഞ്ഞ നാലു ലക്ഷണങ്ങൾ ഇല്ലാത്തതാണെന്നു്.

ആദ്യമായി അന്ത്യോഖ്യാ പാത്രിയർക്കീസുമാർ തന്നെ സ്പഷ്ടമായി സമ്മതിക്കുന്ന ചില കാര്യങ്ങൾ പറയാം. അദ്ദേഹത്തിൻെറ ഔദ്യോഗികരേഖകളിലെല്ലാം സ്വയം അഭിധാനം ചെയ്യുന്നതു്, "അന്ത്യോഖ്യയുടെയും കിഴക്കിൻെറ ഒക്കയും പാത്രിയർക്കീസ്" എന്നാണ്. ഇതിൽനിന്നു് കാതോലികത്വം അഥവാ സാർവ്വത്രികസ്വഭാവം അദ്ദേഹത്തിനാകട്ടെ, അദ്ദേഹത്തിൻെറ കീഴിലുള്ള സഭയ്ക്കാകട്ടെ ഇല്ലെന്നു് അദ്ദേഹം സ്വയം സമ്മതിക്കുന്നുണ്ട്. എന്നാൽ അദ്ദേഹം എപ്പോഴെങ്കിലും കാതോലികത്വമുള്ള റോമായിലെ റീശ് പാത്രിയർക്കീസിൻെറ പരമാധികാരത്തെ അംഗീകരിച്ചു കഴിഞ്ഞാൽ, അപ്പോൾ അദ്ദേഹത്തിനും, അദ്ദേഹത്തിൻെറ ഭരണീയർക്കും കാതോലികത്വവും അതോടുകൂടി മററു മൂന്നു ലക്ഷണങ്ങളും ലഭിക്കുന്നതാണ്. അങ്ങനെ ചെയ്യുന്നതിനു പകരം ഹോംസിൽ വസിക്കുന്ന യാക്കോബായപാത്രിയർക്കീസന്മാർ ചെയ്യുന്നതു് ഈജിപ്റ്റിലെ പാത്രിയർക്കീസിനോടും അർമ്മേനിയൻ പാത്രിയർക്കീസിനോടും സംസർഗ്ഗം പാലിക്കുകയാണ്. അവർ തമ്മിൽ തുല്യന്മാരും സമാധികാരികളും സ്വതന്ത്രന്മാരുമാണ്. മുൻകാലങ്ങളിൽ അവർ തമ്മിൽ പല വഴക്കുകളും പരസ്പരശാപങ്ങളും നടത്തിയിട്ടുണ്ടെങ്കിലും അവരിപ്പോൾ യോജിപ്പിൽ കഴിഞ്ഞുകൂടുന്നതു നല്ലതുതന്നെ. എന്നാൽ അതോടുകൂടി അവർ ഒരു കാര്യം, അറിയാതെ സമ്മതിച്ചുപോയി. അതു മററൊന്നുമല്ല. തങ്ങൾ ഉൾപ്പെട്ട സഭയ്ക്കു് ഏകത്വമില്ലെന്നുതന്നെ. അങ്ങനെ, ഏകത്വവും കാതോലികത്വവും ഇല്ലെന്നു സ്വയം സമ്മതിച്ചാൽ പിന്നെ അവ എങ്ങനെ നിഖ്യാസൂനഹദോസിൽ പറയുന്ന സത്യസഭയാകും? എൻെറ യാക്കോബായ സഹോദരങ്ങൾ ഉററു ചിന്തിച്ചു നോക്കണം. അവനവൻ ജനിച്ചസഭയിൽ നില്ക്കണമോ, ക്രിസ്തു സ്ഥാപിച്ചതും, നിഖ്യാസൂനഹദോസ് വിവരിക്കുന്നതുമായ ഏക സത്യസഭയെ അന്വേഷിച്ചറിഞ്ഞു് അതിൽ ചേരണമോ എന്നു്.

ഇനിയും നമുക്കു പരിശോധിക്കേണ്ടതു്, റോമ്മയിലെ മേൽപ്പട്ടക്കാരൻെറ പരമാധികാരത്തെപ്പററി യാക്കോബായസഭയിലെ പുരാതനരേഖകൾ പറയുന്നതെന്തൊക്കെയാണെന്നാണ്.

നിഖ്യാസൂനഹദോസിനെ അംഗീകരിക്കാത്ത യാക്കോബായക്കാരുണ്ടെന്നു തോന്നുന്നില്ല. അതു യാക്കോബായസഭ തികച്ചും അംഗീകരിച്ചിട്ടുള്ളതാണ്. അതിനാൽ റോമ്മാ മേൽപ്പട്ടക്കാരൻെറ അധികാരസ്വഭാവത്തെപ്പററി യാക്കോബായസഭ അംഗീകരിച്ചിട്ടുള്ളതും, 13-ാംശതകത്തിൽ ജീവിച്ചിരുന്ന സുപ്രസിദ്ധ യാക്കോബായ കാതോലിക്കാ ബർ ഏബ്രായായെന്ന പണ്ഡിതനാൽ ക്രോഡീകരിക്കപ്പെട്ടിട്ടുള്ളതുമായ ചില ഹൂദായ കാനോനാകളെ താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

പ്രസ്തുത കാനോനാകളിൽ എട്ടാമത്തേതിൽ ഇങ്ങനെ വായിക്കുന്നു: "ഒരു പാത്രിയർക്കീസിനു് തൻെറ അധികാരത്തിനു കീഴുള്ളവരുടെമേൽ ന്യായപ്രകാരം ഇഷ്ടമുള്ളതെല്ലാം പ്രവൃത്തിക്കുവാൻ അധികാരമുള്ളതുപോലെ, എല്ലാ പാത്രിയർക്കീസന്മാരുടെമേലും റോമിലെ പാത്രിയർക്കീസിനു് അധികാരമുണ്ട്. ഭാഗ്യപ്പെട്ട പത്രോസിനു്പൊതുവിലെന്നപോലെ."

വീണ്ടും ഹൂദായകാനോൻ ഏഴാം കെപ്പലെയൂൻ ഒന്നാംപാസൂക്കായിൽ ബർ ഏബ്രായ പറയുന്നതു കേൾക്കുക:- "ലോകത്തിൻെറ നാലുഭാഗങ്ങളുടെ എണ്ണത്തിനൊത്തുപോലെ നാലു പാത്രിയർക്കീസുമാർ ഉണ്ടാകണം. അവരുടെ എല്ലാവരുടേയും വലിയ തലവൻ (റീശോ റാബോഗ് കുൽഗ്ഗൂൻ) റോമ്മയിലെ പാത്രിയർക്കീസാകുന്നു."

യാക്കോബായക്കാർ ഇക്കാലത്തിവയൊന്നും സ്വയം വെളിപ്പെടുത്താറില്ലെങ്കിലും, അവരിൽ അറിവും നെറിവുമുള്ള പണ്ഡിതന്മാരായ ചില മേൽപ്പട്ടക്കാർ സധൈര്യം ഏകവും പരിശുദ്ധവും അപ്പസ്തോലികവുമായ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതു് മേൽപ്പറഞ്ഞ പുരാതനരേഖകൾ പഠിച്ചുകൊണ്ടു് ദൈവേഷ്ടമനുസരിച്ചു പ്രവൃത്തിക്കുന്നതുകൊണ്ടാണ്. അവരെ യൂദയെന്നും അത്യാഗ്രഹികളെന്നുമൊക്കെ വിളിക്കുന്നതു് വാസ്തവസ്ഥി

## ഉപകാരസ്മരണ

പരിശുദ്ധ വേളാങ്കണ്ണിമാതാവിൻെറ അനുഗ്രഹത്താൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിനു ഉപകാരസ്മരണ. കാലതാമസത്തിനു് ക്ഷമാപണം.

ചൊവ്വല്ലൂർ ദേവസ്സി
ഉദിപ്പൂരു്



തീഗതികളറിയാത്തവരാണു്. അവരെ സത്യം ഗ്രഹിപ്പിക്കുന്നതിനല്ലാതെ, അപലപിക്കണമെന്നോ വേദനിപ്പിക്കണമെന്നോ ഇവിടെ തെല്ലും ഉദ്ദേശ്യമില്ല.

ഏതായാലും ഇത്രയും പ്രസ്താവിച്ചതിൽനിന്നും താഴെ പറയുന്ന സംഗതികൾ വിശദമായിട്ടു തെളിയുന്നു എന്നു വിശ്വസിക്കുന്നു.

(എ) ഹോംസിൽ വസിക്കുന്ന യാക്കോബായ പാത്രിയർക്കീസിനാൽ ഭരിക്കപ്പെടുന്ന സഭയല്ല, നിഖ്യാസൂനഹദോസിൽ വിവരിക്കുന്ന ലക്ഷണങ്ങളുള്ള ഏക ക്രൈസ്തവസഭ.

(ബി) പ്രത്യുത, അതു്, റോമ്മാ മേൽപ്പട്ടക്കാരനായ റീശ് പാത്രിയർക്കീസിന്റെ പരമാധികാരത്തെ അനുസരിക്കുന്ന ലോകത്തിന്റെ നാലു ഭാഗങ്ങളിലുമുള്ള മേൽപ്പട്ടക്കാരാൽ ഭരിക്കപ്പെടുന്ന കത്തോലിക്കാസഭയാണെന്നു യാക്കോബായക്കാർ അംഗീകരിക്കുന്ന പ്രാചീന പ്രാമാണികരേഖകളിൽ കാണുന്നു.

(സി) മാർ ഈവാനിയോസ് തിരുമേനിമൂലം കേരളത്തിലാവിർഭവിച്ചിട്ടുള്ള പുനരൈക്യപ്രസ്ഥാനം, പ്രധാനമായി, മേൽവിവരിച്ചവയും അവയെപ്പോലെ ഉള്ളവയുമായ രേഖകൾ പരിശോധിക്കുകയും, അഗാധമായി ചിന്തിക്കുകയും വിനീതമായി പ്രാർത്ഥിക്കുകയും ചെയ്തിട്ടുള്ളതിന്റെ ഫലമാണു്. അവരെ മനഃപൂർവ്വം അപലപിക്കുന്നതു പാപകരമാണു്.

(ഡി) മനുഷ്യരുടെ ആത്മരക്ഷയ്ക്കുവേണ്ടി യേശുതമ്പുരാൻ സ്ഥാപിച്ചിട്ടുള്ള ഏകവും പരിശുദ്ധവും അപ്പസ്തോലികവുമായ കാതോലിക്കാസഭയെ, അറിഞ്ഞുകൊണ്ടോ അറിയാതെയോ, വിട്ടുപേക്ഷിച്ചിട്ടുള്ളവരും, അവരുടെ വംശജന്മാരും ആത്മാർത്ഥതയോടുകൂടി, ദുർവാശികളെല്ലാം വിട്ടുപേക്ഷിച്ചുകൊണ്ടു്, നമ്മുടെയെല്ലാം പൊതുമാതൃസഭയെ ആശ്ലേഷിക്കണം. ആത്മാവൊന്നേയുള്ളു. അതിനെ നഷ്ടപ്പെടുത്താമോ?

(10-ാംപേജ് തുടർച്ച)

തന്ന അദ്ദേഹം ഒരു വാക്കെങ്കിലും എന്നോടു പറഞ്ഞില്ല. കൂട്ടിലിട്ട സിംഹംകണക്കെ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തുകമാത്രംചെയ്തു. അടക്കാൻവയ്യാത്ത അമർഷത്തോടെ ആ അചഞ്ചലനേത്രങ്ങൾ രൂക്ഷമായി എന്നെ തുറിച്ചുനോക്കി. ജീവിതം എന്റെ നോട്ടത്തിൽ അന്ധകാരനിബിഡമായിത്തീരുകയാണോ? സെമിനാരിയുടെ മതില്ക്കെട്ടുകളോടു യാത്ര പറഞ്ഞെങ്കിലോ എന്നുപോലും ഞാൻ ആലോചിക്കാതിരുന്നില്ല.

എങ്കിലും ദൈവാനുഗ്രഹത്താൽ ഇന്നു ഞാനൊരു വൈദികനാണു്. എന്റെ കുടുംബം സുഖമായി കഴിഞ്ഞുപോകുന്നുണ്ടെന്നെനിക്കറിയാം. ഇന്നെല്ലാം ആനന്ദപ്രദമാണു്. ദൈവവിളി! അതിനെ തടുക്കാനാർക്കും അധികാരമില്ല. ഞാൻ തുടന്നു പറഞ്ഞു: "റോസി, ധൈര്യമായിരിക്കൂ...." കണ്ണീർ തുടച്ചുകൊണ്ടു് അവൾ പോയി.

* * *

ഇന്നു ഞാൻ ആ രംഗം ഭയത്തോടുകൂടി ഓർക്കുകയാണു്. അവൾക്കെന്തു സംഭവിച്ചു? അവൾ വിവാഹിതയായി എന്നുഞാനറിഞ്ഞു. വിറയ്ക്കുന്ന കൈകളോടെ അവൾ വരന്റെ കരം സ്പർശിച്ചു. കണ്ണുനീരിൽ കുതിന്ന ടവൽകൊണ്ടു് അവൾ മുഖംപൊത്തിക്കരഞ്ഞു. ഒരു യന്ത്രംകണക്കെ സമ്മതംമൂളി. തന്റെ കഴുത്തിൽ താലികെട്ടിയതു അവൾ അറിഞ്ഞതേയില്ല. അവളുടെ സ്ത്രീത്വത്തിന്റെ ദുർബലതയുടെ അഗാധതയിൽനിന്നുകൊണ്ടു് അവൾ വിലപിച്ചു.

"ടിക്...ടിക്...ടിക്..."

"ആരാതു്?"

"ഞാനാണു്" ഞാൻ നമസ്കാര പുസ്തകമടയ്ക്കാതെ വാതിൽ തുറന്നു: "എന്തേ..."

"റോസി..."

"റോസി?"

"അവൾ മരിച്ചു..."

"എന്തു്?..." നമസ്കാരപ്പുസ്തകം താഴെ അടഞ്ഞു. മേശപ്പുറത്തേക്കു് അതു വഴുതിവീണു. എന്റെ ഹൃദയമിടിപ്പു് എനിക്കു വ്യക്തമായി കേൾക്കാമായിരുന്നു.

അതെ, അവളും മരിച്ചു! വിവാഹദിവസം തന്നെ അവൾ രോഗശയ്യയിലായി. മണിക്കൂറുകൾ കഴിയുന്തോറും അവൾ കൂടുതൽ കൂടുതൽ അവശയായി കാണപ്പെട്ടു. മാതാപിതാക്കൾ പരിഭ്രാന്തചിത്തരായി. ഡോക്ടർമാർ വന്നു മരുന്നുകൾ കൊടുത്തു. കുത്തിവച്ചു. പക്ഷെ ഒന്നും ഫലിച്ചില്ല. ശോകാത്മകമായ അന്തരീക്ഷം! ശ്മശാനത്തിലെ മൂകത. ഒരു നെടുവീർപ്പോടെ ആ പിതാവു് മകളുടെ കട്ടിലിൽ ചെന്നിരുന്നു. തന്റെ തളന്ന കരങ്ങൾകൊണ്ടു് അവളുടെ വിയർക്കുന്ന നെററിത്തടത്തിൽ തലോടി. തന്റെ വത്സലപുത്രി. ഉയരുകയും താഴുകയും ചെയ്തിരുന്ന ആ മാറിടത്തിൽ കറുത്ത വെന്തിങ്ങ വളരെ വ്യക്തമായി കാണാമായിരുന്നു. അയാൾ പതുക്കെ വിളിച്ചു: "എന്റെ റോസീ..." ആ പതറിയ ശബ്ദം ആ മുറിയിൽ തങ്ങിനിന്നില്ല. ആ തിളങ്ങുന്ന നയനങ്ങളിൽവെള്ളം നിറഞ്ഞു. വിറയ്ക്കുന്ന ആ അധരങ്ങൾ വികസിച്ചു: "ഞാന...പ്പഴേ.... പറഞ്ഞി...ല്ലേ... എന്നെ കെട്ടിക്ക്യേണ്ടാന്നു്..." അയാൾ സ്തംഭിച്ചുപോയി. ആ ചലനങ്ങൾ നിശ്ചലങ്ങളായിത്തുടങ്ങി. വികസിക്കുന്നതിനു മുമ്പേ വാടിവീണ പനിനീർ കുസുമം കണക്കേ അവൾ കിടക്കുകയാണു്. ആ വാടിയ മുഖത്തു ഒരു പൊൻപുഞ്ചിരി പരന്നു. ആ മുഖം പ്രസന്നമായി. അധികം കഴിഞ്ഞില്ല, ആ ചലനങ്ങൾ നിലച്ചു. മാറിടം ഉയന്നില്ല. നയനങ്ങൾ തുറന്നില്ല. അന്തരീക്ഷത്തിലേക്കാർത്തിരമ്പിക്കയറിയ വിലാപങ്ങൾ ആ പിതൃഹൃദയത്തിൽ ഒരു ഭയങ്കരമായ ഇടിവെട്ടേല്പിക്കുകയായിരുന്നു! "ഞാനപ്പഴേ പറഞ്ഞില്ലേ... എന്നെ കെട്ടിക്കണ്ടാന്നു്" ആ മൂർച്ചയേറിയ ശരം തന്റെ ഹൃദയത്തെ കുത്തിപ്പിളക്കുന്നതുപോലെ തോന്നി. ആ ചോദ്യചിഹ്നം ആ പിതൃഹൃദയത്തെ കൊത്തിവലിക്കുകയായിരുന്നു, അവളുടെ അന്ത്യയാത്ര വിലാപങ്ങളുടെ മദ്ധ്യേ നീങ്ങികൊണ്ടിരുന്നപ്പോൾ. അവളുടെ ദൈവവിളിയെ അവഗണിച്ചതിന്റെ ഫലം ആധിയായി ആജീവനാന്തം അതിൽ കുടിയിരിക്കുകയും ചെയ്തു.

(തൃശ്ശൂർ ലൂർദ്ദ് ഭദ്രാസനദേവാലയത്തിലെ സൊഡാലിററിവക "ദീപം" എന്ന കൈയെഴുത്തുമാസികയ്ക്കുവേണ്ടി എഴുതിയതു്—കഥാകൃത്തു്.)




ദിവ്യഉണ്ണീശോയുടെ അനുഗ്രഹത്താൽ എന്റെ മകൻ ഒരു പരീക്ഷയിൽ ജയിച്ചതിനു് ഉള്ളഴിഞ്ഞ കൃതജ്ഞത.

Mrs. Mariamma Mathew
Kollamkulam, Kanjirapally.

# വിവിധവൃത്താന്തങ്ങൾ

## അർജൻറീനായ്ക്കുവേണ്ടി റോമിൽ ഭക്ത പരിപാടികൾ

തിരുഹൃദയത്തിരുനാളിനോടനുബന്ധിച്ചു് അർജൻറീനായിലെ സഭാമർദ്ദനം അവസാനിക്കുന്നതിനുവേണ്ടിമൂന്നുദിവസത്തെ പ്രത്യേക ഭക്തപരിപാടികൾ റോമിൽ നടത്തുകയുണ്ടായി. അവസാനദിവസം ഒരു പ്രാർത്ഥനാദിനമായി ആചരിച്ചു. റോമിലെ പരിശുദ്ധ വ്യാകുലമാതാവിന്റെ അർജൻറയിൻ ദേവാലയത്തിൽ, പ്രസിഡൻറു് പെറോണിനാൽ നാടുകടത്തപ്പെട്ട ബ്യൂനോസ് അയേഴ്സിലെ സഹായമെത്രാൻ ടാറോറാ തിരുമേനി രാവിലെ മർദ്ദിതജനങ്ങൾക്കുവേണ്ടി ദിവ്യബലി അർപ്പിച്ചു. വൈകിട്ടു തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ പരിശുദ്ധ കുർബാനയുടെ ഒരു പരിഹാരപ്രദക്ഷിണം റോമിലെ തെരുവീഥികളിലൂടേയും ടൈബർ നദീതീരത്തുകൂടേയും നടത്തപ്പെട്ടു. അർജൻറീനായിൽനിന്നു നാടുകടത്തപ്പെട്ട മോൺസിഞ്ഞോർ നൊവോആയും അതിൽ ആദ്യന്തം പങ്കെടുത്തു. വമ്പിച്ച ഒരു ജനസമൂഹം ഭക്ത്യാദരപൂർവ്വം അർജൻറീനായിലെ മർദ്ദിത സഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടു് അകമ്പടി സേവിച്ചിരുന്നു.

## അത്യുന്നത കർദ്ദിനാൾ മിൻസെന്തിയെ മോചിപ്പിച്ചു

ആറുകൊല്ലമായികമ്മ്യൂണിസ്റ്റുകളുടെ ഭയാനകമായ മർദ്ദനത്തിനു വിധേയനായി ബന്ധനത്തിൽ കഴിഞ്ഞുകൂടുന്ന ഹങ്കറിയിലെ പ്രൈമേററു് അത്യുന്നത കർദ്ദിനാൾ മിൻസെന്തിയെ കാണുന്നതിനുള്ള അനുമതി തിരുമേനിയുടെ വയോവൃദ്ധയായ മാതാവിനു ഒരിക്കൽക്കൂടി നൽകപ്പെട്ടുവെന്നും, കർദ്ദിനാൾ തിരുമനസ്സിലെ ആരോഗ്യത്തിനു ഇപ്പോൾ അഭിവൃദ്ധിയുണ്ടെന്നും തിരുമനസ്സിലെ മാനസ്സികശക്തികൾക്കു കൂടുതൽ സ്വാസ്ഥ്യതയുണ്ടെന്നുമാണു് ബുഡാപ്പെസ്റ്റിൽനിന്നുള്ള ആദ്യവാർത്തകളിൽ കണ്ടതു്.

കർദ്ദിനാൾ മിൻസെന്തി തിരുമേനിയെ ജൂലൈ 17-ാം തീയതി രാവിലെ ബന്ധനവിമുക്തനാക്കിയിരിക്കുന്നതായി ഹംഗേറിയൻ ന്യൂസ് ഏജൻസി റിപ്പോർട്ടുചെയ്തിരിക്കുന്നു. "അദ്ദേഹത്തിന്റേയും, റോമിലെ കത്തോലിക്കാ വൈദികാദ്ധ്യക്ഷസംഘത്തിന്റെയും അഭ്യർത്ഥനയും, അദ്ദേഹത്തിന്റെ വാർദ്ധക്യവും, ആരോഗ്യസ്ഥിതിയും പരിഗണിച്ചു് ഹങ്കറിയിലെ നീതിന്യായവകുപ്പു് ജോസഫ് മിൻസെന്തിക്കു് അദ്ദേഹത്തിന്റെ തടവുശിക്ഷയുടെ കാലത്തിൽ ഒരു കുറവു അനുവദിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ താമസം അദ്ദേഹത്തിന്റെ ഉപയോഗത്തിനായി വൈദികാദ്ധ്യക്ഷസംഘത്തിൽനിന്നു തയ്യാറാക്കിക്കൊടുത്തിട്ടുള്ള ഒരു വൈദികമന്ദിരമായിരിക്കുമെന്നും നിശ്ചയിക്കുന്നു" എന്നാണു് ഇതേസംബന്ധിച്ചു നൽകപ്പെട്ടിട്ടുള്ള ഉത്തരവു എന്നാണറിയുന്നതു്.

## എസ്കിമോകളുടെ മെത്രാൻ നിര്യാതനായി

ഉത്തരധ്രുവത്തിലെ എസ്കിമോകളുടെ പ്രഥമമെത്രാനായ ബിഷപ്പു് ടർകെററിൻ ഒ. എം. ഐ. തിരുമനസ്സുകൊണ്ടു് വാഷിംഗ്ടണിൽവച്ചു നിര്യാതനായിരിക്കുന്നു. എസ്കിമോ ജാതിക്കാരെ മാനസാന്തരപ്പെടുത്തുന്നതിനു നടത്തപ്പെട്ട രണ്ടു ശ്രമങ്ങൾ പരാജയമടഞ്ഞപ്പോൾ 1912 ൽ ഫാദർ ടർകെററിൻ ഈ അപ്പസ്തോലവേല കൈയേററു. വേറൊരു വൈദികനും ഒരു സഹോദരനുമൊരുമിച്ചു അദ്ദേഹം ധ്രുവപ്രദേശങ്ങളിലേക്കു തിരിച്ചു. നാലുകൊല്ലത്തെ നിരന്തരമായ പ്രവർത്തനങ്ങൾകൊണ്ടു ഒരു എസ്കിമോയെപ്പോലും മാനസാന്തരപ്പെടുത്തുന്നതിനു അവർക്കു സാധിച്ചില്ല. നിരാശനായി അദ്ദേഹത്തിന്റെ സഹവൈദികൻ മരണമടഞ്ഞു. മാനസാന്തരമൊന്നുമുണ്ടാകുന്നില്ലെങ്കിൽ 1917 അവസാനത്തിൽ മിഷ്യൻ ഉപേക്ഷിച്ചു മടങ്ങിപ്പോരുന്നതിനു അദ്ദേഹത്തിന്റെ മെത്രാൻ ആജ്ഞാപിച്ചു. ആ രണ്ടു മിഷനറിമാരും അവരുടെ പ്രയത്നങ്ങളും പ്രായശ്ചിത്തപ്രവൃത്തികളും ദ്വിഗുണീഭവിപ്പിക്കുകയും വിശുദ്ധ കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥം ഭക്തിപൂർവ്വം തേടുകയുംചെയ്തു. അത്ഭുതമെന്നവണ്ണം 1917 ജൂലൈമാസത്തിൽ 12 എസ്കിമോകൾ മാനസാന്തരപ്പെട്ടു മാമ്മോദീസാ സ്വീകരിച്ചു. 18 കൊല്ലംകൊണ്ടു് എസ്കിമോജാതിയുടെ 87 ശതമാനവും കത്തോലിക്കാമതം സ്വീകരിച്ചു. 1925-ൽ അവിടെ ഒരു അപ്പസ്തോലിക വികാരിയാത്തു സ്ഥാപിക്കുകയും ഫാദർ ടർകെററിൻ മെത്രാൻ സ്ഥാനത്തേക്കുയർത്തപ്പെടുകയുംചെയ്തു. അദ്ദേഹത്തിന്റെ മിഷനറി പ്രവർത്തനങ്ങൾ അത്ഭുതാവഹമായിരുന്നു. ധ്രുവപ്രദേശങ്ങളിൽ വേനൽക്കാലങ്ങളിൽ ഉരുകിയ മഞ്ഞിൽക്കൂടി ഒരുതരം വള്ളങ്ങളിലും വർഷകാലങ്ങളിൽ മഞ്ഞുകട്ടകളിന്മേൽക്കൂടി നായ്ക്കളെക്കൊണ്ടു വലിപ്പിക്കുന്ന ഒരുതരം വാഹനങ്ങളിലും യാത്രചെയ്തു രൂപത മുഴുവനും അദ്ദേഹം സഞ്ചരിച്ചിരുന്നു. 30 കൊല്ലത്തെ പ്രയത്നഫലമായിട്ടാണു് അദ്ദേഹം ലോകത്തിലുള്ളതിൽ ഏററവും ദുർഘടംപിടിച്ച അവരുടെ ഭാഷയിൽ ഒരു പ്രാർത്ഥനപ്പുസ്തകമുണ്ടാക്കിയതു്. അവരുടെ ഭാഷയ്ക്കു ലിപികളില്ലാതിരുന്നതുകൊണ്ടു അതു കണ്ടുപിടിക്കുകയും പുസ്തകമുണ്ടാക്കി അവരെ അക്ഷരാഭ്യാസം ശീലിപ്പിക്കുകയുംചെയ്തു. ആദ്യത്തെ പ്രസംഗം പറയത്തക്കവണ്ണം ഭാഷാസ്വാധീനം കൈവരിച്ചതു് മൂന്നുകൊല്ലത്തെ ശ്രമംകൊണ്ടായിരുന്നു. ജോലി തുടരുന്നതിനുള്ള ആരോഗ്യം നശിച്ചുകഴിഞ്ഞപ്പോൾ അദ്ദേഹം വാഷിംഗ്ടണിലേക്കു മടങ്ങുകയും അവിടെവച്ചു മരണമടയുകയുമാണുണ്ടായതു്.

## അൽമായപ്രേഷിതരുടെ ഏഷ്യൻ കോൺഗ്രസ്

ഫിലിപ്പയിൻസിലുള്ള മാനിലാ എന്ന സ്ഥലത്തുവച്ചു അടുത്ത ഡിസമ്പറിൽ അൽമായപ്രേഷിതരുടെ പ്രഥമ ഏഷ്യൻ കോൺഫറൻസ് നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നു. പൂർവ്വഏഷ്യയിലും ദക്ഷിണപൂർവ്വഏഷ്യയിലുമുള്ള എല്ലാ രാജ്യങ്ങളിൽനിന്നുമുള്ള പ്രതിനിധികൾ അതിൽ പങ്കെടുക്കുമെന്നും അൽമായപ്രേഷിതത്വത്തെപ്പററിയുള്ള ചർച്ചകൾ നടത്തുമെന്നും പ്രതീക്ഷിക്കപ്പെടുന്നു. 1957-ൽ റോമയിൽവച്ചു നടത്തുന്നതിനു നിശ്ചയിച്ചിട്ടുള്ള രണ്ടാമത്തെ സാർവ്വലൗകിക അൽമായപ്രേഷിതകോൺഗ്രസ്സിൽ ഏഷ്യൻ രാജ്യങ്ങളെ പ്രതിനിധീകരിക്കുന്നതിനുവേണ്ട പ്ലാനുകളും ഈ കോൺഗ്രസ്സിൽ ആസൂത്രണം ചെയ്യപ്പെടുന്നതാണു്.

### സൂചന

സ്ഥലച്ചുരുക്കത്താൽ ഇത്തവണ ഇടവകവാർത്തകൾ ചേർക്കാൻ സാധിച്ചിട്ടില്ല.

എഡിററർ





## ആഖ്യായിക
# ബറാബാസ്

അദ്ധ്യായം 7 (തുടർച്ച)

## ദാവീദിൻ നക്ഷത്രം

(വി. സി. ജോർജ് ബി. എ. എൽ.ററി.)

ആ ചോദ്യം അരിമത്ത്യൻ ജോസഫിനു മുഖത്തുകൊണ്ട ഒരടിപോലെ അനുഭവപ്പെട്ടു. നസ്രായൻ ഈശോയുടെ നാമം കവർച്ചക്കാരനും കൊലപാതകിയുമായ ബറാബാസിന്റേതിനോടൊപ്പം ഒരേശ്വാസത്തിൽ ശബ്ദിക്കപ്പെടുക! അതു ഈശ്വരനിന്ദപോലെ ജോസഫിനു തോന്നി. പ്രൊക്കുറയിററരുടെ കടുത്ത നോട്ടം അഭിഗ്രഹത്തിനെന്നോണം തന്റെമേൽ പതിച്ചിരിക്കുന്നതായി അയാൾ കണ്ടു. അതിനെ എതിരിടുവാൻ തന്റെ ദൃഷ്ടിക്കു ശക്തികുറഞ്ഞു. സ്വല്പസമയം സാശങ്കം കഴിച്ചതിനുശേഷം ജോസഫ് പറഞ്ഞു: "നമ്മുടെ ചർച്ചാവിഷയവുമായി ഈ ചോദ്യത്തിനെന്തെങ്കിലും ബന്ധമുള്ളതായി പ്രൊക്കുറയിററർ, ഞാൻ കാണുന്നില്ല."

"ബന്ധമെന്തെന്നു ഞാൻ വിശദമാക്കിത്തരാം. ഇക്കഴിഞ്ഞ വേനൽക്കാലത്തു ഗലീലിയിലുണ്ടായ സംഭവവികാസങ്ങൾ ഞാൻ നല്ലവണ്ണം മനസ്സിലാക്കിയതാണ്. വൃത്താന്തസമ്പാദകരായ എന്റെ ഉദ്യോഗസ്ഥന്മാർ നിങ്ങൾ വിചാരിക്കുന്നവിധം അപ്രാപ്തരല്ല. ഈ നസ്രായൻ ഈശോയ്ക്കു താണതരക്കാരായ ജനങ്ങളുടെയിടയിൽ വമ്പിച്ച ഒരനുയായിവർഗ്ഗമുണ്ടെന്നെനിക്കറിയാം. കുറെ ഭേദപ്പെട്ടവരുടേയും സംസ്കാരസമ്പന്നരുടേയും ഇടയിലും ഒട്ടുവളരെ ആളുകൾ അദ്ദേഹത്തെ അനുകൂലിക്കുന്നു. സാക്ഷാൽ ബറാബാസിനുള്ളതിൽ കൂടുതൽ അനുയായികൾ ഈശോയ്ക്കുണ്ട്. എങ്കിലും നിങ്ങളെന്നെ സമീപിച്ച് ആ പെരുങ്കള്ളനിൽ വിപ്ലവസംരംഭങ്ങൾ ആരോപിക്കുന്നു. എന്നാൽ ഈശോയെപ്പററി ഒരക്ഷരം സംസാരിക്കുന്നുമില്ല. ജോസഫേ, എന്റെ അഭിപ്രായം മിതമായ ഭാഷയിൽ ഞാൻ പ്രസ്താവിക്കുന്നു, ഈ അവസ്ഥ സംശയകരമായി, വളരെ സംശയകരമായി, ഞാൻ കരുതുന്നു. ഈശോയെ ഞാൻ അഗണ്യകോടിയിൽ ഇടുന്നതിലേക്കു എന്റെ ശ്രദ്ധ ബറാബാസിലേക്കു തിരിക്കുവാൻ നിങ്ങൾ ഉത്സാഹിക്കുകയല്ലയോയെന്നു തോന്നുന്നു. ഞാൻ നിങ്ങളോടു കാണിച്ചിട്ടുള്ള നിഷ്കാപട്യത്തിന്നനുസാരമായ ആർജ്ജവബുദ്ധിയോടുകൂടി നിങ്ങൾ ഉത്തരം പറയുമോ?"

ജോസഫ് പെട്ടെന്നു പ്രശാന്തനായി. വിപ്ലവം ഒരിടത്തുപോലും കാണുവാൻ മനസ്സില്ലാതിരുന്ന പ്രൊക്കുറയിററർ അതിനെ സർവ്വത്ര കാണുകയാണല്ലോയെന്നു അദ്ദേഹം ചിന്തിച്ചു.

"പ്രൊക്കുറയിററർ, എന്റെ ഋജുബുദ്ധിയെ അങ്ങു സംശയിക്കുവാൻ ഞാൻ എപ്പോഴെങ്കിലും കാരണം തന്നിട്ടുണ്ടെന്നു വിചാരിക്കുന്നില്ല."

"അതു, ജോസഫെ, വളരെ വാസ്തവംതന്നെ. പരസ്പരം പ്രകടിപ്പിക്കുന്ന നിഷ്കാപട്യം അടിസ്ഥാനമാക്കിയാണല്ലോ നാം തമ്മിലുള്ള മൈത്രി. ആകട്ടെ, എന്റെ ചോദ്യത്തിനെന്തു സമാധാനമാണു നിങ്ങൾ നൽകുന്നതു്?"

"നസ്രായൻ ഈശോ ജനങ്ങളെ റോമൻ അധികാരത്തിനെതിരായി പ്രക്ഷോഭിപ്പിക്കുന്നുവെന്നു ക്ഷണനേരമെങ്കിലും അങ്ങ് വിചാരിക്കുന്നതു വലിയ തെററിദ്ധാരണമാത്രമാകുന്നു. പ്രത്യുത, അദ്ദേഹം ക്ഷാന്തിയും, ശാന്തിയും, സമാധാനതല്പരതയുമാണു പ്രസംഗിക്കുന്നതു്. അദ്ദേഹം അനുയായികൾക്കു ദ്രോഹകൃത്യത്തിനുവേണ്ടി പ്രചോദനം നൽകിയ ഒററ ഉദാഹരണം അങ്ങയെ ആരെങ്കിലും ധരിപ്പിച്ചിട്ടുണ്ടോ?"

"ഇല്ല. ആ സംഗതിയിൽ നിങ്ങളുടെ അഭിപ്രായം ശരിയാണ്. എന്നാൽ അയാളെ രാജാവായി പ്രഖ്യാപിക്കുവാൻ അനുയായികൾ വീണ്ടും വീണ്ടും ഉത്സാഹിച്ചുവെന്നുള്ളതു ശരിയല്ലേ?"

"അതെ, ശരിതന്നെ. എന്നാൽ ആവക പരിശ്രമങ്ങളെ അദ്ദേഹം എപ്പോഴും നിരോധിച്ചിട്ടുണ്ടെന്നും അങ്ങു കേട്ടിരിക്കണം. അദ്ദേഹത്തിന്റെ അസംഖ്യം അനുയായികളിൽ ഒട്ടധികം അദ്ദേഹം ഇസ്രായേലിന്റെ ഭൗതികമോചനം കൈവരുത്തുമെന്നു വിശ്വസിക്കുന്നുവെന്നുള്ളതു അനിഷേദ്ധ്യമാണ്."

"അതുതന്നെ കാര്യം. പൂച്ചെല്ലാം തെളിഞ്ഞു. അയാൾക്കു സ്വന്തനിലയിൽ വിപ്ലവം സംബന്ധിച്ച ചിന്തയില്ലായിരിക്കാം. അനുയായികൾ അദ്ദേഹം വിപ്ലവം നയിക്കുമെന്നു ധരിച്ചാൽ സംഗതി വഷളായല്ലോ. ഒരുകാലത്തു് അവർ വിപ്ലവനേതാവാകുവാൻ അയാളെ നിർബന്ധിക്കുക തന്നെ ചെയ്യും. ബഹുജനം ഗർഹ്യമായ നിർബന്ധബുദ്ധിയോടുകൂടി വർത്തിക്കും, ജോസഫ്."

അരിമത്ത്യൻ മെല്ലെ തലകുലുക്കി. "യാതൊന്നും അസാദ്ധ്യമല്ലല്ലോ ജോസഫ്. ഏതായാലും എന്റെ സംസ്ഥാനത്തു് ആയിരമായിരങ്ങളുടെമേൽ ഇത്ര വലിയ സ്വാധീനശക്തിയുള്ള ഒരാളെ, ആ ശക്തി ദുരുപയോഗിക്കുവാൻ അയാൾക്കുദ്ദേശ്യമില്ലെന്നിരുന്നാലും ഞാൻ സഹിക്കുവാൻ പോകുന്നില്ല."

ജോസഫ് വ്യഗ്രതാപൂർവ്വം പ്രൊക്കുറയിററരെ ഉററുനോക്കി.

"പവിത്രചരിതനായ അദ്ദേഹത്തിന്റെ അനുയായിവർഗ്ഗത്തിൽ കുറെ ഭോഷന്മാരുണ്ടെന്നുള്ള കാരണത്താൽ അദ്ദേഹത്തെ അപരാധിയാക്കുവാൻ അങ്ങേക്കു സാധിക്കുകയില്ലല്ലോ."

"സാധിക്കും ജോസഫ്, സാധിക്കുകതന്നെ വേണം."

"പ്രൊക്കുറയിററർ, അങ്ങനെ ചെയ്യുന്നതു ഭീമമായ അനീതിയായിരിക്കും."

"ഒരുപക്ഷെ അങ്ങനെയായിരിക്കാം. എന്നാൽ അതു ബുദ്ധിപൂർവ്വകംകൂടിയായിരിക്കും, തീർച്ചയാണ്. ഈവക പ്രസ്ഥാനങ്ങളുടെ വേരറുത്തുകളയണം."

"അദ്ദേഹം കുത്സിതമായ ഒന്നിന്റേയും വേരല്ലല്ലോ. അങ്ങു അദ്ദേഹത്തെ അറിയേണ്ടിയിരിക്കുന്നു, പ്രൊക്കുറയിററർ."

"നാം തമ്മിൽ ഈ കാര്യങ്ങൾ പറയുന്നതിനുവേണ്ടിത്തന്നെ അടുത്തൊരുദിവസം കാണുവാനിടയാകുമെന്നു ഒരു പൂർവ്വബോധം എന്നിൽ ഉണ്ടാകുന്നു. അയാളെപ്പററി മുമ്പൊരുദിവസം നാം കുറെയൊക്കെ സംസാരിച്ചുവല്ലോ. അന്നാണ് നിങ്ങൾ അദ്ദേഹത്തിന്റെ കക്ഷിയാണെന്നു സമ്മതിച്ചതു്. അതിന്റെശേഷം ഒരുപക്ഷെ ഗലീലിയിൽവച്ചു നിങ്ങളയാളെ കണ്ടിരിക്കാം. ഇപ്പോഴും നിങ്ങൾക്കയാളെപ്പററി മുമ്പിലത്തെപ്പോലെ ഭക്ത്യുന്മാദം തോന്നുന്നുണ്ടോ?"

"ഉന്മാദമോ, പ്രൊക്കുറയിററർ? അതു് പററിയ പദമല്ലാ. ഞാൻ അദ്ദേഹത്തിൽ വിശ്വസിക്കുന്നു. ഞാൻ ഭൂമുഖത്തു കണ്ടിട്ടുള്ളവരിൽ ഏററം നിഷ്കന്മഷനും ശുദ്ധിമാനുമാകുന്നു അദ്ദേഹം."

ഈ വിശ്വാസസമ്മതം ഉച്ചരിച്ചപ്പോൾ ആ പ്രഖ്യാപനം ഗവർണരെ ഉദ്ദേശിച്ചല്ലാ, തന്നോടു മാത്രമായിരുന്നുവെന്നു തോന്നുമാറു് ജോസഫ് സ്വരം താഴ്ത്തി. പ്രൊക്കുറയിററർ തലയാട്ടിക്കൊണ്ടു് ജോസഫിന്റെ മുമ്പിൽ നില്ക്കുകയായിരുന്നു. എന്നാൽ സംഭാഷണം മുഴുവനും ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടിരുന്ന ക്ലാവുദിയാ ഇടയ്ക്കു പറഞ്ഞു:

"പീലാത്തോസ്, നിങ്ങളിതു കേൾക്കുന്നുണ്ടോ? ജോസഫും അതുതന്നെയല്ലേ പറയുന്നതു്. ജോസഫ്, കേട്ടോളൂ. നിങ്ങൾ വരുന്നതിനു മുമ്പു ഞങ്ങൾ അദ്ദേഹത്തെപ്പററി സംസാരിക്കുകയായിരുന്നു. ഇന്നു് മഗ്ദലാമറിയം എന്നെ സന്ദർശിക്കുകയുണ്ടായി. അവരുടെ അഭിപ്രായം ഇതിലും കവിഞ്ഞതാണ്. അദ്ദേഹം ദൈവപുത്രനും യഹൂദജനത്തിനു വാഗ്ദത്തനായ മിശിഹായുമാണെന്നത്രെ മറിയം വിശ്വസിക്കുന്നതു്."



## പരേതനായ

**തൊമ്മൻ തൊമ്മൻ പുലിക്കുന്നേൽ,**

തിടനാട്ട്.

ജനനം 14—1—1886
മരണം 22—6—1955

കർത്താവേ, നിത്യാശ്വാസം ഈ ആൾക്കു് കൊടുക്കേണമെ.

R. I. P.

Inserted by his sons.

"മഹാമനസ്വിനി, ക്ലാവുദിയാ, അതുതന്നെയാകുന്നു എന്റെ വിശ്വാസം."

പീലാത്തോസ് നടത്തംതുടങ്ങി. അദ്ദേഹത്തിന്റെനെററിത്തടത്തിൽ ഒരു ഹലരേഖ ആഴത്തിൽ ദൃശ്യമായി. അല്പനേരത്തെ നിശ്ശബ്ദതക്കുശേഷം അയാൾ സംസാരിച്ചു:

"മറിയയുടെ സഹോദരനെ അയാൾ ഉയിർപ്പിച്ച അവസരത്തിൽ നിങ്ങളും സന്നിഹിതനായിരുന്നു ഇല്ലേ? ജോസഫ്,"

"ഉവ്വ്, ഞാൻ ആ അത്ഭുതം കണ്ടു. അമാനുഷികതയിൽ ഒട്ടും കുറവില്ലാതിരുന്ന മററു പല സംഭവങ്ങളും കാണുകയുണ്ടായി."

പീലാത്തോസ് ശിരഃകമ്പത്തോടുകൂടി സംഭാഷണം തുടർന്നു: "ഇപ്രകാരമുള്ള അസംബന്ധം സംസ്കാരയുക്തരായ ജനങ്ങൾ എങ്ങനെ വിശ്വസിക്കുന്നുവെന്നെനിക്കു മനസ്സിലാകുന്നില്ലാ ജോസഫ്. നിങ്ങൾ ഈജിപ്ത്കാരായ മന്ത്രവാദികളെ കണ്ടിട്ടുണ്ടല്ലോ. സിസറിയായിൽ ആയിരുന്നപ്പോൾ ഞാൻ ഒരുവനെ കണ്ട കാര്യം ഓർമ്മിക്കുന്നു. അയാൾ മണ്ണിൽ കുഴിയുണ്ടാക്കി അതിൽ സ്വയം, ജീവനോടുകൂടി "കുഴിച്ചിടുക"യും ഒരു ദിവസം മുഴുവനും മണ്ണിനടിയിൽ കഴിയുകയും പിന്നീടു "ഉയിർത്തെഴുന്നേല്ക്കുകയു"മുണ്ടായി. ഇപ്രകാരം ചെയ്തതുകൊണ്ടു് അയാളെ ദൈവമോ, ദൈവസുതനോ എന്നു് പ്രസ്താവിക്കുവാൻ ആരും തുനിഞ്ഞുമില്ലാ."


"പ്രൊക്കുറയിററർ, അതെല്ലാം ഈജിപ്ഷ്യൻ കൺകെട്ടുവിദ്യയാണെന്നു എല്ലാവരും ഗ്രഹിച്ചിരുന്നതുകൊണ്ടു് ആവക പ്രസ്താവത്തിനു് ആവശ്യമുണ്ടായില്ലാ. എന്നാൽ മഗ്ദലായിലെ ലാസറസിന്റെ മൃതദേഹമാണ് കല്ലറയിൽ സംസ്കരിക്കപ്പെട്ടതു്. നാലുദിവസങ്ങൾക്കുശേഷം അയാളെ ഈശോ പുനർജ്ജീവിയാക്കി. ഈശോ ശബ്ദിച്ചയുടൻ കുഷ്ഠരോഗലക്ഷണങ്ങൾ നിശ്ശേഷം നശിച്ചു സ്വാസ്ഥ്യം പ്രാപിച്ചവരാകട്ടെ വെറും കിതവന്മാരായിരുന്നില്ലാ. എനിക്കവരെ നല്ലപോലെ പരിചയമുണ്ട്. ഈ അത്ഭുതകർമ്മങ്ങൾ മായയും അഭിചാരവുമൊന്നുമല്ലാ. അമാനുഷികശക്തി, ദൈവീകശക്തിമൂലം സംഭവിച്ചവയാകുന്നു."

പീലാത്തോസ് പുച്ഛരസത്തിൽ അധരോഷ്ഠബന്ധം നടത്തി.

"ഇതൊക്കെ വിശ്വസിക്കണമെങ്കിൽ ഒരാൾ യഹൂദനായിരിക്കണം," അദ്ദേഹം പറഞ്ഞു. ക്ലാവുദിയായെ നോക്കിക്കൊണ്ടു തുടന്നു, "അല്ലെങ്കിൽ ഒരു സ്ത്രീയായിരിക്കണം. ശവസംസ്കാരാനന്തരമുണ്ടായ അയാളുടെ ഉദ്ജീവനത്തെപ്പററി മഗ്ദലായിലെ ലാസറസിനെന്തുപറയാനുണ്ട് എന്നാണെനിക്കറിയേണ്ടതു്? യഹൂദരായ നിങ്ങൾക്കു മരണമില്ലാത്ത ഒരാത്മാവുണ്ടെന്നുള്ളതു് തീർച്ചയാണല്ലോ. ശരീരം മൃതമായിരുന്ന അവസ്ഥയിൽ ആത്മാവിനെന്തു സംഭവിച്ചുവെന്നു അതിനോർമ്മയുണ്ടായിരിക്കണമല്ലോ. അതേപ്പററി നിങ്ങൾ ലാസറസിനോടു ചോദിച്ചില്ലയോ?"

"തീർച്ചയായും; ഞാൻ ചോദിച്ചു. പക്ഷെ ഉത്തരം ലഭിച്ചില്ലാ. അദ്ദേഹത്തിനു യാതൊരോർമ്മയുമില്ലാ."

പ്രൊക്കുറയിററർ ഉച്ചത്തിൽ ചിരിച്ചു. "കാര്യം മനസ്സിലായി. ലാസറസിന്റെ ആത്മാവു് ആ

നാലുദിവസവും ഉറങ്ങുകയായിരുന്നിരിക്കണം. എങ്കിലും മരണാനന്തരമുള്ള ആത്മാവിന്റെ അവസ്ഥ മനസ്സിലാക്കുവാനുള്ള ഒരു സുലഭാവസരമായിരുന്നു അതു്. പ്രിയ ജോസഫേ, ഒരു തത്വചിന്തകന്റെ പക്കൽ ഈവക കഥകളൊന്നും ചെലവാകുകയില്ലെന്നു് ഇനിയെങ്കിലും സ്നേഹിതൻ ധരിച്ചാലും. ആകട്ടെ, ഈ ലാസറസ് ഏതു സ്ഥിതിയിലുള്ള ഒരാളായിരിക്കാം?"

"അദ്ദേഹം ശൈശവം മുതൽ എന്റെ സ്നേഹിതനാണ്."

"അയാൾ ജന്മദേശം വിട്ടു സഞ്ചരിച്ചിട്ടുണ്ടോ?"

"ഇല്ല, അദ്ദേഹം അടങ്ങി ഒതുങ്ങി ജീവിതം നയിക്കുന്ന ഒരു പണ്ഡിതനാണ്. യൗവനത്തിലും വിശുദ്ധ ലിഖിതങ്ങൾ പരിശോധിച്ചും പഠിച്ചും പ്രായേണ കാലം കഴിച്ചുപോന്നു. എന്നാലും പാശ്ചാത്യദേശങ്ങളിലെ ഭാഷകളും ശാസ്ത്രങ്ങളും ലാസറസിനു സുപരിചിതങ്ങളാണ്. മറിയ അദ്ദേഹത്തിന്റെ ശിഷ്യയാണ്. അവർ വ്യുല്പത്തിദാർഢ്യം തികഞ്ഞ ഒരു വിദുഷിയാണെന്നു് അങ്ങ്തന്നെ സമ്മതിക്കാതിരിക്കയില്ല."

"വ്യുല്പത്തിയൊക്കെയുണ്ടായിട്ടും അവൾ ഇയാളുടെ, നിങ്ങൾ പറയുന്ന മിശിഹായുടെ, ശക്തിക്കു വശംഗതയായിരിക്കുന്നതു് കൂടുതൽ പരിഗണനാർഹമായിരിക്കുന്നു. പക്ഷെ അതിൽ വിസ്മയിച്ചിട്ടാവശ്യമില്ലാ. നിങ്ങളെപ്പോലെയുള്ള പുരുഷന്മാർ—ക്ഷമിക്കണം. ജോസഫ്, ഞാൻ നിങ്ങളെ ആക്ഷേപിക്കുകയല്ലാ— ഏതായാലും— എനിക്കു മനസ്സിലാക്കുവാൻ സാധിക്കുകയില്ലാ, തീർത്തും ദുർഗ്രഹമാണ് ഈ ഗതിവിഗതികളെല്ലാം. ആകട്ടെ ജോസഫ്, ഈ ലാസറസുമായി കണ്ടുമുട്ടുവാൻ എനിക്കൊരവസരം ഉണ്ടാകാമോ?"

"ലാസറസ് സാധാരണ വിവിക്തവൃത്തിയിൽ കഴിയുകയാണ്, നല്ല ആരോഗ്യവാനുമല്ലാ. ദേവാലയസന്ദർശനാർത്ഥമേ അദ്ദേഹം ജെറുസലെമിൽ വരാറുള്ളൂ."

"അതു് കഷ്ടംതന്നെ. അയാളുമായി സംസാരിച്ചാൽ കൊള്ളാമെന്നു കരുതി. ഒരുപക്ഷെ അതു കൂടാതെ കഴിക്കുകയാണ് നന്നെന്നും വരും. എന്റെ ചോദ്യങ്ങൾ ആക്ഷേപകരങ്ങളായി ലാസറസിനു തോന്നിയേക്കാം. മറിയമല്ലാതെ മററു സഹോദരിമാർ അയാൾക്കുണ്ടോ?"

"ഉണ്ടു്. ഒരാൾ. അവരുടെ പേരു് മർത്താ. ഗൃഹകാര്യങ്ങളിൽ വ്യാപൃതയായി അവർ മിക്കവാറും സമയം കഴിക്കുന്നു. കാര്യങ്ങൾ ധാരാളമുണ്ടു താനും."

"മൂന്നുപേരും ധനാഢ്യരാണല്ലേ?"

"ധനാഢ്യരെന്നല്ലാ പറയേണ്ടതു്. ഭൂവുടമകളായ ഞങ്ങളിൽ ആരുംതന്നെ ധനാഢ്യരല്ലാ. ഞങ്ങൾ നികുതി റോമൻ ചക്രവർത്തിക്കു കൊടുക്കുന്നു, ഗലീലിയിൽ ഹെറോദിനു കൊടുക്കുന്നു, ദേവാലയത്തിലേക്കു നൽകുന്നു. അല്പിഷ്ടമല്ലെങ്കിലും അന്തിമമായി നിയമം അനുശാസിക്കുന്ന വിധം ദരിദ്രർക്കും നൽകുന്നു. വിളവുസമൃദ്ധിയായ കാലങ്ങളിലും അധികമൊന്നും ബാക്കിയുണ്ടാകാറില്ല. വർത്തകരും പണവ്യാപാരികളുമാണ് ധനാഢ്യർ. അവരുടെ പണപ്പെട്ടികളിൽ ആരും നോക്കാറില്ലാ. യൂദയാ റോമൻഭരണത്തിനധീനമെന്ന അവസ്ഥയിൽനിന്നു അവർ വമ്പിച്ച ആദായം വസൂലാക്കുകയും ചെയ്യുന്നു."

"എന്നാൽ നിങ്ങൾക്കു വൻതരത്തിലുള്ള കാലിക്കൂട്ടങ്ങളുണ്ടല്ലൊ, ജോസഫ്."

"വൻതരത്തിലുള്ള കാലിക്കൂട്ടങ്ങൾ എന്നു് പറയുന്നതു് അതിശയോക്തിപരമാണ്. അവ അധികം വർദ്ധിക്കാതിരിക്കുവാൻ ദുർഗ്ഗരക്ഷകരായ നിങ്ങളുടെ ഭടന്മാർ നോക്കിക്കൊള്ളും. പോരെങ്കിൽ ബറാബാസും അനുയായികളും ഉണ്ടു്. ഞാൻ പരാതി പറയുകയല്ലാ, എന്റെ ആവശ്യത്തിനുള്ള വകകൾ എനിക്കുണ്ടു്."

(തുടരും)

---

(11-ാംപേജ് തുടർച്ച)

അനുവാചകർക്കു ഒരുണർവും പ്രചോദനവും നൽകുക; സമുദായത്തെ സമുദ്ധരിക്കുക; ലേഖനം എഴുതുന്നയാളും ലേഖനം വായിക്കുന്നവരുമെല്ലാം അന്ത്യലക്ഷ്യത്തിൽ ചെന്നുപററുക, ഇതൊക്കെയായിരിക്കും ലേഖകന്റെ ലക്ഷ്യം. ഇതിൽ ആദ്യത്തേതു രണ്ടും ആസന്നലക്ഷ്യങ്ങളാണ്. അതായതു് അന്ത്യമായ ലക്ഷ്യത്തെ പ്രാപിക്കുന്നതിനു് സഹായകമായി നില്ക്കുന്നവകളാണ്. ഒരുവനു് ഒരേ സമയത്തു് ഇടത്തേക്കും വലത്തേക്കും പോകാൻ പാടില്ലാത്തതുപോലെ അന്ത്യമായ ലക്ഷ്യം ഒന്നാകാനേ പാടുള്ളൂ. ഒരുവൻ സ്വന്തം പ്രയത്നത്താൽ കർഷകനായോ, അദ്ധ്യാപകനായോ, വക്കീലായോ, ന്യായാധിപനായോ, പ്രധാനമന്ത്രിയായോ തീർന്നുകൊള്ളട്ടെ. അതെല്ലാം ആസന്നലക്ഷ്യങ്ങൾ മാത്രമാണ്. ഈ ആസന്നലക്ഷ്യങ്ങൾകൊണ്ടുമാത്രം ജീവിതലക്ഷ്യം പ്രാപിക്കാമെന്നു വിമ്പടിക്കുന്നവരുണ്ടു്. അവർ പറയുകയാണ്:-

"What trifling coil do
we poor mortals keep;
Wake, eat and drink,
evacuate and sleep."
(Prior, Human Life)

നശിച്ചുപോകുന്ന ശരീരത്താൽമാത്രം സൃഷ്ടിക്കപ്പെട്ടിരുന്നെങ്കിൽ തീർച്ചയായും പട്ടിയെപ്പോലെ നമുക്കും തിന്നും കുടിച്ചും രസിച്ചുംമാത്രം ജീവിച്ചു മരിക്കാമായിരുന്നു. പക്ഷെ, മനുഷ്യനു് എത്ര തിന്നാലും തൃപ്തിയില്ല; എത്ര കുടിച്ചാലും സുഖമില്ല; എത്ര രസിച്ചാലും സന്തോഷമില്ല. അവൻ വിലപിക്കുകയാണ്:-

"Life is not a spectacle
or a feast;
it is a predicament"
(Georg Santayana,
Articles and Essays)

ജീവിതം അവനു് കഷ്ടാവസ്ഥയായി അനുഭവപ്പെടുന്നു. ആനന്ദത്തിന്റെ നിഴലുകൾ അവനതിൽ കാണുന്നില്ല. അവന്റെ ഉത്തമാംശം തീനിനും കുടിക്കുമപ്പുറത്തു സ്ഥിതിചെയ്യുന്ന ഏതോ ആനന്ദത്തിനുവേണ്ടി വെമ്പൽകൊള്ളുന്നു. ആ ആനന്ദലബ്ധിക്കുവേണ്ടി മനുഷ്യൻ എന്നും പ്രവർത്തിച്ചുകൊണ്ടിരിക്കും, അവനിൽ ആത്മാവുള്ള കാലംവരെ. ആ ആനന്ദം ആത്മാവിന്റെ ആഹാരമാണ്. ആഹാരം ലഭിക്കാത്ത കാലത്തോളം, ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടി മനുഷ്യൻ പ്രവർത്തിക്കാത്ത കാലത്തോളം ആത്മാവു കിടന്നു കരയും. ആഹാരം കിട്ടിയാൽ അതു സംതൃപ്തമാകും. പക്ഷെ, ആഹാരം പൂർണ്ണമായി ഇവിടെ കിട്ടുകയില്ല. കുഴിമാടത്തിനപ്പുറത്തേ കിട്ടുകയുള്ളൂ. ലോംഗ് ഫെല്ലോ പാടുന്നതു കേൾക്കുക:-

"Life is real! life is
earnest!
And the grave is not
its goal."

ജീവിതം യാഥാർത്ഥ്യമാണ്; ആനന്ദപ്രദമാണ്. അതിന്റെ ലക്ഷ്യം കുഴിമാടത്തിനപ്പുറത്താണ്. ആ ലക്ഷ്യം—സാക്ഷാൽ ആനന്ദമായ ഈശ്വരനെ പ്രാപിക്കുകയാണെങ്കിൽ, ദിനംപ്രതി ആ ലക്ഷ്യത്തിലേക്കടുക്കുകയാണെങ്കിൽ, മനുഷ്യൻ ജീവിതത്തെ ആദരിക്കും; ബഹുമാനിക്കും. ആനന്ദം അവന്റേതാണ്.

—o—

---

# ചെറുകഥ

## "ഞാനപ്പഴേ പറഞ്ഞില്ലേ!"

(അറക്കൽ ഡി.)

"ടിക്...ടിക്...ടിക്..."

"ആരാതു്....?"

"അച്ചാ..."

"ആരാ..." ഞാൻ നമസ്കാര പുസ്തകമടച്ചു് വാതിൽ തുറന്നു: "എന്തേ...?"

............

"കാര്യം പറയൂ..."

............

"എന്താ കാര്യം പറയൂ..." ഞാൻ അക്ഷമനായി. എന്റെ നയനങ്ങൾ ഞാനറിയാതെതന്നെ അനന്തതയിൽ തത്തിക്കളിച്ചിരുന്നു. അവളുടെ വിതുമ്മലുകൾക്കിടയിൽ, ചിന്തകളുടെ കടിഞ്ഞാൺ പിടിച്ചുകൊണ്ടു് ഞാനവളെ സാന്ത്വനപ്പെടുത്താൻ ശ്രമിച്ചു. പക്ഷെ മരുഭൂമിയിൽവീണ മഴത്തുള്ളിയിൽ കവിഞ്ഞൊരു ഫലം അതിനുണ്ടായില്ല.

"അവർ തീരെ സമ്മതിക്കുന്നില്ല......" ഒടുവിലവൾ ഒരുവിധം തീർത്തുപറഞ്ഞു.

"ഒന്നും സാരമില്ല......" ഞാനല്പം പ്രസന്നത ഭാവിച്ചു: "എല്ലാം നടക്കും. ദൈവവിളി അനിഷേദ്ധ്യമാണ്. ദൈവത്തിൽ ശരണപ്പെടൂ...." ഒന്നു ദീർഘമായി നിശ്വസിക്കാതിരിക്കാൻ എന്തുകൊണ്ടോ എനിക്കു കഴിഞ്ഞില്ല.

ചിന്തയുടെ ചിറകുകളിൽ ഭൂതകാലത്തിലേക്കു ഞാൻ പറന്നു. അതെ, അന്നു ഞാനും പറഞ്ഞിട്ടുണ്ടു്, അവർ തീരെ സമ്മതിക്കുന്നില്ല എന്നു്.

കട്ടിലിൽനിന്നിറങ്ങാൻ പാടില്ലാത്ത അമ്മ! അദ്ധ്വാനിക്കാൻ കഴിവും കളവുമില്ലാത്ത പിതാവു്. പ്രായം തികഞ്ഞുനില്ക്കുന്ന സഹോദരി. പുസ്തകമില്ലാതെ സ്കൂളിൽപോകാൻ കഴിയാതെ കരയുന്ന അനുജൻ. ഒരു കീറാത്ത ഉടുപ്പെങ്കിലും ധരിക്കുവാൻ വെമ്പൽകൊണ്ടു് കണ്ണീർപൊഴിക്കുന്ന കൊച്ചനുജത്തി. കൂട്ടത്തിൽ പഠിപ്പുകഴിഞ്ഞുനില്ക്കുന്ന ഞാനും. എന്റെ കുടുംബത്തിന്റെ ആകത്തുകയായി. എല്ലാ നയനങ്ങളും എന്നിൽ കേന്ദ്രീകരിച്ചിരിക്കുകയായിരുന്നു, ആ അണയുന്ന ദീപങ്ങളിൽ എണ്ണ പകരുവാൻ. ആ നീറുന്ന ജീവിതങ്ങളുടെ ആശയും ആശ്വാസവുമെല്ലാം എന്നിൽ നിക്ഷേപിക്കപ്പെട്ടുകഴിഞ്ഞിരുന്നു. വിശാലമായ നീലാകാശത്തിനും നിമ്നോന്നതമായ ഭൂമിക്കും നടുവിൽ ഞാൻ തനിയെ നില്ക്കുകയാണ്......

"ചെക്കനു വല്ല ജോലീം കിട്ടീട്ടുവേണം പെണ്ണിന്റെ കല്യാണം......"

"അവനൊരു തൊഴിൽ കിട്ടട്ടെ...എന്നിട്ടുവേണം......" ഞാൻ നെടുവീർപ്പിട്ടു. എന്റെ ഹൃദയം നീറുകയായിരുന്നു, തീപിടിച്ച ചാണകംകണക്കെ. അങ്ങകലെ കിഴക്കെ ചക്രവാളത്തിൽ പാടലനിറം പരക്കുമ്പോൾ ഇങ്ങു മുറിയുടെ മൂക്കിൽ പിതാവു ചുരുണ്ടുകൂടിയിരുപ്പുണ്ടാകും........

ദിവസങ്ങൾ നീങ്ങുകയായിരുന്നു... ...

അങ്ങു അന്ധകാരത്തിൽ ആണ്ടുകിടക്കുന്ന മനുഷ്യലക്ഷങ്ങൾ! ഇങ്ങു അൾത്താരയിൽ ബന്ധിതനായിക്കഴിയുന്ന ഉണ്ണീശോ! അതിനു നടുവിൽ നെടുവീർപ്പുകളുടെ ഒരു ലോകം. ഹൃദയം പിളർന്നു്, കണ്ണുകൾ കുഴിഞ്ഞു്, ആദരയും പുണർന്നനുഗ്രഹിക്കാൻ കോമളകരങ്ങൾ വീശിച്ചുനില്ക്കുന്ന അംബികയുടെ മുമ്പിൽ എല്ലാം കണ്ടുകൊണ്ടു് ഞാനും. ചിന്തകളെന്നെ വീശന്നു വിവശരായ ക്രൂരസിംഹങ്ങൾ കണക്കേ ചീന്തിക്കീറുകയായിരുന്നു. വിശാലമായ വിശ്വം എനിക്കുചുററും വട്ടംകറങ്ങുന്നപോലെ; തഴച്ചുവളരേണ്ട പ്രപഞ്ചം മുരടിച്ചുനില്ക്കുന്നപോലെ. ഒരുഭാഗത്തു കുടുംബം പുലർത്താൻ അദ്ധ്വാനിക്കുന്ന തൊഴിലാളിയെ കാണുമ്പോൾ മറുവശത്തു വെള്ളവസ്ത്രം ധരിച്ച വൈദികനെയായിരുന്നു ഞാൻ കണ്ടിരുന്നതു്. ഭൂമിയാകെ തിളച്ചുമറിയുകയാണ്.......

ഒരു ദിവസം ഞാനെന്റെ ഹൃദയാഭിലാഷങ്ങളെ പിതാവിനു സമർപ്പിച്ചു. അടക്കാൻ വയ്യാത്ത നിരാശയോടെ അമ്മ വായ്പൊത്തിക്കരഞ്ഞു. അടങ്ങാത്ത കോപത്തോടെ പിതാവു പല്ലിറുമ്മി. ഞാൻ കൈതിരുമ്മി അധോമുഖനായി നിന്നു.

എന്റെ ജീവിതലക്ഷ്യം ചവിട്ടിമെതിക്കപ്പെടുന്നതുപോലെ എനിക്കു തോന്നി. അങ്ങനെ ഞാൻ നിരാശാഗർത്തത്തിലേക്കു നിപതിച്ചു. ആശയുടേയോ ആശ്വാസത്തിന്റേയോ കവാടങ്ങൾ എനിക്കായി തുറക്കപ്പെട്ടില്ല.......

ഒരുദിവസം അപ്പൻ അശ്രദ്ധയോടെ പറഞ്ഞു: "ഉം...പൊയ്ക്കോ......വളത്തീയുണ്ടാക്കീട്ടു് ഇപ്പോ എന്താ ഉപകാരം!.......ഉംഉം.....ആയ്ക്കോ......"

തുടിക്കുന്ന ഹൃദയവും നനഞ്ഞ നയനങ്ങളുമായി ഞാൻ പുറപ്പെട്ടു. ആയിരമായിരം ചിന്താശരങ്ങൾ എന്റെ ഹൃദയത്തിൽ കുത്തിത്തറച്ചു. അമ്മയുടേയോ അപ്പന്റേയോ അനുഗ്രഹാശിസ്സുകളോ പോകട്ടെ, സ്നേഹംനിറഞ്ഞ ഒരു വാക്കെങ്കിലും അവരുടെ അധരങ്ങളിൽനിന്നു പുറത്തുവന്നില്ല. സാഹസികനായ സർക്കസ്സുകാരൻ കണക്കെ ഞാൻ മുന്നോട്ടു നീങ്ങുകയായിരുന്നു......

അന്നൊരുദിവസം മൂകനായി ഞാനതു ശ്രവിച്ചു, അപ്രതീക്ഷിതമായ ആ ദാരുണസംഭവം: "അമ്മ! മരിച്ചു!" ഞാൻ പൊട്ടിക്കരഞ്ഞില്ല. എന്റെ ഹൃദയമിടിച്ചില്ല. അധരങ്ങൾ വിറച്ചില്ല. കാലുകൾ ഇടറിയില്ല. കണ്ണുകളിൽനിന്നും ബാഷ്പകണങ്ങൾ അടർന്നുവീണില്ല. എത്രസമയം ഞാനങ്ങനെ നിന്നുവെന്നു എനിക്കറിയില്ല. ചുററുപാടും എനിക്കദൃശ്യമായിരുന്നു.......

ഞാൻ പാവനമായ ആ മുഖത്തെ അവസാനമായി ഒന്നു ദർശിച്ചു! അതെ, എനിക്കുവേണ്ടി അദ്ധ്വാനിച്ച ആ അമ്മ! രാവും പകലും എനിക്കുവേണ്ടി ഉണർന്നിരുന്ന എന്റെ അമ്മ! എന്നെ പാലൂട്ടിയ എന്റെ അമ്മ! ആയിരംതവണ "രാരിരം"പാടി എന്നെ ഉറക്കിയ എന്റെ അമ്മ! ഹൃദയം കവിഞ്ഞൊഴുകുന്ന സ്നേഹത്തോടെ ആയിരംവട്ടം എന്നെ ഉമ്മവെച്ച എന്റെ അമ്മ! അമ്മ! ആ രണ്ടക്ഷരം എനിക്കു നഷ്ടപ്പെടുകയായിരുന്നു......

"ണോം......ണോം......" ആയിരമിരട്ടി ശബ്ദത്തോടെ അതെന്റെ കാതുകളിൽ വന്നലച്ചു. ഈ പ്രപഞ്ചം മുഴുവനും ആ നാദത്തിൽ അസ്തമിക്കുന്നതുപോലെ എനിക്കുതോന്നി. സിംഹഗർജ്ജനംപോലെ അതെനിക്കനുഭവപ്പെട്ടു. അതു് അന്തരീക്ഷത്തിൽ അലിഞ്ഞുചേർന്നപ്പോൾ, എന്റെ അമ്മ! ആറടിമണ്ണിൽ ആഴുകയായിരുന്നു.

എന്റെ മുഖം കണ്ടതോടെ അപ്പന്റെ മുഖം ചുവന്നുകഴിഞ്ഞിരുന്നു. ആ അധരങ്ങൾ വിറച്ചു. വികാരങ്ങൾക്കടിപ്പെട്ടുകഴിഞ്ഞി

(ശേഷം 8-ാംപേജിൽ)

---

THANKSGIVING



For favours received
A Firm Believer

---

**THE SOUTH INDIAN BANK LTD.**

H. O. TRICHUR. Estd. 1929.

*A SCHEDULED BANK*

| | | |
|---|---|---|
| Authorised Capital | Rs. | 50,00,000 |
| Subscribed " | Rs. | 25,00,000 |
| Paid up " | Rs. | 8,75,000 |
| Reserve & Other Funds | Rs. | 5,65,408 |
| Deposits as on 31-12-'54 | Rs. | 204,87,883 |

SAVINGS BANK DEPOSITS

We offer interest at 3% p. a. on daily balances without limit.

ADVANCES ON GOLD

Allowed on very reasonable terms For particulars please apply

BRANCHES:-

| | | |
|---|---|---|
| ALLEPPEY, | IRINJALAKUDA, | PALGHAT, |
| ALWAYE, | KOLLENGODE, | POLLACHI, |
| COCHIN, | KOZHIKODE, | PONANI, |
| COIMBATORE, | KUNNAMKULAM, | SALEM, |
| ERNAKULAM, | MADRAS, | TIRUPPUR, |
| GOBICHETTI-PALAYAM, | OTTAPALAM, | TRICHUR, |
| | | WADAKKANCHERI |

വിമർശനവീഥി

# കമ്മ്യൂണിസവും മതവും (തുടർച്ച്)

(ജെ. കുഞ്ഞാപ്പറമ്പിൽ എസ്. ജെ.)

സാമ്പത്തിക സ്ഥിതികളാണ് മതത്തെ സൃഷ്ടിച്ചതെന്നും, മനുഷ്യന്റെ കഷ്ടപ്പാടുകളുടെയും ദാരിദ്ര്യത്തിന്റെയും ഫലമായിട്ടാണ് മതമുത്ഭവിച്ചതെന്നുമുള്ള മാർക്സിന്റെ വാദങ്ങൾ ക്രിസ്റ്റഫർ ഡോസ്സൻ അദ്ദേഹത്തിന്റെ പുസ്തകങ്ങളിൽ പലയിടത്തും ഖണ്ഡിക്കുന്നുണ്ട്. അദ്ദേഹം പറയുന്നതുപോലെ മതം മനുഷ്യന്റെ സാമ്പത്തികസ്ഥിതിയെ ഉയർത്തി ഉല്പാദനവേലകളെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. പുരാതന നഗരങ്ങളിലുണ്ടായിരുന്ന ദേവാലയങ്ങളായിരുന്നു എല്ലാ സാമ്പത്തിക പദ്ധതികളുടെയും അസ്ഥിവാരം. സാമ്പത്തികാഭിവൃദ്ധിക്ക് അത്യാവശ്യമായിരുന്ന ധനവും അധികാരവും ഈ ദേവാലയങ്ങൾക്കു മാത്രമേ ഉണ്ടായിരുന്നുള്ളൂ. ലോകത്തിന്റെ പല ഭാഗങ്ങളിലുണ്ടായിരുന്ന ദേവാലയങ്ങളും അതിലെ പുരോഹിതന്മാരും കൃഷിയുടെയും വ്യവസായത്തിന്റെയും പുരോഗമനത്തിനായി ചെയ്തിട്ടുള്ള സഹായങ്ങൾ നിസ്സാരങ്ങളല്ല. ഡോസ്സന്റെ വാക്കിൽ "കൃഷിയെക്കാളും വ്യവസായത്തെക്കാളും പുരാതനം മതവും കലയുമായിരുന്നു."

ഇതുപോലെതന്നെ മതം ശാസ്ത്രങ്ങളുടെ പുരോഗമനത്തിനു വിരുദ്ധമെന്നു കമ്മ്യൂണിസ്റ്റുകാർ പറയുന്നതിൽ യാതൊരു സത്യവുമില്ല. വാസ്തവം നേരെ മറിച്ചാണ്. പുരാതനദേവാലയങ്ങളും അതിലെ പുരോഹിതന്മാരുമാണ് സാഹിത്യപരവും ശാസ്ത്രീയവുമായ പലവിധ പുരോഗമനങ്ങൾക്കും വഴിതെളിച്ചിട്ടുള്ളത്. ഇവരാണ് അക്ഷരങ്ങൾ കണ്ടുപിടിച്ച് എഴുത്തുകലയാരംഭിച്ചത്. മധ്യയുഗങ്ങളിൽ ഗ്രീക്കിലും ലത്തീനിലുമുള്ള പുരാതനഗ്രന്ഥങ്ങൾ സൂക്ഷിച്ചുവച്ച് പിൻതലമുറക്കാർക്ക് പഠിക്കുവാൻ സൗകര്യമുണ്ടാക്കിക്കൊടുത്തവർ ഇവർതന്നെയാണ്. ദേവാലയങ്ങളും അവയോടു ചേർന്നിരുന്ന സന്യാസമന്ദിരങ്ങളും വിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും കേന്ദ്രങ്ങളായി പരിലസിച്ചിരുന്നു. ഈ സന്യാസസഭകളില്ലായിരുന്നെങ്കിൽ വിദ്യാഭ്യാസത്തിനും ശാസ്ത്രത്തിനും അത്രമാത്രം പ്രചാരമോ അഭിവൃദ്ധിയോ ഉണ്ടാവുകയില്ലായിരുന്നു.

സാംസ്കാരികമായും മതം ലോകത്തിനു പ്രദാനം ചെയ്തിട്ടുള്ള നന്മകൾ പലതാണ്. കിരാതജനങ്ങളെ അവരുടെ അജ്ഞതയിൽ നിന്നും അസാന്മാർഗ്ഗിക പ്രവൃത്തികളിൽനിന്നും മനുഷ്യോചിതമായ ജീവിതത്തിലേക്കു കൊണ്ടുവരുവാൻ പ്രധാനമായി ശ്രമിച്ചവർ നിസ്വാർത്ഥരായ പുരോഹിതന്മാർ തന്നെയായിരുന്നു. ഇപ്രകാരം ക്രിസ്ത്വബ്ദം ആദ്യനൂറ്റാണ്ടുകളിൽ യൂറോപ്പിലെ പല രാജ്യങ്ങളിൽ സംസ്കാരത്തിന്റെയും പരിഷ്കാരത്തിന്റെയും വെളിച്ചംകൊളുത്തിയതു കത്തോലിക്കസഭയാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഈ സത്യമതം അവളുടെ നിരവധി മിഷണറിമാർ മൂലം ആ അഭികാമ്യമായ ജോലി ഇന്നും തുടർന്നുകൊണ്ടുവരുന്നു. കത്തോലിക്കാസഭ ലോകത്തിന്റെ നാനാഭാഗങ്ങളിലും പള്ളികളും സന്യാസമന്ദിരങ്ങളും മാത്രമല്ലപണിയുന്നത്, നിരവധി വിദ്യാലയങ്ങളും അനാഥശാലകളും ആശുപത്രികളും പണിതു സമുദായസേവനം എപ്പോഴും അനുഷ്ഠിച്ചുപോരുന്നു. അവളുടെ പുരോഹിതന്മാരിൽ എത്രയോ പേർ സ്വത്തും ബന്ധുമിത്രാദികളെയുമുപേക്ഷിച്ച്, സാധുക്കളുടെ —അതേ തൊഴിലാളികളുടെയും ഹീനജാതിക്കാരുടെയും— അഭ്യുന്നതിക്കായി മിഷ്യൻരംഗങ്ങളിൽ അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇവയെക്കുറിച്ച് അല്പമെങ്കിലും ചിന്തിക്കുന്നവർ മതം പുരോഗമനത്തിനും സംസ്കാരത്തിനുമെതിരെന്ന് ഒരിക്കലും പറയുകയില്ല.

സമുദായത്തിന്റെ അഭിവൃദ്ധിക്കുമാത്രമല്ല രാഷ്ട്രത്തിന്റെ ശരിയായ പ്രവർത്തനത്തിനും മതം അത്യാവശ്യമാണ്. ദൈവത്തെയും മതത്തെയും അംഗീകരിക്കാത്ത രാഷ്ട്രവും സമുദായവും അധികനാൾ നിലനില്ക്കുകയില്ല. പൗരന്മാർ രാഷ്ട്രനിയമങ്ങൾ വേണ്ടവിധം അനുസരിക്കണമെങ്കിൽ ആ നിയമങ്ങൾ രാഷ്ട്രത്തിനു ദൈവം കൊടുത്തിട്ടുള്ള അധികാരത്തിൽനിന്നു വന്നിട്ടുള്ളവയാണെന്ന ബോധം അവർക്കുണ്ടായിരിക്കണം. ന്യായമായ രാഷ്ട്രീയാധികാരികളെ ആദരിച്ച്, അവർ നടപ്പിലാക്കുന്ന നിയമങ്ങൾ പാലിക്കണമെന്നു മതം പഠിപ്പിക്കുന്നു. ഈ സത്യമറിഞ്ഞ നെപ്പോളിയൻ അദ്ദേഹത്തിന്റെ സ്നേഹിതനോടു ഇപ്രകാരം പറയുന്നു: "ഞാൻ അധികാരത്തിൽ വന്ന ഉടൻ മതം പുനഃസ്ഥാപിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. മതത്തെ രാഷ്ട്രത്തിന്റെ അടിസ്ഥാനമായി ഞാൻ കരുതി. സദാചാരവും സത്യതത്വങ്ങളും പരിഷ്കാരവും രാഷ്ട്രത്തിൽ നിലനില്ക്കുന്നതിനു മതമത്യാവശ്യമായി എനിക്കു തോന്നി." ഇന്നത്തെ രാഷ്ട്രീയാസ്വസ്ഥതകൾക്കു പ്രധാന കാരണം പൗരന്മാരും രാഷ്ട്രീയാധികാരികളും മതത്തിനു അർഹിക്കുന്ന പ്രാധാന്യം കൊടുക്കാത്തതും മതനിയമങ്ങളനുസരിച്ച് പ്രവർത്തിക്കാത്തതുമാണ്.

കമ്മ്യൂണിസ്റ്റുകാർ മതത്തിനെതിരായി ചൂണ്ടിക്കാണിക്കുന്ന മറ്റൊരപരാധം മതം വിപ്ലവത്തെ തടയുന്നു എന്നതാണ്. ഇതു ശരിയാണ്. എന്തുകൊണ്ടെന്നാൽ എല്ലാ അധികാരവും ദൈവത്തിൽനിന്നു വരുന്നു. അതിനാൽ ന്യായമായ രാഷ്ട്രീയാധികാരികളെ നാം ബഹുമാനിച്ച് അവരോടു അനുസരണയുള്ളവരായിരിക്കണം. അല്ലാതെ ഈ രാഷ്ട്രീയാധികാരികളെ വെറുക്കുന്നതോ അവർക്കെതിരായി വിപ്ലവങ്ങൾ ആരംഭിക്കുന്നതോ ശരിയല്ല. വിപ്ലവപദ്ധതികൾ സത്യമതം അനുവദിക്കുകയില്ല. ഗവർമ്മെന്റുദ്യോഗസ്ഥന്മാർ സമുദായത്തിനെതിരായി പ്രവർത്തിക്കുകയോ തെറ്റുചെയ്യുകയോ ചെയ്താൽ അവ പരിഹരിക്കുന്നതിനു പ്രജാധിപത്യഭരണം നിലനില്ക്കുന്ന ഇക്കാലത്തു വിപ്ലവംകൂടാതെ മറ്റു പല മാർഗ്ഗങ്ങളുമുണ്ട്.

മുതലാളിമാർ മതത്തിന്റെ പേരിൽ സാധുക്കളെ ഞെരുക്കുന്നു എന്നു പറയുന്നതും മതത്തെ നശിപ്പിക്കുന്നതിനുള്ള കമ്മ്യൂണിസ്റ്റുകാരുടെ മറ്റൊരുപായമാണ്. നേരേമറിച്ച് സാധുക്കളെ ഞെരുക്കിയിട്ടുള്ള മുതലാളിമാർ സത്യമതത്തിനെതിരായി പ്രവർത്തിക്കുകയാണ് ചെയ്തത്. മതം സത്യത്തിനും നീതിക്കും സ്നേഹത്തിനുംവേണ്ടി നില്ക്കുന്നു. മനുഷ്യാത്മാവ് ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നെന്നും, മനുഷ്യരെല്ലാവരും സഹോദരങ്ങളാണെന്നും മതം പഠിപ്പിക്കുന്നു. നമ്മുടെ സഹോദരങ്ങൾക്ക് നമ്മാലാവുന്ന സകല സഹായങ്ങളും ചെയ്തുകൊടുക്കണം. നമ്മുടെ അയൽവാസി ദാരിദ്ര്യത്താൽ കഷ്ടപ്പെടുമ്പോൾ നാം അവന്റെ കഷ്ടപ്പാടുകൾക്കു പരിഹാരമുണ്ടാക്കാതെ സുഖമായി ജീവിക്കുന്നതു നല്ലതല്ലെന്നു മതമുപദേശിക്കുന്നു. ഇപ്രകാരം യാതൊരു ബന്ധവുമില്ലാത്ത നമ്മുടെ അയൽവാസിയെ സഹായിക്കുവാൻ നാം കടപ്പെട്ടവരാണെങ്കിൽ, നമുക്കുവേണ്ടി ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ന്യായമായ കൂലികൊടുക്കാതിരിക്കുന്നതു പാപമാണ്. അതിനാൽ മുതലാളിമാർ തങ്ങളുടെ തൊഴിലാളികൾക്ക് ന്യായമായ കൂലിയും ജോലിചെയ്യുന്നതിനു മറ്റു സൗകര്യങ്ങളും കൊടുക്കാതിരുന്നപ്പോഴെല്ലാം അവർ മതത്തിനും മതനിയമങ്ങൾക്കും എതിരായി പ്രവർത്തിക്കുകയാണ് ചെയ്തിട്ടുള്ളത്. അന്യായമായ പ്രവൃത്തികളാൽ മുതലാളിമാർ ധനം ശേഖരിച്ചിട്ടുണ്ടെങ്കിൽ അതു തൊഴിലാളികളുടെ വകയാണെന്നും അതവർക്കു തിരിയെക്കൊടുക്കണമെന്നും മതം പഠിപ്പിക്കുന്നു. മുതലാളിമാർ സത്യമതാനുയായികളാണെങ്കിൽ അവർ ഒരിക്കലും അന്യന്റെ മുതൽ അപഹരിക്കുകയില്ല. എന്തെങ്കിലുമബദ്ധത്താൽ അങ്ങനെ സംഭവിച്ചാൽ ഉടൻ അവർ ആ ധനം തിരിയെക്കൊടുക്കും.

ഇപ്രകാരം സത്യമതാനുഷ്ഠാനങ്ങളിൽ പ്രതിപത്തികാണിക്കുന്ന സമുദായം സമാധാനത്തിലും ഐശ്വര്യത്തിലും വളരും. ഓരോരുത്തരും അവരുടെ കർത്തവ്യങ്ങൾ ശരിയായി നിർവ്വഹിക്കുകയും മറ്റുള്ളവരുടെ അവകാശങ്ങൾ ആദരിക്കുകയും ചെയ്യും. മാത്രമല്ല, ദൈവസ്നേഹത്താൽ പ്രേരിതരായി ധനവാന്മാർ ധനസഹായംമൂലം സാധുക്കളുടെ സങ്കടങ്ങൾ പരിഹരിക്കുവാൻ മുന്നോട്ടുവരും. അപ്പോൾ മതത്തിന്റെ ശരിയായ രൂപം ജനങ്ങൾക്കു മനസ്സിലാകും. അതൊരിക്കലും മനുഷ്യനെ മയക്കുന്ന കറുപ്പായിരിക്കുകയില്ല. മറിച്ച് മനുഷ്യനെ അവന്റെ സങ്കടങ്ങളിൽനിന്നും ദുരിതങ്ങളിൽനിന്നും സ്വതന്ത്രനാക്കി സന്തോഷത്തിന്റെയും സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും ഐശ്വര്യത്തിന്റെയും ഒരു പുതിയ ലോകത്തിലേക്കു ഉയർത്തുകയായിരിക്കും ചെയ്യുന്നത്.

പല വിദഗ്ദ്ധവൈദ്യന്മാരുടെ അഭിപ്രായപ്രകാരം ഇന്നു അനവധി വ്യക്തികളിൽ കാണുന്ന പലവിധ സുഖക്കേടുകൾക്കു കാരണം അവർ അവരുടെ മതത്തെയും മതാനുഷ്ഠാനങ്ങളേയും ഉപേക്ഷിച്ചതാണ്. ഇതുതന്നെയാണ് സമുദായത്തിൽ കാണുന്ന അസ്വസ്ഥതകൾക്കും കാരണം. അതിനാൽ ഈ പ്രശ്നങ്ങൾക്കെല്ലാം ഒരു പ്രതിവിധിയുണ്ടാകണമെങ്കിൽ മനുഷ്യൻ സത്യമതനിയമങ്ങളനുസരിച്ചു ജീവിക്കണം. മതത്തെ നശിപ്പിക്കണമെന്നു പറയുന്ന കമ്മ്യൂണിസമാണ് സാക്ഷാൽ മനുഷ്യന്റെ കറുപ്പ്. ഈ വസ്തുത മറയ്ക്കുന്നതിനാണ് കമ്മ്യൂണിസ്റ്റുകാർ മതത്തെ മനുഷ്യന്റെ കറുപ്പെന്നു വിളിക്കുന്നത്. സാധുക്കളെ വഞ്ചിച്ച് അവരെ കമ്മ്യൂണിസ്റ്റുകക്ഷിക്കടിമപ്പെടുത്തി ആ കക്ഷിത്തലവന്മാരുടെ ആജ്ഞകൾ അതേപടി നിറവേറ്റുവാൻ ശാസിക്കുന്ന കമ്മ്യൂണിസമാണ് മനുഷ്യനെ മയക്കുന്ന കറുപ്പ്. അപ്രാപ്യമായ കമ്മ്യൂണിസ്റ്റ്സമുദായം സൃഷ്ടിച്ച് സാധുക്കളുടെ കഷ്ടതകളെല്ലാം പരിഹരിക്കാമെന്നുപറഞ്ഞ് അവരെ വഞ്ചിച്ച് വിപ്ലവത്തിനൊരുക്കുന്ന കമ്മ്യൂണിസം മനുഷ്യനെ മയക്കുന്ന കറുപ്പാണ്, സംശയമില്ല.


രണ്ണയും പിടിക്കാത്തവർക്ക്:
നീരിറക്കം.
എണ്ടൽ.
താരൻ.
മൊരിച്ചുണങ്ങ്.
പല്ലുവേദന.
പുഴുക്കടി.
എന്നിവക്കും
അമൃതതൈലം.
കാളൻ ആയുർവ്വേദ ഔഷധശാല, നെല്ലായി.


# ജീവിതം പാഴായോ?

[ജെ. അത്രൂർ]

"Life is real! life is earnest!
And the grave is not its goal"
(Longfellow; A Psalm of Life)

ഒരു ശാസ്ത്രജ്ഞൻ ഒരിക്കലൊരു വിദ്യചെയ്തു. രണ്ടു പട്ടികളെ പിടിച്ച് രണ്ടു കൂടുകളിലായി അടച്ചിട്ടു. എന്നാൽ ഒരു കൂട്ടിൽ അയാൾ ഒരു പ്രത്യേകതകൂടി ചെയ്തു. കുറെ പ്രാണികളെക്കൂടി അതിലേക്കു കടത്തിവിട്ടു. കുറെക്കഴിഞ്ഞില്ല, പ്രാണികളില്ലാതിരുന്ന കൂട്ടിലെ പട്ടി കിടന്നു കുരയ്ക്കുവാനും ഗോഷ്ടികൾ കാണിക്കുവാനും തുടങ്ങി. നേരെമറിച്ച്, പ്രാണികളുമായി മല്ലടിച്ചുകൊണ്ടിരുന്ന പട്ടി യാതൊരൊച്ചപ്പാടുമുണ്ടാക്കാതെ അടങ്ങിയൊതുങ്ങിക്കഴിഞ്ഞു. ശാസ്ത്രജ്ഞൻ ആലോചിച്ചുനോക്കി. യാതൊരു ലക്ഷ്യവുമില്ലാതെ ജീവിതം തള്ളിവിടുന്ന ഒരുവനിൽ കാണുന്ന ഗോഷ്ടികളാണ് അയാൾ ആ കുരയ്ക്കുന്ന പട്ടിയിൽ കണ്ടത്.

"ജീവിതം പാഴായി; ജീവിതം ജീവിക്കുവാൻ പറ്റിയതല്ല; ജീവിതം ബോറടിച്ചുപോകുന്നു; ജീവിതത്തിൽ ഒരു രസവുമില്ല" എന്നൊക്കെ കിടന്നൊച്ചപ്പാടുണ്ടാക്കുന്നവരോടു പറയാനുള്ളത് ഇതുമാത്രമാണ്: ഒരു ലക്ഷ്യവുമില്ലാതെ "കാടുകയറി" ജീവിച്ചിട്ടാണ് ഇപ്രകാരം കിടന്നു മറവിളിയിടുന്നതെന്ന്.

ലക്ഷ്യമില്ലാത്ത ജീവിതം കാറ്റത്തലയുന്ന ഞാങ്ങണപോലെയാണ്. ലക്ഷ്യമില്ലാത്തവൻ ഒരു കർഷകനായിരുന്നെങ്കിൽ അവൻ ഇന്നു നെല്ലുവിതച്ചാൽ, അടുത്തയാഴ്ചയിൽ അതു പറിച്ചുകളഞ്ഞ് അവിടെ കോതമ്പു പാകും, അതിനടുത്തയാഴ്ചയിൽ കോതമ്പു പറിച്ചുകളഞ്ഞ് ചോളം പാകുകയായി. എന്നാൽ ഒരിക്കലും അവൻ കൊയ്യുകയോ വിളവു ശേഖരിക്കയോയില്ല. അവസാനം അസ്വസ്ഥത, വെറുപ്പ്, എന്നുവേണ്ട, ജീവിതത്തെതന്നെ അവൻ പഴിക്കും. ഇതൊക്കെയായാലും അവൻ തനിക്കു പറ്റിയ അമളിയെപ്പറ്റി ചിന്തിക്കുമോ? ഇന്നത്തെ മനുഷ്യരിൽ പലരും ഇത്തരക്കാരാണ്. അപകടങ്ങളുടെ മുമ്പിൽ സ്വയം നിന്നുകൊടുക്കും. ആദർശങ്ങളെന്നതു മിക്കവർക്കുമില്ല; അഥവാ ഉണ്ടെങ്കിൽ അതു കാറ്റിന്റെ ഗതിയനുസരിച്ചു മാറിക്കൊണ്ടിരിക്കും. ഇന്നു ഒരുവൻ ഫ്റോയിഡിന്റെ (Freud) ശാസ്ത്രം സ്വീകരിച്ചെങ്കിൽ അടുത്ത ദിവസം മാർക്സിന്റേതായി. അതിനടുത്തദിവസം സെന്തോമസിന്റേതായി. വീണ്ടും സ്പെൻസറിന്റേതായി. പിന്നീടു കാന്റിന്റേതായി. ഇങ്ങനെ ഒന്നിലും ഒരു നിശ്ചയമോ ലക്ഷ്യമോയില്ലാതെ അലഞ്ഞുകൊണ്ടിരിക്കും. ഫലമോ? അവർ ഒരിക്കലും കൊയ്യുകയില്ല; വിളവൊട്ടു ശേഖരിക്കയുമില്ല. അതോടെ അസ്വസ്ഥത, വെറുപ്പ്, കോപം. ജീവിതത്തെ തന്നെ അവർ പഴിക്കും.

ജീവിതത്തിനു ഒരു ലക്ഷ്യമുണ്ടാകുന്നതോടുകൂടി ജീവിതം ആനന്ദപ്രദമായിത്തീരും. ലക്ഷ്യപ്രാപ്തിയിൽ അവൻ സന്തോഷിക്കുകയുംചെയ്യും. ഒരുവന്റെ പക്കൽ ധാരാളം അസ്ത്രങ്ങളുണ്ടെന്നു കരുതുക. അവയെ ലക്ഷ്യത്തിൽ എയ്തുകൊള്ളിച്ചാൽ അവനൊരു സംതൃപ്തി, ഒരാനന്ദം ഉളവാകുന്നു. നേരെമറിച്ച്, അവൻ യാതൊരു ലക്ഷ്യവുമില്ലാതെ എയ്തുനോക്കട്ടെ. ഫലമോ? അപകടം, ആൾനാശം, അസ്വസ്ഥത, വിപ്ലവം. അവൻ ഏകാകിയായിരുന്നു കരയുകയാണ്:-

"The weariness, the fever and fret
Here, where men sit and hear each other groan."
(Keats, Ode to a Nightingale)

അവൻ നോക്കുന്നിടത്തെല്ലാം ദുഃഖം, വേദന, പരാജയം. തന്റെ പരാജയത്തിന്റെ കാരണം ലക്ഷ്യംതെറ്റിയ ജീവിതമാണെന്നു അവൻ അറിയുന്നേയില്ല. സ്റ്റീഫൻ വിൻസെന്റ് ബനറ്റ് പാടുന്നു:-

"Life is not lost by dying; life is lost
Minute by minute, day by dragging day,
In all the thousand small uncaring ways."
(Stephen Vincent Benet)

ഈ ജീവിതം ഒരുവനെ പാഴാക്കിയെന്നു പറയുന്നതിൽ നല്ലതു ഒരുവൻ ജീവിതത്തെ പാഴാക്കിയെന്നു പറയുന്നതായിരിക്കും. കാരണം, അവനു ജീവിതത്തിൽ ലക്ഷ്യമില്ല.

ജീവിതത്തിൽ ലക്ഷ്യമുണ്ടെങ്കിൽ അതു ഏതായിരിക്കും? ജീവിതലക്ഷ്യത്തെപ്പറ്റി ഒരു ലേഖനം എഴുതുന്ന ഒരാൾക്കു ചില ലക്ഷ്യങ്ങൾ ഉണ്ടായെന്നു വരാം.

(ശേഷം 10-ാം പേജിൽ)


തൈക്കാട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.


Reg. M. No. 2293

# Sathya Deepam

Vol. 28 | Ernakulam, July 20 1955 | No. 47




# ബാലരംഗം



## "കൊച്ചുപുണ്യവാൻ"

### വിശുദ്ധ ഡോമിനിക്ക് സാവിയോ


പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

നമ്മുടെ മാതൃകയായ കുഞ്ഞുദോമിനി കൊച്ചുചെറുപ്പത്തിലെ ആരുടേയും മുഖം നോക്കാതെ നല്ല കാര്യങ്ങൾ ഈശോയെപ്രതി ചെയ്തിരുന്നു. ബാലികാബാലന്മാരുടെ ജീവിതപരിശീലനത്തിൽ വലിയൊരു കാര്യമാണിതു്. നമ്മുടെ വിശ്വാസത്തെപ്പററി ആത്മാഭിമാനമുള്ളവരാകുന്നതിനു്, മതാചരണങ്ങൾ പരസ്യമായി അനുഷ്ഠിക്കുന്നതിനു്, മതതത്വങ്ങളെപ്പററിയും സൽകൃത്യങ്ങളെപ്പററിയും അവസരം കിട്ടുമ്പോൾ മററുള്ളവരെ ഉൽബോധിപ്പിക്കുന്നതിനു് നാം തയ്യാറായിരിക്കണം. അങ്ങിനെയാണു് നാം ക്രിസ്തുവിൻെറ കൊച്ചുയോദ്ധാക്കളാകുന്നതു്. ദോമിനി ദേവാലയത്തിൻെറ മുമ്പിൽക്കൂടി കടന്നുപോകുമ്പോൾ ആചാരം ചെയ്തിരുന്നു. ചീത്തവാക്കുകൾ പറഞ്ഞിരുന്ന വൃദ്ധനെ സ്നേഹപൂർവ്വം ഉപദേശിച്ചു. ചിലതെല്ലാം നമുക്കും ചെയ്യരുതോ?

വല്യേട്ടൻ



സഹപാഠി:-"ദോമിനീ, അവിടെ നോക്കൂ! ആ ഡാൻസു കണ്ടോ? നമുക്കും കുറച്ചുനേരം അതു കാണാം."
ദോമിനി:- "കഷ്ടം! പൈശാചികമായ ഈ കൂത്താട്ടം കാണാനാണോ ദൈവം നമുക്കു കണ്ണുതന്നിരിക്കുന്നതു്. എനിക്കതു കാണുകയും കേൾക്കുകയും വേണ്ട."



വൃദ്ധ:-"കുഞ്ഞേ, ഈ ചെളിയിൽമുട്ടുകുത്തി ഉടുപ്പുവൃത്തികേടാക്കേണ്ടയാവശ്യമില്ല."
ദോമിനി:-"വിശുദ്ധകുർബാനയിൽ എഴുന്നരുളുന്ന ഈശോയെ ആരാധിക്കുന്നതിൽ ഉടുപ്പാണോ കാര്യമാക്കേണ്ടതു്? സാർ എൻെറ തുവാലയിൽ മുട്ടുകുത്തിക്കൊള്ളുക."

## 31-ാം നമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറപേർ—"ബാലരംഗം"

## പ്രശ്നം നമ്പ്ര് 32

(മോളി വക്കി, വാഴക്കുളം
വയസ്സ് 14)

മൂന്നക്ഷരമുള്ള മൂന്നു പദങ്ങൾ കണ്ടുപിടിക്കുക:-

| | | |
|---|---|---|
| 1 | 2 | 3 |
| 2 | 4 | 5 |
| 3 | 5 | 6 |

ഓരോ അക്കത്തിനും ഓരോ അക്ഷരം എഴുതുക. നെടുകേയും കുറുകേയും വായിച്ചാൽ ഒരേ വാക്കുകൾ തന്നെ ആയിരിക്കണം കിട്ടുന്നതു്.

(സാമ്പിൾ ഉത്തരങ്ങൾ അടുത്തതിൽ. പല ഉത്തരങ്ങൾ കണ്ടുപിടിക്കാവുന്നതാണു്.)

ചെറുകഥ

## പറന്നുപോയ മാടപ്രാവു്

(തോമസ് പി. എക്സ്. വാഴപ്പള്ളി. വയസ്സ് 15)

ഒരു സുപ്രഭാതം. കിളികൾ വൃക്ഷശാഖകളിലിരുന്നു അവ്യക്തമായ ചില ഗീതങ്ങൾ ആലപിക്കുകയായിരുന്നു. ശീതവാഹിയായ മന്ദമാരുതനിൽ നെൽച്ചെടികൾ അന്യോന്യം ആലിംഗനം ചെയ്തിരുന്നു. കൊച്ചുരുവി "കള കള"ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് ആ ഗ്രാമപ്രദേശത്തിലൂടെ കടന്നുപോയി. പ്രഭാതപ്രകാശമേററു് സസ്യജാലങ്ങൾ തിളങ്ങി.

ഒരു ശിശുവിൻെറ മൃദുലമായ വിലാപം ആ പ്രദേശത്തു മാറെറാലിക്കൊണ്ടു. അരുവിയിൽ കളിച്ചുകൊണ്ടിരുന്ന മാത്യു ശിശുവിൻെറ അടുക്കലേക്കോടി.

അവൻെറ സ്നേഹസർവ്വസ്വമായ ആ കനകവിഗ്രഹം കരയുന്നതു അവനു സഹിക്കുവാൻ കഴിഞ്ഞില്ല. അവൻ ജോയിയെ വാരിയെടുത്തു് അവൻെറ നിറുകയിൽ ചുംബിച്ചു. ജോയി ചിരിച്ചു, മാത്യുവും.

ദിവസങ്ങൾ ആഴ്ചകളായും, ആഴ്ചകൾ മാസങ്ങളായും, മാസങ്ങൾ വർഷങ്ങളായും കടന്നുപോയി. ജോയിക്കിപ്പോൾ വയസ്സു രണ്ടു കഴിഞ്ഞിരിക്കുകയാണു്.

അന്നൊരു വെള്ളിയാഴ്ചയായിരുന്നു. മാത്യുവിൻെറ സ്നേഹധാമം രോഗബാധിതനായിരിക്കുകയാണു്—ബാലപീഡ. ചികിത്സകൾ പലതുനടന്നു. നാട്ടുചികിത്സയായിരുന്നു ആദ്യത്തെപ്പടി. പിന്നീടു് ഇംഗ്ലീഷ്, ഹോമിയോപ്പതി എന്നിവയും കഴിഞ്ഞു. പിന്നേയും നാട്ടുവൈദ്യമാണു്. ഇടയ്ക്കിടയ്ക്കു് കൂടുതലും കുറവുമായി ദിവസങ്ങൾ കടന്നുപോയി.

പതിവുപോലെ അന്നും മാത്യു സ്കൂളിൽപോയി. അവൻപിരീഡുകൾ എണ്ണിയിരിക്കയാണു്. മൂന്നാമത്തെ പീരിഡിൻെറ മദ്ധ്യമായി. മാത്യുവിൻെറ ചിന്തകൾ എങ്ങോ പറക്കുകയാണു്. ബോർഡിൽ എഴുതുന്ന ചോക്കിൻെറ ദീനരോദനം ജോയിയുടെ ഞരക്കങ്ങൾപോലെ അവൻെറ ഹൃദയത്തിൽ പ്രതിദ്ധ്വാനിച്ചു. ഒരപരിചിതൻ ക്ലാസിൽ കയറിവന്നു. അയാൾ സാറുമായി എന്തോ മന്ത്രിച്ചു. മാത്യുവിനു വീട്ടിൽ പോകുവാൻ അദ്ധ്യാപകൻ അനുമതി നൽകി. അവനു കാര്യം മനസ്സിലായി. അവൻെറ കണ്ണുകളിൽ ചുടുബാഷ്പം നിറഞ്ഞു. അവൻെറ വീട്ടിലേക്കുള്ള ലക്കില്ലാത്ത പോക്കിനു് വഴിയരികിലുള്ള വൃക്ഷങ്ങളും, കയ്യാലകളും മൂകസാക്ഷികളായി നിലകൊണ്ടു.

മാത്യു വീട്ടിലെത്തി, കണ്ണുനീരാലും ഏങ്ങലടികളാലും നിറഞ്ഞ ഭവനം. അവൻ വിങ്ങി വിങ്ങി കരഞ്ഞു.

നേരം നാലുമണിയായി. സൂര്യൻ തൻെറ ചെങ്കതിരുകളെ അവസാനമായി ആ കനകവിഗ്രഹത്തിൻെറമേൽ പതിച്ചു. പള്ളിയിൽ നിന്നും കുരിശുകളും, കുടയും, ദർശനവും, അച്ചനുമെല്ലാം വന്നുകഴിഞ്ഞു. ചുരുങ്ങിയ കർമ്മങ്ങൾക്കുശേഷം, ഒരു മാലാഖയെപ്പോലെ അണിയിച്ചൊരുക്കിയിരുന്ന ആ വെള്ളപ്രാവിനെ ചിലർ എടുത്തു. പടിഞ്ഞാറെ വഴിയരികിൽനിന്നും ചില ബാൻറുമേളങ്ങൾ മുഴങ്ങി.

ആ ഘോഷയാത്രയ്ക്കു സാക്ഷികളായി പിറകെ പലരും നടകൊണ്ടു. കണ്ണുനീരാൽ നനഞ്ഞ മുഖവുമായി മാത്യുവും. ഘോഷയാത്ര പള്ളിമതിൽക്കെട്ടിലേക്കു കയറി. നിയുക്തമായ ശവക്കുഴിയിൽ അവൻെറ ജോയിയെ വച്ചു. മണ്ണു തരികളായും, കൂനകളായും പെട്ടിപ്പുറത്തേക്കു വീണു. ആകാശം ഇടിഞ്ഞുവീഴുകയോ, ഇടിവെട്ടുകയോ, കൊടുങ്കാററൂതുകയോ എന്തോക്കെ മാത്യുവിൻെറ ഹൃദയത്തിലുണ്ടായി!

അവൻെറ ആയിരമായിരം മൊട്ടിട്ട ആശകൾ നശിച്ചു! അവനറിയാതെതന്നെ മേല്പോട്ടു നോക്കി. മാത്യു കണ്ടു, ഒരു വെള്ളപ്രാവു അങ്ങു് മാനത്തിനിടയിലേക്കു പറന്നുകയറുന്നതു്.

## വിനോദവീഥി



ശ്ശ്. ഏമാന്നുണരുകഴിഞ്ഞെന്തോ ഗൗരവായിട്ടാലോചിച്ചിരിക്കാണു്. ഇപ്പോഴകത്തുപോവാനൊക്കില്ല.

* * *

മദ്ധ്യവയസ്കയായ ഒരതിഥിയോടു കുട്ടി കുശലം ചോദിക്കയാണു്:- "നിങ്ങളുടെ കൊച്ചു പെൺകുഞ്ഞിനു സുഖമാണോ?"

അതിഥി-: "എനിക്കു പെൺകുഞ്ഞില്ലല്ലോ മകളേ."

കുട്ടി-: എന്നാൽ നിങ്ങളുടെ ആൺകുഞ്ഞിനോ?"

അതിഥി-: "എനിക്കാൺകുഞ്ഞുമില്ലല്ലോ."

കുട്ടി-: "പിന്നെ നിങ്ങളുടേതു എന്തുകുഞ്ഞുങ്ങളാ?"

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1